
വാല്യം 07
ഇഷ്യൂ 02

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം









നിയമധ്വനിയുടെ
മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ
ലഭ്യമാണ്

***https://lawsect.kerala.gov.in***

കേരളസർക്കാർ
നിയമവകുപ്പ്

# നിയമധ്വനി

കേരളസർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം


പത്രാധിപസമിതി

ചീഫ് എഡിറ്റർ
**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

എഡിറ്റർ
**എൻ. ജ്യോതി**
അഡീഷണൽ നിയമസെക്രട്ടറി

അംഗങ്ങൾ
**കെ. പ്രസാദ്**
ജോയിന്റ് സെക്രട്ടറി

**സജ്ജാദ്. എസ്.**
സെക്ഷൻ ഓഫീസർ

**സൈജു. കെ. എ**
ലീഗൽ അസിസ്റ്റന്റ്

**അനന്ത കൃഷ്ണൻ. എ. കെ**
ലീഗൽ അസിസ്റ്റന്റ്



പുറം താൾ രൂപകൽപ്പന
**രൂപകൽപന വിഭാഗം**
അച്ചടി വകുപ്പ്, ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം

അച്ചടി
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം


മുഖചിത്രം
**ജസ്റ്റിസ് ശ്രീ. ആശിഷ് ജിതേന്ദ്ര ദേശായി**
കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്

മാന്യവായനക്കാരുടെ
വിലയേറിയ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും അറിയിക്കുക


വിലാസം

നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം 685 001

**ഫോൺ**
04712517064, 04712517066

email.id:so.olpc.law@kerala.gov.in



കേരള സർക്കാർ
നിയമവകുപ്പ്

തിരുവനന്തപുരം
23-11-2023

# പ്രസാധകക്കുറിപ്പ്

നിയമഭാഷ കഠിനവും സങ്കീർണ്ണവുമാണെന്നാണ് സമൂഹത്തിന്റെ പൊതുവെയുള്ള വിലയിരുത്തൽ. ഇതിൽ കുറച്ച് വാസ്തവമുണ്ടെങ്കിലും വിധിന്യായത്തിലെ ഭാഷയിലും പദപ്രയോഗങ്ങളിലും സങ്കീർണ്ണതകൾ ഒഴിവാക്കി സാധാരണക്കാരനുകൂടി മനസ്സിലാകുന്ന രൂപത്തിൽ ധാരാളം വിധിന്യായങ്ങൾ ഇപ്പോൾ കോടതികൾ പുറപ്പെടുവിക്കുന്നുണ്ട്. ഭരണത്തിന്റെ സർവ്വതലങ്ങളിലും മലയാളഭാഷയുടെ പ്രയോഗം സാർവ്വത്രികമാക്കുക എന്നതാണ് സർക്കാരിന്റെ നയം. ആയതിനായി കരുതലോടെയുള്ള പല പരിശ്രമങ്ങളും നടന്നുവരുന്നുണ്ട്. അവശ്യമേഖലകളിൽ മാത്രമായി ആംഗലേയഭാഷയുടെ ഉപയോഗം പരിമിതപ്പെടുത്തിക്കൊണ്ട് ഭരണത്തിന്റെ സർവ്വമേഖലകളിലും മലയാളഭാഷാപ്രയോഗം ഊർജ്ജിതമാക്കുവാനും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും സഹായങ്ങളും സുതാര്യമായി ഏവർക്കും പ്രാപ്യമാകാനും ശ്രദ്ധിക്കണം. കോടതിഭാഷ മലയാളമാക്കാനുള്ള പരിശ്രമങ്ങൾ ജാഗ്രതയോടെ പുരോഗമിക്കുകയാണ്. ഹൈക്കോടതികളിലേയും സുപ്രീംകോടതിയിലേയും സുപ്രധാന വിധികൾ ഉൾക്കൊള്ളിച്ച് നിയമവകുപ്പ് പ്രസിദ്ധീകരിക്കുന്ന '**നിയമധ്വനി**' യിൽ ഭാഷയിലെ ഘടനാപരവും വസ്തുതാപരവുമായ പിശകുകൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കാറുണ്ട്. സ്ഥിരം പംക്തികൾക്കു പുറമേ 'വേറിട്ട വിധികൾ, നിയമപരിചയം, സുപ്രധാനവിധികൾ ഒറ്റ നോട്ടത്തിൽ, നിയമപ്രകാരമുള്ള അധികാര സ്ഥാപനങ്ങളെ പരിചയപ്പെടുത്തുന്ന പംക്തി, വിജ്ഞാനലോകം' തുടങ്ങിയവ ഉൾപ്പെടുത്തിയാണ് പുതിയലക്കം 'നിയമധ്വനി' തയ്യാറാക്കിയിരിക്കുന്നത്.

'നിയമധ്വനി' യെ കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ വിലപ്പെട്ടതാണ്. ഭാഷാപ്രയോഗത്തിലെ പിഴവുകളോ മെച്ചപ്പെട്ട പദപ്രയോഗങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

നിയമവകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

# ഉൾത്താളുകളിൽ


പേജ്

**I. സുപ്രീംകോടതി വിധിന്യായങ്ങൾ** **03**

1. സീമന്ത് കുമാർ സിംഗ് v. മഹേഷ് പി.എസും മറ്റുള്ളവരും ........ 05
2. മാത്യു അലക്സാണ്ടർ v. മുഹമ്മദ് ഷാഫിയും മറ്റൊരാളും ........ 15
3. ഡിസ്ട്രിക്ട് ബാർ അസോസിയേഷൻ, ഡെറാഡൂൺ v. ഈശ്വർ ഷാൻഡില്യയും മറ്റുള്ളവരും ........ 21

**II. ഹൈക്കോടതി വിധിന്യായങ്ങൾ** **24**

1. എക്സ് വൈ V. ആരുമില്ല ........ 25
2. മുഹമ്മദ് കബീർ V. പത്തനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മറ്റൊരാളും ........ 28
3. രേവതി.എം V. സനോജ് ........ 32
4. കെ. ആർ. സന്തോഷ് V. തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറും മറ്റുള്ളവരും ........ 36

**III. സുപ്രീംകോടതി വിധി : സംക്ഷിപ്തം** ........ **39**

1. ഇളവരാസൻ v. പോലീസ് സൂപ്രണ്ടും മറ്റുള്ളവരും ........ 40
2. ഗുജറാത്ത് സംസ്ഥാനം V. ചൂഢാമണി പരമേശ്വരൻ അയ്യരും മറ്റൊരാളും ........ 44
3. യൂണിവേഴ്സൽ സോംപോ ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് V. സുരേഷ് ചന്ദ് ജെയിനും മറ്റൊരാളും ........ 46

**IV. സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ** **48**

1. മുരളീധരൻ നായർ V. ആർ.ഡി.ഒ ........ 49
2. വിഷ്ണു V. കേരള സംസ്ഥാനം. ........ 49
3. പൂങ്ങോട്ടിൽ പ്രസാദ് V. മേലാറ്റൂർ ഗ്രാമപഞ്ചായത്തും മറ്റൊരാളും ........ 50
4. ചാണ്ടി സാമുവൽ V. സൈമൺ സാമുവലും മറ്റൊരാളും ........ 51
5. കേരള സർക്കാരും മറ്റൊരാളും V. ജോസഫും മറ്റുള്ളവരും ........ 52
6. സംസ്ഥാന സർക്കാർ V. നവനീത്കൃഷ്ണൻ ........ 53
7. എൻ. അനിൽകുമാർ V. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും ........ 54
8. അരവിന്ദ് സിംഗ് രാജ്പുത് V. ഇൻസൈറ്റ് ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡും മറ്റുള്ളവരും ........ 55

**V. ലേഖനങ്ങൾ** **56**

1. ഗാർഹിക പീഡന നിരോധന നിയമം, 2005-പ്രധാന സവിശേഷതകൾ (ജസ്റ്റിസ് കെ. എബ്രഹാം മാത്യു, കേരള ഹൈക്കോടതി മുൻജഡ്ജി) ........ 57
2. സ്വവർഗ്ഗവിവാഹവും നിയമസാധുതയും (ശ്രീ. ദിപിൻ റോയ് എസ്.എൽ, അസിസ്റ്റന്റ് ലീഗൽ ഓഫീസർ) ........ 61
3. ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം ആത്മഹത്യാശ്രമം നിലവിൽ ഒരു കുറ്റകൃത്യമാണോ? (ശ്രീ. അനന്ത കൃഷ്ണൻ എ.കെ, ലീഗൽ അസിസ്റ്റന്റ്) ........ 68

**VI. വേറിട്ടവിധികൾ** ..... **72**

1. വീട്ടുജോലിയുടെ ഭാരം ഭർത്താവും ഭാര്യയും വഹിക്കണം: ബോംബെ ഹൈക്കോടതി ..... 73
2. ജീവനാംശസംഖ്യ തീരുമാനിക്കുമ്പോൾ ഭാര്യയെ ആശ്രയിച്ചു കഴിയുന്ന വളർത്തുനായ്ക്കൾക്ക് വരുന്ന ചെലവ് കൂടി പരിഗണിക്കാമെന്ന് മുംബൈ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതി ..... 74
3. മൃഗങ്ങൾക്ക് മൗലികാവകാശങ്ങളില്ല – സുപ്രീം കോടതി ..... 75

**VII. നിയമപരിചയം** ..... **77**

**VIII. നിയമപ്രകാരമുള്ള അധികാരസ്ഥാപനങ്ങൾ : മനുഷ്യാവകാശ കമ്മീഷൻ** ..... **83**

**IX. നിയമപദപരിചയം** ..... **91**

**X. നിയമസൂക്തങ്ങൾ** ..... **93**

**XI. മാനകപദാവലി** ..... **96**

**XII. നിയമലോകം** ..... **99**

**XIII. വിജ്ഞാനലോകം** ..... **104**

**XIV. പതിനഞ്ചാം കേരളനിയമസഭയുടെ 8–ഉം 9–ഉം സമ്മേളനങ്ങളിൽ അവതരിപ്പിച്ച ബില്ലുകളും അവയിൽ ആക്റ്റ് ആയവയും** ..... **107**

**XV. നിയമവകുപ്പുവാർത്തകൾ** ..... **109**



# സുപ്രീം കോടതി വിധിന്യായങ്ങൾ

## സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് കൃഷ്ണ മുരാരി**

**&**

**ബഹു. ജസ്റ്റിസ് അഹ്സനുദ്ദീൻ അമാനുള്ള**

ക്രിമിനൽ അപ്പീൽ നം. ___ / 2023

(എസ്. എൽ. പി [ക്രിമിനൽ] നം.6572/2022-ൽ നിന്നുത്ഭവിച്ചത്)

**സീമന്ത് കുമാർ സിംഗ്** – അപ്പീൽവാദി

v.

**മഹേഷ് പി. എസും മറ്റുള്ളവരും** – എതിർകക്ഷികൾ

( 21.03.2023-ന് വിധിപ്രസ്താവിച്ചത്)

അതിനോടൊപ്പം

ക്രിമിനൽ അപ്പീൽ നം. ___ / 2023

(എസ്. എൽ. പി [ക്രിമിനൽ] നം.6253/2022-ൽ നിന്നുത്ഭവിച്ചത്)

**കർണ്ണാടക സംസ്ഥാനം** – അപ്പീൽവാദി

v.

**മഹേഷ് പി. എസും മറ്റൊരാളും** – എതിർകക്ഷികൾ

അതിനോടൊപ്പം

ക്രിമിനൽ അപ്പീൽ നം. ___ / 2023

(എസ്. എൽ. [ക്രിമിനൽ] നം.6573/2022-ൽ നിന്നുത്ഭവിച്ചത്)

**മഞ്ജുനാഥ്** – അപ്പീൽവാദി

v.

**കർണ്ണാടക സംസ്ഥാനവും മറ്റുള്ളവരും**– എതിർകക്ഷികൾ

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ജുഡീഷ്യൽ സംവിധാനത്തിലെ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത സുതാര്യത വലിയ നേട്ടങ്ങൾ കൊണ്ടുവരുമ്പോഴും, അത് കോടതി നടപടി നടത്തുന്ന വേളയിൽ ജഡ്ജിമാരിൽ ഉത്തരവാദിത്വത്തിന്റെ കർശനമായ മാനദണ്ഡവും കൂട്ടിച്ചേർക്കുന്നു. കോടതി നടപടികളുടെ തത്സമയ സംപ്രേക്ഷണം കാരണം കോടതി പരാമർശങ്ങൾക്ക് ഇപ്പോൾ നിലവിലെ കേസിൽ കാണാൻ കഴിയുന്നതുപോലെ, അതിൽ ഉൾപ്പെട്ടിരിക്കുന്ന കക്ഷികളുടെ സൽപ്പേരിന് വലിയ കോട്ടമുണ്ടായേക്കാവുന്ന ദൂരവ്യാപകമായ പരിണിതഫലങ്ങളുണ്ട്. അത്തരമൊരു സാഹചര്യത്തിൽ, ഒരു കേസിൽ ഉൾപ്പെട്ട കക്ഷികൾക്കെതിരെ

**പ്രതികൂലമായ പരാമർശങ്ങൾ നടത്തുമ്പോൾ കോടതികൾ അതീവ ജാഗ്രത പാലിക്കേണ്ടതും, ശരിയായി ന്യായീകരിക്കാൻ കഴിയുന്നതുപോലെ ചെയ്യേണ്ടതും, കൂടാതെ നീതി നിറവേറ്റാൻ ആവശ്യമെങ്കിൽ മാത്രം ചെയ്യേണ്ടതുമാണ്.**

**വിധിന്യായം**

**ജസ്റ്റിസ് കൃഷ്ണ മുരാരി**

അനുമതി നൽകി.

2. അപ്പീൽവാദികൾക്കെതിരെ പ്രതികൂല പരാമർശങ്ങൾ നടത്തിയും, അപ്പീൽവാദികളിൽ ഒരാളുടെ മുൻകാലം അന്വേഷിക്കാൻ സി.ബി.ഐക്ക് നിർദ്ദേശം നൽകിയും 2022-ലെ ക്രിമിനൽ പെറ്റീഷൻ നമ്പർ 4909-ൽ 07.07.2022-ന് ബംഗലൂരുവിൽ സ്ഥിതിചെയ്യുന്ന കർണാടക ഹൈക്കോടതിയിലെ സിംഗിൾ ജഡ്ജി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിനെതിരെയാണ് നിലവിലെ മൂന്ന് അപ്പീലുകളും സമർപ്പിച്ചിരിക്കുന്നത്.

3. 2022-ലെ എസ്. എൽ. പി. [ക്രിമിനൽ] നം.6253-ലെ അപ്പീൽവാദി കർണാടക സംസ്ഥാനവും (ഇനി മുതൽ ഒന്നാം അപ്പീൽവാദി എന്ന് പരാമർശിക്കപ്പെടും) 2022-ലെ എസ്. എൽ. പി. നം. 6572-ൽ അപ്പീൽവാദി 26 വർഷത്തെ സേവനമുള്ള സീനിയർ IPS ഓഫീസറും നിലവിലെ അഴിമതി വിരുദ്ധ ബ്യൂറോയിലെ എ.ഡി.ജി.പിയുമായ സീമന്ത് കുമാറും (ഇനിമുതൽ രണ്ടാം അപ്പീൽവാദി എന്ന് പരാമർശിക്കപ്പെടും) ആണ്. ബാംഗ്ലൂർ നഗരത്തിന്റെ ജില്ലാ കളക്ടർ ജെ. മഞ്ജുനാഥാണ് 2022-ലെ എസ്. എൽ. പി. [ക്രിമിനൽ] നം.6573-ലെ അപ്പീൽവാദി (ഇനിമുതൽ മൂന്നാം അപ്പീൽവാദി എന്ന് പരാമർശിക്കപ്പെടും). മഹേഷ് പി. എസ്. എതിർകക്ഷിയാണ് (ഇനിമുതൽ ഒന്നാം എതിർകക്ഷി എന്ന് പരാമർശിക്കപ്പെടും).

4. ചുരുക്കി പറഞ്ഞാൽ, കൈക്കൂലി വാങ്ങിയതായി ആരോപിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥനായ ഒന്നാം എതിർകക്ഷിയുടെ ജാമ്യ നടപടികൾ നിലവിലിരിക്കെ, ഹൈക്കോടതി 07.07.2022-ലെ ചോദ്യം ചെയ്യപ്പെട്ട ഇടക്കാല ഉത്തരവിലൂടെ മേൽപറഞ്ഞ ജാമ്യ നടപടികളിൽ ഭാഗമല്ലാത്ത അപ്പീൽവാദികൾക്കെതിരെ പ്രതികൂലമായ പരാമർശങ്ങൾ നടത്തിയതാണ് നിലവിലെ അപ്പീലുകളുടെ പ്രസക്തമായ വസ്തുതകൾ.

5. 20.05.2022-ന്, വിവരം കൊടുത്തയാളിൽ നിന്ന് കൈക്കൂലി ആവശ്യപ്പെട്ട ആരോപണത്തിന്മേൽ ഇതിലെ ഒന്നാം എതിർകക്ഷിക്കെതിരെ അഴിമതി നിരോധന നിയമത്തിലെ 7(എ) വകുപ്പ് പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. ഇതിനെ തുടർന്ന് ഒന്നാം എതിർകക്ഷിയെ കസ്റ്റഡിയിലെടുത്തു.

6. പിന്നീട് ക്രിമിനൽ നടപടി നിയമ സംഹിതയുടെ 439-ാം വകുപ്പ് പ്രകാരം ഒന്നാം എതിർകക്ഷി ഹൈക്കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിച്ചു. പ്രസ്തുത കേസിൽ ഹൈക്കോടതി നോട്ടീസ് അയക്കുകയും കൂടാതെ 22.06.2022-ന്, ജാമ്യ നടപടികൾക്കിടെ, അപ്പീൽവാദികളോട് കോടതിയിൽ ഹാജരാകണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി വാക്കാൽ സമൻസ് നൽകി. ഒന്നും രണ്ടും അപ്പീൽവാദികളെ പ്രസ്തുത കേസിൽ പ്രതികളാക്കിയിട്ടില്ലെന്നും ജാമ്യ നടപടികളുമായി യാതൊരുവിധ ബന്ധവുമില്ലെന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടകാര്യമാണ്.

7. അതേ ജാമ്യ നടപടികളിൽ, 04.07.2022-ന്, അപ്പീൽവാദികൾക്കെതിരെ ഹൈക്കോടതി പ്രതികൂല പരാമർശങ്ങൾ നടത്തി. ഹൈക്കോടതിയുടെ ഈ പരാമർശങ്ങൾ മാധ്യമങ്ങളിൽ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുകയും അപ്പീൽവാദികളുടെ സൽപ്പേരിന് ഹാനി ഉണ്ടാവുകയും ചെയ്തു.

8. തുടർന്ന്, 07.07.2022-ൽ, അപ്പീൽവാദികൾക്കെതിരെ കൂടുതൽ പ്രതികൂലമായ പരാമർശങ്ങൾ നടത്തുന്നതിനിടെ, ഹൈക്കോടതി രണ്ടാം അപ്പീൽവാദിയെ കേൾക്കാതെ ആ അപ്പീൽവാദിക്കെതിരെ നടത്തിയ മുൻകാല അന്വേഷണങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കാൻ സി.ബി.ഐ യോട് നിർദ്ദേശിച്ചു.

9. പ്രാഥമിക അന്വേഷണത്തിന് ശേഷം മുകളിൽ സൂചിപ്പിച്ച കേസിൽ മൂന്നാം അപ്പീൽവാദിയെ പ്രതി ചേർത്ത കാരണം മൂന്നാം അപ്പീൽവാദി മറ്റ് അപ്പീൽവാദികളിൽ നിന്നും അൽപ്പം വ്യത്യസ്ത നിലയിലാണെന്നത് പ്രധാനമായും ശ്രദ്ധിക്കേണ്ട സംഗതിയാണ്. എന്നിരുന്നാലും, ആരോപിക്കപ്പെട്ട പ്രസ്തുത കുറ്റകൃത്യത്തിൽ പ്രതിയാണെങ്കിലും ഹൈക്കോടതിയിലെ മുകളിൽ സൂചിപ്പിച്ച ജാമ്യ നടപടികളിൽ മൂന്നാം അപ്പീൽവാദി കക്ഷിയായിരുന്നില്ല എന്ന കാര്യം അതേ സമയം മനസ്സിലുണ്ടായിരിക്കണം.

10. ഹൈക്കോടതി തങ്ങൾക്കെതിരെ നടത്തിയ പരാമർശങ്ങൾ നീക്കം ചെയ്യണം എന്ന് ആവശ്യപ്പെട്ടാണ് അപ്പീൽവാദികൾ ഈ കോടതി മുമ്പാകെ നിലവിലെ അപ്പീലുകൾ സമർപ്പിച്ചിരിക്കുന്നത്

## നിലവിലെ അപ്പീലുകളെ സംബന്ധിച്ച ചോദ്യങ്ങൾ

11. നിലവിലെ അപ്പീലുകളിൽ അപ്പീൽവാദികൾക്കെതിരെ ഹൈക്കോടതി നടത്തിയ പ്രതികൂല പരാമർശങ്ങളും ഇതിനെതുടർന്നു രണ്ടാം അപ്പീൽവാദിക്കെതിരെ സി.ബി.ഐ യുടെ അഭിഭാഷകന് നൽകിയ നിർദ്ദേശങ്ങളും മാത്രമാണ് ഞങ്ങൾ പരിഗണിക്കുന്നത് എന്ന് തുടക്കത്തിൽ തന്നെ വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഒന്നാം എതിർകക്ഷിയുടെ ജാമ്യത്തിനുവേണ്ടിയുള്ള സാരവത്തായ (substantive) പ്രാർത്ഥന ഈ കോടതി ഇപ്പോൾ പരിഗണിക്കുന്നില്ല, കൂടാതെ ഇതിനുവേണ്ടിയുള്ള നടപടികൾ ഹൈക്കോടതിയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്.

12. മേൽപ്പറഞ്ഞ നടപടികളുടെ പശ്ചാത്തലത്തിൽ, നിലവിലെ അപ്പീലുകളിലെ രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ഈ കോടതി ഇപ്പോൾ ഉത്തരവാദപ്പെട്ടിരിക്കുന്നു:

I. ഒന്നാം എതിർകക്ഷിയുടെ ജാമ്യ നടപടികളിൽ അപ്പീൽവാദികൾക്കെതിരെ ഹൈക്കോടതി നടത്തിയ പ്രതികൂല പരാമർശങ്ങൾ നീക്കം ചെയ്യാൻ ബാധ്യസ്ഥമാണോ ?

II. ഒന്നാം എതിർകക്ഷിയുടെ ജാമ്യ നടപടികളിൽ രണ്ടാം അപ്പീൽവാദിക്കെതിരെ റിപ്പോർട്ട് തേടാൻ ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശം അസാധുവാക്കാൻ ബാധ്യസ്ഥമാണോ ?

<u>വിശകലനം</u>

<u>തർക്കവിഷയം I ഒന്നാം എതിർകക്ഷിയുടെ ജാമ്യ നടപടികളിൽ അപ്പീൽ വാദികൾക്കെതിരെ ഹൈക്കോടതി നടത്തിയ പ്രതികൂല പരാമർശങ്ങൾ നീക്കം ചെയ്യാൻ ബാധ്യസ്ഥമാണോ ?</u>

13. ഹൈക്കോടതി, 04.07.2022-ലും 07.07.2022-ലും, രണ്ട് വ്യത്യസ്ത സന്ദർഭങ്ങളിൽ, ഒന്നാം എതിർകക്ഷിയുടെ ജാമ്യ നടപടികളിൽ ഇതിലെ അപ്പീൽവാദികൾക്കെതിരെ പ്രതികൂലമായ പരാമർശങ്ങൾ നടത്തി. ഇത് അവരുടെ സൽപ്പേരിന് വലിയ ഹാനി വരുത്തിയതായി പറയപ്പെടുന്നു. ഹൈക്കോടതിയുടെ യൂട്യൂബ് ചാനലിൽ നടപടികൾ സംപ്രേക്ഷണം ചെയ്തതു കാരണം പ്രസ്തുത അഭിപ്രായങ്ങൾ വ്യാപകമായി പ്രചരിക്കുകയും കൂടാതെ നിരവധി മാധ്യമങ്ങൾ ആ അഭിപ്രായങ്ങൾ ഏറ്റെടുത്തു റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

14. ജാമ്യ നടപടികളിൽ, സമ്പൂർണ്ണ ക്രിമിനൽ വിചാരണയിൽ നിന്ന് വ്യത്യസ്തമായി, കേസിന്റെ ഗുണദോഷങ്ങളെക്കുറിച്ച് പ്രഥമദൃഷ്ട്യാ ഒരു കാഴ്ചപ്പാട് രൂപപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. തെളിവുകൾ പൂർണ്ണമായി വിശകലനം ചെയ്യപ്പെടാതിരിക്കുകയും, നിരപരാധിത്വത്തിന്റെ അനുമാനം പ്രതിക്ക് അനുകൂലമായി പ്രവർത്തിക്കുകയും ചെയ്യുന്ന അത്തരമൊരു സാഹചര്യത്തിൽ കുറ്റാരോപിതർക്കെതിരെ പ്രതികൂലമായ പരാമർശങ്ങൾ കോടതികൾ പാസാക്കുന്നതിൽ അതീവ ജാഗ്രത പുലർത്തണം. പ്രസ്തുത നടപടികളുടെ ഭാഗമല്ലാത്ത കക്ഷിക്കെതിരെ നടത്തപ്പെടുന്ന പരാമർശങ്ങളുടെ കാര്യത്തിൽ ഇത് വളരെ അധികം പ്രാധാന്യമുള്ളതാകുന്നു. കാരണം, അത്തരം അഭിപ്രായങ്ങൾ, പ്രത്യേകിച്ച് ഭരണഘടനാ കോടതികൾ നടത്തുമ്പോൾ, ആ പരാമർശങ്ങൾക്ക് വിധേയരാകുന്ന കക്ഷികളുടെ സൽപ്പേരിന് വലിയ ക്ഷതമുണ്ടാക്കാൻ കഴിയും. കോടതികൾ പുലർത്തേണ്ട ഈ ജാഗ്രതയെ കുറിച്ച് സുപ്രീം കോടതിയുടെ ധാരാളം വിധികളിൽ പറഞ്ഞിട്ടുണ്ട്.

15. ***നിരഞ്ജൻ പട്നായിക്ക് V. ശശിഭൂഷൺകർ*** (1986) 2 SCC 569 എന്ന കേസിൽ, ഹൈക്കോടതി നടത്തിയ ചില പരാമർശങ്ങൾ പരിശോധിക്കുന്ന അവസരത്തിൽ, കോടതികൾ പ്രതികൂലമായ പരാമർശങ്ങൾ നടത്തുമ്പോൾ അതീവ ജാഗ്രത പുലർത്തണമെന്നും, നീതി നിറവേറ്റുന്നതിനാവശ്യമായ ന്യായമായ നിഗമനത്തിലെത്തുന്നതിനുവേണ്ടി മാത്രം അത്തരം പരാമർശങ്ങൾ നടത്തേണ്ടതാണ് എന്നും ഈ കോടതി പ്രസ്താവിച്ചു. പ്രസ്തുത വിധിയുടെ പ്രസക്തമായ ഖണ്ഡിക ഇവിടെ ചേർക്കുന്നു:

"ജഡ്ജിമാരും മജിസ്ട്രേറ്റുമാരും, അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോൾ, നീതി, സത്യസന്ധത, സംയമനം എന്നിവയാൽ നയിക്കപ്പെടണം, (...) ജഡ്ജിമാർ സാധാരണഗതിയിൽ സംയമനം, മിതത്വം, കരുതൽ എന്നിവയിൽ നിന്നും വ്യതിചലിക്കാതിരിക്കുകയും, കേസ് തീർപ്പാക്കുന്നതിന് അവിഭാജ്യ ഘടകമായി ശരിക്കും ആവശ്യമെങ്കിലല്ലാതെ, കക്ഷികൾക്കോ അധികാരസ്ഥാപനങ്ങൾക്കെതിരായോ പരുഷമായതോ നിന്ദ്യമായതോ ആയ പരാമർശങ്ങൾ നടത്താൻ പാടില്ലാത്തതുമാണ്."

16. ***എം. പി. സ്റ്റേറ്റ് V.നന്ദലാൽ ജയ്സ്വാൾ*** (1986) 4 SCC 566 എന്ന കേസിൽ, സംസ്ഥാന ഉദ്യോഗസ്ഥർക്കെതിരെ ഹൈക്കോടതി നടത്തിയ അപകീർത്തികരമായ ചില പരാമർശങ്ങൾ ഈ കോടതി പരിശോധിക്കുന്ന അവസരത്തിൽ, വലിയ അനർത്ഥങ്ങൾ ഉണ്ടാക്കിയേക്കാവുന്നതും കൂടാതെ നീതി നേടുന്നതിന്റെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി മാറിയേക്കാവുന്നതുമാണ് എന്നത് കാരണം ജഡ്ജിമാർ പ്രതികൂലമായ പരാമർശങ്ങൾ നടത്തുന്നതിൽ നിന്ന് വിട്ടുനിൽക്കണമെന്ന് വിധിച്ചു. മേൽപ്പറഞ്ഞ വിധിയിൽ നിന്നുള്ള പ്രസക്തമായ ഭാഗങ്ങൾ ഇവിടെ പകർത്തുന്നു:

"കക്ഷികളുടെ പെരുമാറ്റത്തെയോ അവരുടെ സാക്ഷികളെയോ വിമർശിക്കുമ്പോൾ ജഡ്ജിമാർ ശക്തവും അധിക്ഷേപകരവുമായ ഭാഷ ഉപയോഗിക്കരുത് എന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. അവർ സംയമനത്തോടെയും മിതത്വത്തോടെയും കരുതലോടെയും പ്രവർത്തിക്കണം. തങ്ങൾ തെറ്റ് പറ്റാത്തവരല്ലെന്ന് തിരിച്ചറിയാനുള്ള വിനയം ഉണ്ടാകുകയും, കൂടാതെ ഏതെങ്കിലും കക്ഷിക്കെതിരെ അവർ നടത്തുന്ന പരുഷവും നിന്ദ്യവുമായ പരാമർശങ്ങൾ പിശകുള്ളതും ന്യായരഹിതമാകാവുന്നതും, അവ ഗണ്യമായ ദോഷവും ദ്രോഹവും വരുത്തുകയും അനീതിയിൽ കലാശിക്കുകയും ചെയ്തേക്കാം. ഇവിടെ, നിലവിലെ കേസിൽ, ജസ്റ്റിസ് ബി.എം. ലാൽ നടത്തിയ നിരീക്ഷണങ്ങളും പരാമർശങ്ങളും തികച്ചും അന്യായവും ആവശ്യമില്ലാത്തതും പറയാൻ പാടില്ലാത്തവയുമാണ്."

17. കൂടാതെ, ***ഇന്ത്യൻ ഇലക്ഷൻ കമ്മീഷൻ V. എം. ആർ. വിജയഭാസ്കർ*** (2021) 9 SCC 770 എന്ന കേസിൽ, ഹൈക്കോടതി നടത്തിയ ചില പ്രതികൂല പരാമർശങ്ങൾ

പരിശോധിക്കുന്ന അവസരത്തിൽ, തെറ്റായി വ്യാഖ്യാനിക്കാൻ സാധ്യതയുള്ള പരാമർശങ്ങൾ കോടതിയിൽ പറയുമ്പോൾ ജഡ്ജിമാർ അതീവ ജാഗ്രത പുലർത്തണമെന്ന് വിധിച്ചു. വിധിയുടെ പ്രസക്തമായ ഖണ്ഡിക ഇവിടെ ഉദ്ധരിക്കുന്നു:

"ഇങ്ങനെ പറഞ്ഞുകഴിഞ്ഞാൽ, തെറ്റായ വ്യാഖ്യാനത്തിന് ഇടയാക്കിയേക്കാവുന്ന തുറന്ന കോടതിയിലെ വിചിന്തനം കൂടാതെയുള്ള (off-the-cuff) പരാമർശങ്ങളിൽ ജഡ്ജിമാർ ജാഗ്രത പാലിക്കേണ്ടതിന്റെ ആവശ്യകത ഞങ്ങൾ ഊന്നിപ്പറയുന്നു. ബെഞ്ചിലെയും വിധിന്യായത്തിലെയും ഭാഷ ജുഡീഷ്യൽ ഔചിത്യത്തോട് കൂടിയതായിരിക്കണം. കോടതി പ്രക്രിയയുടെ ഒരു പ്രധാന ഉപകരണമായ ഭാഷ. ഭരണഘടനാ മൂല്യങ്ങളോട് സംവേദനക്ഷമതയുള്ളതാണ്. ഭരണഘടനാപരമായ ധാർമ്മികതയോട് സംവദിക്കുന്ന മനസ്സാക്ഷിയിലേക്കുള്ള ഒരു ജാലകമാണ് കോടതിഭാഷ. അതിന്റെ സന്തുലിതാവസ്ഥ ഇല്ലാതായാൽ മനുഷ്യന്റെ അന്തസ്സിന്റെ സംരക്ഷകൻ എന്ന നിലയിലുള്ള പ്രതീകാത്മകത ഭാഷയ്ക്ക് നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്. ഭരണഘടന പ്രകാരം ജുഡീഷ്യൽ റിവ്യൂവിനുള്ള അധികാരം ഹൈക്കോടതികൾക്ക് നൽകിയിട്ടുണ്ട്. ഭരണഘടനയുടെ അടിസ്ഥാന സവിശേഷതകളുടെ ഒരു ഭാഗമായ അതിന്റെ സ്ഥാനം വളരെ ഉയർന്നതാണ് എന്നിരുന്നാലും, ഉത്തരവാദിത്വത്തിന് അധികാരം ഏൽപ്പിക്കുന്നതിന്റെ സ്വഭാവവും അളവുകളുമായി നേരിട്ട് സഹവാസബന്ധമുണ്ട്. ഈ കേസിൽ ഉന്നയിക്കപ്പെട്ടതുപോലെയുള്ള പരാതി ഹൈക്കോടതി ഒരു പരിധിവരെയുള്ള ജാഗ്രതയും സൂക്ഷ്മതയും പുലർത്തിയിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്നു. വാദം കേൾക്കുന്നതിനിടയിൽ നടത്തുന്ന വാക്കാലുള്ള നിരീക്ഷണങ്ങൾ റെക്കോർഡിന്റെ ഭാഗമല്ലെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ പവിത്രത ഉറപ്പാക്കുന്നതിൽ കാര്യമായ ഉത്തരവാദിത്വം വഹിക്കുന്ന ഒരു സ്വതന്ത്ര ഭരണഘടനാ സ്ഥാപനമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ. ഞങ്ങൾ കൊണ്ടുവരാൻ ശ്രമിച്ച സന്തുലിതാവസ്ഥയോടെ വിഷയം അവസാനിപ്പിക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു."

18. മേൽപ്പറഞ്ഞ വിധികളുടെ വെളിച്ചത്തിൽ, രണ്ടാം അപ്പീൽവാദിയെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിനെതിരെ ഹൈക്കോടതി നടത്തിയ പരാമർശങ്ങൾ യുക്തിരഹിതവും ന്യായരഹിതവുമാണെന്ന് തോന്നുന്നു. രണ്ടാം അപ്പീൽവാദിക്ക് കേസുമായി വ്യക്തിപരമായി യാതൊരു ബന്ധവുമില്ല. അന്വേഷണം നടത്തുന്ന വകുപ്പിലെ ഒരു സർക്കാർ ജീവനക്കാരൻ മാത്രമാണ്. രണ്ടാം അപ്പീൽവാദി കുറ്റാരോപിതനല്ല, ജാമ്യനടപടികളിലൊഴികെ കുറ്റകൃത്യത്തിന്റെ ഇടപാടുമായി യാതൊരു ബന്ധവുമില്ലാത്ത അയാൾക്കെതിരായ ഒരു തെളിവും കോടതി വിശകലനം ചെയ്തിട്ടില്ല, സ്വയം വിശദീകരിക്കാൻ അയാൾക്ക് അവസരവും നൽകിയിട്ടില്ല, എന്നിരുന്നാലും, അയാൾക്കെതിരെ നികൃഷ്ടവും നിന്ദ്യവുമായ പരാമർശങ്ങൾ നടത്തപ്പെട്ടു. ഇത്തരമൊരു സാഹചര്യത്തിൽ, ഹൈക്കോടതി പാസാക്കിയ പരാമർശങ്ങൾ നീതിക്ക് നിരക്കാത്തതും അന്യായമാണെന്നും ഞങ്ങൾ കാണുന്നു.

19. മൂന്നാം അപ്പീൽവാദിയെ സംബന്ധിച്ചിടത്തോളം, അദ്ദേഹം ആരോപിക്കപ്പെടുന്ന കുറ്റകൃത്യത്തിൽ പ്രതിയാണെങ്കിലും, ഒന്നാം എതിർകക്ഷിയുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നു. ജാമ്യനടപടികളിൽ അയാൾക്ക് ഒരു പങ്കാളിത്തവും ഇല്ലെന്നത് മറക്കാൻ പാടില്ലാത്ത കാര്യമാണ്. അത്തരമൊരു സാഹചര്യത്തിൽ, മൂന്നാം അപ്പീൽ വാദി ഇപ്പോൾ നടക്കുന്ന ജാമ്യ നടപടികളിൽ കക്ഷിയല്ലാത്തതിനാൽ, ഹൈക്കോടതി അദ്ദേഹത്തിനെതിരെ അത്തരം പ്രതികൂല പരാമർശങ്ങൾ നടത്തുന്നത് അങ്ങേയറ്റം യുക്തിരഹിതമാണെന്ന് ഞങ്ങൾ കാണുന്നു.

20. ഒന്നാം എതിർകക്ഷിയുടെ ജാമ്യാപേക്ഷയിൽ മൂന്നാം അപ്പീൽവാദി ഒരു കക്ഷിയല്ലാത്തതിനാൽ, കോടതിയുടെ പരിശോധനക്കായി തന്റെ വാദങ്ങൾ സമർപ്പിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടില്ല. ജാമ്യ നടപടികളും പ്രസ്തുത ജാമ്യാപേക്ഷയിൽ അഭിഭാഷകരുടെ സമർപ്പണങ്ങളും, ഒന്നാം എതിർകക്ഷിയിലേക്ക് മാത്രം പരിമിതപ്പെട്ടതായതുകൊണ്ട് മൂന്നാം അപ്പീൽവാദിക്കെതിരെ പ്രത്യേക ആരോപണങ്ങളൊന്നും ഹൈക്കോടതിയിൽ ഉന്നയിച്ചിട്ടില്ല. ഈ പശ്ചാത്തലത്തിൽ, മൂന്നാം അപ്പീൽവാദിക്കെതിരെ ആരോപണങ്ങളൊന്നും ഉന്നയിക്കപ്പെടാത്തതിനാലും, നിരപരാധിത്വത്തിന്റെ അനുമാനം മൂന്നാം അപ്പീൽവാദിക്ക് അനുകൂലമായി ഇപ്പോഴും നിലനിൽക്കുന്നതിനാലും, അദ്ദേഹത്തിനെതിരെ ഇത്തരം പ്രതികൂല പരാമർശങ്ങൾ നടത്തുന്നത് നിയമ പ്രക്രിയയുടെ കടുത്ത ദുരുപയോഗമാണെന്നും, അത്തരം പരാമർശങ്ങൾ അദ്ദേഹത്തിന്റെ സൽപ്പേരിന് കേടുവരുത്തുക മാത്രമല്ല, അദ്ദേഹ ത്തിന്റെ യഥാർത്ഥ വിചാരണയ്ക്ക് വലിയ മുൻവിധി ഉണ്ടാക്കാനുള്ള സാധ്യതയു മുണ്ടെന്ന് ഞങ്ങൾ കാണുന്നു.

<u>തർക്കവിഷയം II ഒന്നാം എതിർകക്ഷിയുടെ ജാമ്യ നടപടികളിൽ രണ്ടാം അപ്പീൽ വാദിക്കെതിരെ റിപ്പോർട്ട് തേടാൻ ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശം അസാധുവാക്കാൻ ബാധ്യസ്ഥമാണോ?</u>

21. മുകളിൽ സൂചിപ്പിച്ചതുപോലെ, ആരോപണവിധേയമായ കുറ്റകൃത്യത്തിന്റെ അന്വേഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനത്തിലെ ഒരു ജീവനക്കാരൻ മാത്രമായ രണ്ടാം അപ്പീൽവാദിക്ക് മുകളിൽ പറഞ്ഞ ജാമ്യ നടപടികളിൽ ഒരു പങ്കുമില്ല. ഹൈക്കോടതി വാക്കാലുള്ള സമൻസ് മുഖേന രണ്ടാം അപ്പീൽവാദിയോടു ഹാജരാ കാൻ നിർദ്ദേശിച്ചത് അദ്ദേഹം അനുസരിച്ചു. സമൻസ് അയച്ചതിന് ശേഷം, രണ്ടാം അപ്പീൽവാദിയുടെ വാദം കേൾക്കാൻ അവസരം നൽകാതെയും ശരിയായ നടപടികളിലൂടെ കടന്നുപോകാതെയും, ഹൈക്കോടതി രണ്ടാം അപ്പീൽവാദിക്കെതിരെ റിപ്പോർട്ട് നൽകാൻ സി.ബി.ഐയുടെ അഭിഭാഷകന് നിർദ്ദേശം നൽകി. ക്രിമിനൽ നടപടി നിയമ സംഹിതയുടെ 439-ാം വകുപ്പ് പ്രകാരമാണ് അതും പ്രതിയുമായി ബന്ധമില്ലാത്ത ഒരു വ്യക്തിക്കെതിരെയാണ് ഇതെല്ലാം സംഭവിച്ചതെന്ന് ഓർമ്മി ക്കേണ്ടതാണ്.

22. ***ആർ.ബി.ഐ. V. സഹകരണ ബാങ്ക് ഡെപ്പോസിറ്റ് എ/സി എച്ച് ആർ. ഷാ*** (2010) 15 SCC 85 എന്ന കേസിൽ, ക്രിമിനൽ നടപടി നിയമ സംഹിതയുടെ 439–ാം വകുപ്പ് പ്രകാരമുള്ള അപേക്ഷയിൽ പ്രതിയിൽ നിന്ന് കണ്ടെടുത്ത പണം വിതരണം ചെയ്യാൻ ബാങ്കിന് നിർദ്ദേശം നൽകി ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ചോദ്യം ചെയ്തു. ഈ നിർദ്ദേശങ്ങൾ പരിശോധിച്ച വേളയിൽ, ജാമ്യം തീരുമാനിക്കുന്നതിന് പ്രസക്തമായ വിഷയങ്ങളിൽ ഹൈക്കോടതി സ്വയം പരിമിതപ്പെടുത്തേണ്ടതായിരുന്നു എന്ന് ഈ കോടതി വിധിച്ചു. ഈ കോടതിയുടെ പ്രസക്തമായ നിരീക്ഷണം ഇവിടെ ഉദ്ധരിക്കുന്നു:

"ഹൈക്കോടതിയുടെ നിർദ്ദേശങ്ങളുടെ ദൂരവ്യാപകമായ അനന്തരഫലങ്ങൾ ക്രിമിനൽ നടപടി നിയമ സംഹിതയുടെ 439–ാം വകുപ്പ് പ്രകാരം ഒരു പ്രതി നൽകിയ ജാമ്യാപേക്ഷയുടെ പരിധിക്കപ്പുറമാണ് എന്നും ഹൈക്കോടതി മറ്റാരെയും പോലെ അതിന്റെ മുമ്പിലുള്ള വിഷയവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഒതുങ്ങിനിൽക്കണം എന്നുമാണ് ഞങ്ങളുടെ അഭിപ്രായം. അതിനാൽ രാജ്യത്തുടനീളമുള്ള ബാങ്കുകളുടെ പ്രവർത്തനത്തെ ബാധിച്ചേക്കാവുന്ന ഉത്തരവുകൾ പുറപ്പെടുവിക്കാൻ ഹൈക്കോടതിക്ക് കഴിയില്ല. ഇക്കാരണത്താലാണ് റിസർവ് ബാങ്ക് ഈ അപ്പീൽ നൽകിയതെന്ന് അപ്പീൽവാദിയുടെ മുതിർന്ന അഭിഭാഷകൻ ശ്രീ. ബസവ പ്രഭു എസ്. പാട്ടീൽ ചൂണ്ടിക്കാട്ടി."

23. ***സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഇൻസ്പെക്ടർ ഓഫ് പോലീസ് V. എം. മുരുകേശനും മറ്റൊരാളും*** (2020) 15 SCC 251 എന്ന കേസിൽ, പ്രത്യേക സംവിധാനം നിലനിൽക്കുന്ന സാഹചര്യങ്ങളിൽ, കോടതിക്ക് അതിന്റെ അന്തർലീനമായ അധികാരങ്ങൾ ഉപയോഗിച്ച് ജാമ്യം അനുവദിക്കുന്നതിനോ നിരസിക്കുന്നതിനോ അപ്പുറത്തുള്ള നിർദ്ദേശങ്ങൾ, പ്രത്യേകിച്ചും ജാമ്യ നടപടികളുടെ കാര്യത്തിൽ, നൽകാനാവില്ലെന്ന് ഈ കോടതി വിധിച്ചു. ഈ കോടതി നടത്തിയ പ്രസക്തമായ അഭിപ്രായങ്ങൾ ഇവിടെ പകർത്തുന്നു:

"സംസ്ഥാനത്തെ ക്രിമിനൽ നീതിന്യായ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഏത് ഉത്തരവും പുറപ്പെടുവിക്കാൻ കോടതിക്ക് അന്തർലീനമായ അധികാരപരിധി ഉണ്ടെന്നപോലെ, സംസ്ഥാനത്ത് നിന്നും ഡാറ്റ ശേഖരിച്ച് സിംഗിൾ ജഡ്ജി അതിനെ ജാമ്യ അപേക്ഷയുടെ ഉത്തരവിന്റെ ഭാഗമാക്കിയതായി ഞങ്ങൾ കണ്ടെത്തി. **ക്രിമിനൽ നടപടി നിയമ സംഹിതയുടെ 439–ാം വകുപ്പ് കോടതിയുടെ അധികാരപരിധി വിചാരണ പൂർത്തിയായിട്ടില്ലാത്ത കേസുകളിൽ ജാമ്യം അനുവദിക്കുന്നതിനോ നിരസിക്കുന്നതിനോ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട ജഡ്ജിയുടെ ലക്ഷ്യം പ്രശംസനീയമാണെങ്കിലും പ്രയോഗിച്ച അധികാരം വ്യക്തമായും തെറ്റായിരുന്നു. ബഹുമാനപ്പെട്ട ജഡ്ജി നടത്തിയ ശ്രമം അക്കാദമിക്കായി ഉചിതമായ**

ഒരു ഫോറത്തിൽ അവതരിപ്പിക്കുന്നത് ശരിയായിരിക്കാമെങ്കിലും കോടതിയുടെ അധികാരമുപയോഗിച്ച് അത്തരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ കഴിയില്ല."

24. കൂടാതെ, ***പഞ്ചാബ് സംസ്ഥാനം V. ദവീന്ദർ പാൽ സിംഗ് ഭുള്ളരും മറ്റുള്ളവരും***(2011) 14 SCC 770 എന്ന കേസിൽ, ഒരു ക്രിമിനൽ അപ്പീൽ തീർപ്പാക്കിയ ശേഷം ബന്ധമില്ലാത്ത കേസുകളിലെ മറ്റ് കുറ്റവാളികളെ സംബന്ധിച്ച് ഹൈക്കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നതിൽ, നിലവിലുള്ള പ്രധാന കേസിന്റെ പരിധിക്ക് പുറത്തുള്ള അത്തരം അധികാരിതയുടെ വിനിയോഗം അനീതിയാണെന്ന് ഈ കോടതി വിധിക്കുകയുണ്ടായി. പ്രസ്തുത വിധിയുടെ പ്രസക്തമായ ഖണ്ഡിക ഇവിടെ ഉദ്ധരിക്കുന്നു:

"അന്തർലീനമായ അധികാരം എന്നത് പണ്ടോറയുടെ പേടകം തുറക്കുന്നതിനുള്ള വാഹനമാകരുത്, അതും പ്രധാന സന്ദർഭത്തിന് അന്യമായ പ്രശ്നങ്ങൾക്ക് വേണ്ടി അധികാരം വിനിയോഗിക്കുന്നത് ഒരു നടപടിയുമായി ബന്ധപ്പെട്ട ആവശ്യത്തിനായിരിക്കണം, അല്ലാതെ തികച്ചും ഒരു പുതിയ പ്രശ്നം സൃഷ്ടിക്കാൻ വേണ്ടിയാവരുത്. അധികാരത്തിന് അതിന്റെ സൃഷ്ടിക്കപ്പുറം അതിന്റെ അധികാരം മറികടക്കാൻ കഴിയില്ല."

25. മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ, ഒരു മൂന്നാം കക്ഷിയുടെ ജാമ്യാപേക്ഷയിൽ ഹൈക്കോടതി നടപടികൾ പ്രത്യക്ഷമായും സ്വേച്ഛാപരവും അന്യായവുമാണെന്നും, ജാമ്യം തീരുമാനിക്കുന്നതിനുള്ള പ്രസക്തമായ വിഷയങ്ങളിൽ ഹൈക്കോടതി സ്വയം പരിമിതപ്പെടുത്തേണ്ടിയിരുന്നുവെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. ജാമ്യം പരിഗണിക്കുന്ന ഒരു കോടതി, പ്രത്യേകിച്ച് ഒരു മൂന്നാം കക്ഷി ജാമ്യം തേടുന്ന കേസുകളിൽ, ആ കേസുമായി ഒരു ബന്ധവുമില്ലാത്ത കക്ഷിയുടെ ഗുണദോഷങ്ങളെകുറിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പ്രസക്തമായ എല്ലാ വിവരങ്ങളും ഇല്ലാത്ത ഒരു കോടതി, അത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചാൽ അത് പ്രസ്തുത കക്ഷിക്ക്, സ്വയം പ്രതിരോധിക്കാനുള്ള യഥാർത്ഥവും അർത്ഥവത്തായതുമായ ഒരു അവസരം ലഭിക്കാതെ വലിയ ദോഷം വരുത്താനുള്ള സാധ്യതയുണ്ട്. നിയമവിരുദ്ധമായ ഒരു പ്രവൃത്തി ആരോപിക്കപ്പെടുന്ന ഏതൊരാൾക്കും ന്യായമായി കേൾക്കാനുള്ള അവസരം നൽകണം എന്നത് നിയമത്തിന്റെ സ്ഥാപിതമായ തത്വമാണ്. എന്നാൽ, അർത്ഥവത്തായി കേൾക്കാനുള്ള ഈ അവസരം രണ്ടാമത്തെ അപ്പീൽവാദിക്ക് നൽകിയിട്ടില്ല. അതിനാൽ ഈ തർക്കവിഷയം രണ്ടാമത്തെ അപ്പീൽവാദിക്ക് അനുകൂലമായി തീരുമാനിക്കുന്നു.

## ഉപസംഹാരം

26. വെർച്ചൽ ഹിയറിംഗും ഓപ്പൺ കോർട്ട് നടപടികളുടെ തത്സമയ സംപ്രേഷണവും സ്വീകരിച്ചതിനാൽ, പൊതുവെ നിയമസംവിധാനവും പ്രത്യേകിച്ച് നീതിന്യായ

വ്യവസ്ഥയും പ്രാപ്യമാകലിന്റെയും (accessibility) സുതാര്യതയുടേയും ഒരു പുതിയ യുഗത്തിലേക്ക് പ്രവേശിച്ചു. കോടതികൾ മുൻപെന്നത്തേക്കാളും സാധാരണക്കാർക്ക് കൂടുതൽ പ്രാപ്യമായ പരിഹാര സംവിധാനങ്ങളാണെന്ന് ജുഡീഷ്യറിയിലെ ഈ മാറ്റങ്ങൾ ഉറപ്പുവരുത്തി. കോടതികളെ ഒരു ഭൗതിക സ്ഥലത്തേക്ക് ചുരുക്കിയ ഭൗതിക-അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതികൾ, നീതിലഭിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളിലൊന്നായി പലപ്പോഴും പരാമർശിക്കപ്പെട്ടു. സാങ്കേതികവിദ്യയുടെ ലഭ്യതയും അതിന്റെ സ്വീകരിക്കലും വഴി ഈ തടസ്സം ഇപ്പോൾ ഇല്ലാതായിട്ടുണ്ട്. ജുഡീഷ്യൽ സംവിധാനത്തിലെ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഈ സുതാര്യത വലിയ നേട്ടങ്ങൾ കൊണ്ടുവരുമ്പോഴും, അത് കോടതി നടപടി നടത്തുന്ന വേളയിൽ ജഡ്ജിമാരിൽ ഉത്തരവാദിത്ത്വത്തിന്റെ കർശനമായ മാനദണ്ഡവും കൂട്ടിച്ചേർക്കുന്നു. കോടതി നടപടികളുടെ തത്സമയ സംപ്രേക്ഷണം കാരണം കോടതി പരാമർശങ്ങൾക്ക് ഇപ്പോൾ നിലവിലെ കേസിൽ കാണാൻ കഴിയുന്നതുപോലെ, അതിൽ ഉൾപ്പെട്ടിരിക്കുന്ന കക്ഷികളുടെ സൽപ്പേരിന് വലിയ കോട്ടമുണ്ടായേക്കാവുന്ന ദൂരവ്യാപകമായ പരിണിതഫലങ്ങളുണ്ട്. അത്തരമൊരു സാഹചര്യത്തിൽ, ഒരു കേസിൽ ഉൾപ്പെട്ട കക്ഷികൾക്കെതിരെ പ്രതികൂലമായ പരാമർശങ്ങൾ നടത്തുമ്പോൾ കോടതികൾ അതീവ ജാഗ്രത പാലിക്കേണ്ടതും, ശരിയായി ന്യായീകരിക്കാൻ കഴിയുന്നതുപോലെ ചെയ്യേണ്ടതും, കൂടാതെ നീതി നിറവേറ്റാൻ ആവശ്യമെങ്കിൽ മാത്രം ചെയ്യണ്ടതുമാണ്.

27. മേൽപ്പറഞ്ഞവയുടെ വെളിച്ചത്തിൽ, അപ്പീൽവാദികൾക്കെതിരെ ഹൈക്കോടതി പാസാക്കിയ പ്രതികൂല പരാമർശങ്ങൾ നീക്കം ചെയ്യുക മാത്രമല്ല, ചോദ്യം ചെയ്യപ്പെട്ട ഇടക്കാല ഉത്തരവ് തന്നെ റദ്ദ് ചെയ്യപ്പെടാൻ ബാധ്യസ്ഥമാണ്. അതനുസരിച്ച്, 07.07.2022-ലെ ഉത്തരവ് റദ്ദാക്കുന്നു.

28. കൂടാതെ, ഈ കോടതി പാസാക്കിയ 18.07.2022-ലെ മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ, ഒന്നാം എതിർകക്ഷിയുടെ ജാമ്യ നടപടികൾ അവസാനിച്ചതായി ഞങ്ങൾ അനുമാനിക്കുന്നു. എന്നിരുന്നാലും, ജാമ്യ നടപടികളിൽ എന്തു സംഭവിച്ചു എന്നതിനെ കുറിച്ച് സൂചന ഒന്നും ഇല്ലാത്തതിനാൽ, അതു ഇതിനോടകം തീരുമാനിക്കപ്പെട്ടിട്ടില്ലെങ്കിൽ, ഈ വിധിന്യായത്തിന്റെ മുൻവിധിയോ സ്വാധീനമോ ഇല്ലാതെ, അതിന്റെതന്നെ ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽ നിയമാനു സൃതമായി ജാമ്യ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ ഞങ്ങൾ ഹൈക്കോടതി യോട് അഭ്യർത്ഥിക്കുന്നു. അതനുസരിച്ച്, അപ്പീലുകൾ അനുവദിച്ചിരിക്കുന്നു.

## സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ബി.വി. നാഗരത്ന**
**&**
**ബഹു. ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര**

ക്രിമിനൽ അപ്പീൽ നം. 1931/2023

(എസ്. എൽ. പി [ക്രിമിനൽ] നം. 8211/2022-ൽ നിന്നുത്ഭവിച്ചത്)

**മാത്യു അലക്സാണ്ടർ** - അപ്പീൽവാദി

**v.**

**മുഹമ്മദ് ഷാഫിയും മറ്റൊരാളും** - എതിർകക്ഷികൾ

13.07.2023-ന് വിധി പ്രസ്താവിച്ചത്

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

**മോട്ടോർ വാഹനാപകടങ്ങളുമായി ബന്ധപ്പെട്ട ക്ലെയിം ഹർജികൾ- ട്രൈബ്യൂണൽ തെളിവുകളെ സമഗ്രമായി നിരീക്ഷിച്ച് ഹർജി പരിഗണിക്കേണ്ടതും, ഒരു പ്രത്യേക വാഹനം ഒരു പ്രത്യേക രീതിയിലാണ് അപകടം ഉണ്ടാക്കിയതെന്ന് ശക്തമായ തെളിവ് നൽകി അവകാശികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമാണ്. സാധ്യതകളുടെ മുൻതൂക്കത്തിന്റെ (preponderance of probabilities) അടിസ്ഥാനത്തിലാണ് അവകാശികൾ അവരുടെ കേസ് സ്ഥാപിക്കേണ്ടത് - റോഡപകടത്തിൽ മരണമോ പരിക്കോ കാരണം നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കുമ്പോൾ ന്യായമായ സംശയത്തിന് അതീതമായ തെളിവിന്റെ (proof beyond reasonable doubt) മാനദണ്ഡം ബാധകമല്ല.**

**വിധിന്യായം**

**ജസ്റ്റിസ് നാഗരത്ന**

അനുമതി നൽകി

2. ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ.1/2015-ന്റെ തുടരന്വേഷണത്തിലെ അന്തിമ റിപ്പോർട്ട് പ്രകാരം രൂപീകരിച്ച അഭിപ്രായം

31.03.2022-ലെ ഉത്തരവിലൂടെ ഹൈക്കോടതി റദ്ദാക്കിയതിൽ അപ്പീൽവാദി മനോവിഷമത്തിലായി.

3. വസ്തുതകൾ ചുരുക്കി പറഞ്ഞാൽ, പരാതിക്കാരൻ ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 279, 304എ വകുപ്പുകൾ പ്രകാരം അപ്പീൽവാദിയുടെ മകനെതിരെ എഫ്. ഐ. ആർ നം. 01/2015 രജിസ്റ്റർ ചെയ്തു. എഫ്.ഐ.ആർ. പ്രകാരം 01.01.2015-ന് ഏകദേശം വെളുപ്പിന് 2.15-ന്, അപ്പീൽവാദിയുടെ 20 വയസ്സുള്ള മകനായ നിക്സൺ എബി മാത്യു, അവന്റെ സുഹൃത്തുക്കളോടൊപ്പം, കൊല്ലം-തിരുവനന്തപുരം ദേശീയപാതയിലൂടെ കിഴക്ക് നിന്ന് പടിഞ്ഞാറോട്ട്, റോഡിന്റെ ഇടതുവശത്തുകൂടെ, കെ. എൽ. 2 എ. സി. 1370 നമ്പർ മാരുതി ആൾട്ടോ കാർ ഓടിച്ചുപോകുകയായിരുന്നു. മാരുതി ആൾട്ടോ കാർ ചാത്തന്നൂർ ശീമാട്ടി ഭാഗത്ത് എത്തിയപ്പോൾ, രാമർ എന്ന ഡ്രൈവർ അങ്ങേയറ്റം അശ്രദ്ധമായി ഓടിച്ച കെ. എൽ. 39 സി 4577 രജിസ്ട്രേഷൻ നമ്പറുള്ള ഒരു ഗ്യാസ് ടാങ്കർ ലോറി മാരുതി ആൾട്ടോ കാറുമായി കൂട്ടിയിടിക്കുകയും, ആ അപകടത്തിൽ  അപ്പീൽവാദിയുടെ മകനും കൂടെ കാറിൽ യാത്രചെയ്തിരുന്ന മറ്റ് അഞ്ച് പേരും മരിക്കുകയുമുണ്ടായി.  ഒന്നാം എതിർകക്ഷിയും, കാറപകടത്തിൽ മരിച്ച യാത്രക്കാരുടെ നിയമാനുസൃത പ്രതിനിധികളും, അവർ ആശ്രയിച്ചു കഴിഞ്ഞിരുന്ന ബന്ധുക്കളുടെ മരണത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട്  കൊല്ലം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ മുമ്പാകെ ക്ലെയിം ഹർജികൾ സമർപ്പിച്ചു. അതുകൂടാതെ ഒന്നാം എതിർകക്ഷി, അപ്പീൽവാദിയുടെ മരണപ്പെട്ട മകനെയും, ടാങ്കർ ലോറിയുടെ ഡ്രൈവർ രാമറെയും, നാലാമത്തെയും രണ്ടാമത്തേയും എതിർകക്ഷികളാക്കി സമർപ്പിച്ച ഒരു ക്ലെയിം ഹർജി പരിഗണനയിലിരിക്കുന്നുമുണ്ട്.

4. എഫ്.ഐ.ആർ.നമ്പർ.1/2015-ൽ നിന്നുത്ഭവിച്ച കേസിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. അപകടത്തിൽ മരിച്ചതിനാൽ അപ്പീൽവാദിയുടെ മകനെതിരായ കുറ്റാരോപണങ്ങൾ അവസാനിച്ചുവെന്നും (abated) കുറ്റപത്രത്തിൽ പരാമർശിക്കപ്പെട്ടു. എന്നാൽ, അന്വേഷണം നടത്തിയതിൽ ക്രമക്കേടുണ്ടെന്ന അപ്പീൽവാദിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ, ഈ വിഷയ ത്തിൽ വിശദമായ അന്വേഷണം നടത്താൻ കൊല്ലം ജില്ലാ പൊലീസ് മേധാവി ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും, ക്രിമിനൽ നടപടി നിയമ സംഹിതയുടെ 173(8)-ാം വകുപ്പ് പ്രകാരം കൊല്ലം പരവൂർ ജെ.എഫ്.എം.സി കോടതി പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് കേസിൽ തുടരന്വേഷണം ആരംഭിക്കുകയും, ആയതിൽ അന്തിമ റിപ്പോർട്ട് നിയമപ്രകാരം സമർപ്പിക്കേണ്ട തായിട്ടുമുണ്ട്. അപ്പീൽവാദിയുടെ മകൻ ഓടിച്ചിരുന്ന ആൾട്ടോ കാറുമായി കൂട്ടിയിടിച്ചതായി പറയപ്പെടുന്ന ടാങ്കർ ലോറിയുടെ ഉടമയ്ക്കും, ഡ്രൈവർക്കും,

കൂടാതെ ടാങ്കർ ലോറിയുടെ ഡ്രൈവറുടെ അനാസ്ഥ ആരോപിച്ച് ടാങ്കർ ലോറിയുടെ ഇൻഷ്വറർക്കും എതിരെയാണ് അപ്പീൽവാദി ക്ലെയിം ഹർജി സമർപ്പിച്ചിരിക്കുന്നത് എന്നതും പരാമർശിക്കേണ്ടത് അനിവാര്യമാണ്. പ്രസ്തുത ക്ലെയിം ഹർജി നിലവിലിരിക്കുന്നതുമാണ്.

5. അസിസ്റ്റന്റ് പോലീസ് കമ്മീഷണർ കേസിന്റെ തുടരന്വേഷണം ഏറ്റെടുക്കുകയും സംഭവം ഒഴിവാക്കാനാകാത്ത അപകടമായിരുന്നുവെന്നും, അപ്പീൽവാദിയുടെ മകന്റെ ആൾട്ടോ കാർ ഒരു പിക്കപ്പ് വാനിനെ മറികടക്കാൻ ശ്രമിച്ചപ്പോൾ വാനിന്റെ ഡ്രൈവർ വഴി കൊടുക്കാതിരുന്നതിൽ, കാർ വാനിൽ ഇടിച്ചതിനുശേഷം ടാങ്കർ ലോറിയിൽ ഇടിക്കുകയായിരുന്നു എന്നും കാണിച്ച് കൊല്ലം പരവൂർ ജെ.എഫ്.എം.സി. കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. 29.11.2019-ലെ അന്തിമ റിപ്പോർട്ട് 27.01.2016-ലെ മുൻ റിപ്പോർട്ടിന് വിരുദ്ധമാണെന്ന് പറഞ്ഞിരിക്കുന്നു. സംഭവം ഒഴിവാക്കാനാകാത്ത ഒരു അപകടമായിരുന്നുവെന്നും, അപ്പീൽവാദിയുടെ മകന്റെ അശ്രദ്ധ മൂലമല്ലെന്നും അന്തിമ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

6. ഈ അന്തിമ റിപ്പോർട്ടിൽ മനോവിഷമത്തിലായ ഒന്നാം എതിർകക്ഷി, ക്രിമിനൽ നടപടി നിയമ സംഹിതയുടെ 482-ാം വകുപ്പ് പ്രകാരം, 29.11.2019-ലെ അന്വേഷണ റിപ്പോർട്ട് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ ഒരു ഹർജി സമർപ്പിച്ചു. അന്തിമ റിപ്പോർട്ട് സമർപ്പിച്ച് രണ്ട് വർഷത്തിന് ശേഷമാണ് ഈ ഹർജി തന്നെ ഫയലിലാക്കിയിട്ടുള്ളത്. 31.03.2022-ലെ വിധിയിലൂടെ ഒന്നാം എതിർകക്ഷി നൽകിയ ഹർജി അനുവദിക്കുകയും, കൂടാതെ സംഭവം ഒഴിവാക്കാനാകാത്ത അപകടമാണെന്നും, അപ്പീൽവാദിയുടെ മകന്റെ അശ്രദ്ധ മൂലമല്ലെന്നും നിരീക്ഷിക്കപ്പെട്ടിട്ടുള്ള 29.11.2019-ലെ അന്തിമ റിപ്പോർട്ട് ഹൈക്കോടതി റദ്ദാക്കുകയും ചെയ്തു. ഈ റിപ്പോർട്ട് റദ്ദാക്കിയതിലുള്ള മനോവിഷമത്തിലാണ് അപ്പീൽവാദി നിലവിലെ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

7. അപ്പീൽവാദിയുടെയും കക്ഷിചേർന്ന അപേക്ഷകരുടെയും അഭിഭാഷകരുടെ വാദങ്ങൾ ഞങ്ങൾ കേൾക്കുകയും, കൂടാതെ രേഖകൾപ്രകാരമുള്ള വസ്തുതകൾ പരിശോധിക്കുകയും ചെയ്തു. ഒന്നാം എതിർകക്ഷി സമൻസ് കൈപ്പറ്റിയെങ്കിലും ഹാജരായിട്ടില്ല.

നിലവിലെ റിപ്പോർട്ട് റദ്ദാക്കിയാൽ, ക്രിമിനൽ നടപടിയിൽ അത് കണക്കിലെടുക്കപ്പെടുമെന്നും, എന്നാൽ അപ്പീൽവാദിയുടെ മകൻ അപകടത്തിൽ മരിച്ച വസ്തുത കണക്കിലെടുക്കുമ്പോൾ, അയാൾക്കെതിരായ ക്രിമിനൽ നടപടികൾ അവസാനിക്കുമെന്നും ശ്രദ്ധയിൽപ്പെട്ടു.

എന്നിരുന്നാലും, അന്തിമ റിപ്പോർട്ട് ലഭിച്ച് രണ്ട് വർഷത്തിന് ശേഷം 29.11.2019-ലെ അന്തിമ റിപ്പോർട്ട് റദ്ദാക്കുന്നതിന് ക്രിമിനൽ നടപടി നിയമ സംഹിതയുടെ 482-ാം വകുപ്പ് പ്രകാരം ഒന്നാം എതിർകക്ഷി അനാവശ്യമായി ഒരു ഹർജി സമർപ്പിച്ചതാണെന്ന് അപ്പീൽവാദിയുടെ അഭിഭാഷകൻ വാദിച്ചു. ഇതു സംബന്ധമായി നേരത്തേ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നത് കൊല്ലം ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണറായിരുന്നുവെന്നും, 27.01.2016-ലെ റിപ്പോർട്ടിൽ, ടാങ്കർലോറി ഡ്രൈവറായ രാമർക്കെതിരയെും എഫ്. ഐ. ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 279,304എ, വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്ക് അപ്പീൽവാദിയുടെ മകനെതിരെ കേസെടുത്തിട്ടുണ്ടെന്ന വസ്തുത ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. അന്വേഷണ ഉദ്യോഗസ്ഥൻ തന്റെ കുറ്റപത്രത്തിൽ അപ്പീൽവാദിയുടെ മകനെ സംബന്ധിച്ചിടത്തോളം, കുറ്റപത്രം അവസാനിച്ചതായി പ്രതിപാദിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടരന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് അപ്പീൽവാദി ഒരു നിവേദനം നൽകിയതിനെ തുടർന്നാണ് ക്രിമിനൽ നടപടി നിയമ സംഹിതയുടെ 173(8)-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ജെ.എഫ്.എം.സി. കോടതിയുടെ 19.12.2018-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചാത്തന്നൂർ പോലീസ് സ്റ്റേഷനിലെ 2015-ലെ ക്രൈം നമ്പർ 1-ൽ സി.സി.215/2016 നമ്പറായി തുടരന്വേഷണം ആരംഭിച്ചത്. അസിസ്റ്റന്റ് പോലീസ് കമ്മീഷണർ നടത്തിയ തുടരന്വേഷണത്തിൽ അന്തിമ റിപ്പോർട്ട് 29.11.2019-ൽ സമർപ്പിച്ചു. അതിനു രണ്ട് വർഷങ്ങൾക്ക് ശേഷമാണ് ക്രിമിനൽ നടപടി നിയമസംഹിതയുടെ 482-ാം വകുപ്പ് പ്രകാരം തുടരന്വേഷണത്തിന്റെ അന്തിമ റിപ്പോർട്ട് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് അപ്പീൽവാദിയെയോ മറ്റുള്ളവരെയോ കക്ഷിചേർക്കാതെ, ഒന്നാം എതിർകക്ഷി ഹൈക്കോടതി മുമ്പാകെ 2021-ലെ ക്രിമിനൽ എം.സി. നമ്പർ. 4870 ഫയൽ ചെയ്തത്.

8. ചോദ്യംചെയ്യപ്പെട്ട അന്തിമ റിപ്പോർട്ടിന്റെ ശരിയും തെറ്റും പരിശോധിക്കുന്നതിനിടയിൽ ചോദ്യംചെയ്യപ്പെട്ട ഉത്തരവിന്റെ 8 മുതൽ 13 വരെയുള്ള ഖണ്ഡികകളിലും 18-ാം ഖണ്ഡികയിലും ഹൈക്കോടതി നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ, കണ്ടെത്തലുകളുടെ സ്വഭാവത്തിലുള്ളതാണ് എന്ന് ഞങ്ങൾ കാണുന്നു. പരാതിക്കാരന്റെ മകൻ നിക്സൺ എബി മാത്യു അശ്രദ്ധമായാണ് കാർ ഓടിച്ചിരുന്നതെന്നും, കാർ തെറ്റായ വശത്തേക്ക് പോയതാണെന്നും, മദ്യപിച്ച ശേഷം കാർ ഓടിച്ചതാവാനുള്ള സാധ്യത തള്ളിക്കളയാനാവില്ലെന്നും, കാറിന്റെ ഡ്രൈവറുടെ ഭാഗത്തുനിന്നുള്ള അശ്രദ്ധയും അനാസ്ഥയും വ്യക്തമാണെന്നും, 'റെസ് ഇപ്സ ലോക്വിറ്റർ' (Res ipsa loquitur) തത്വം ബാധകമാകുന്ന വ്യക്തമായ സാഹചര്യമാണിതെന്നും, മറ്റുമുള്ള ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾക്ക് കണ്ടെത്തലുകളുടെ സ്വഭാവമാണ്, ആയത് കേസിന്റെ തുടരന്വേഷണത്തിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ ശരിയും തെറ്റും പരിഗണിക്കുമ്പോൾ തീർത്തും അനാവശ്യമായിരുന്നു.

'ആൾട്ടോ കാർ അശ്രദ്ധമായി ഓടിച്ചതാണ് സംഭവത്തിന് കാരണം' എന്ന് അഭിപ്രായപ്പെട്ടുകൊണ്ട്, കണ്ടെത്തലുകളുടെ സ്വഭാവമുള്ള മേൽപറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് തുടരന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ഹൈക്കോടതി റദ്ദാക്കിയത്. ഞങ്ങളുടെ കാഴ്ചപ്പാടിൽ, കേസിന്റെ തുടരന്വേഷണത്തിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ടിലെ ശരിയും തെറ്റും പരിഗണിക്കുമ്പോൾ കണ്ടെത്തലുകളുടെ സ്വഭാവത്തിലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും അതുവഴി റിപ്പോർട്ട് റദ്ദാക്കുകയും ചെയ്ത ഹൈക്കോടതിയുടെ സമീപനം ശരിയായയതോ യുക്തമായയതോ അല്ല. അതിനാൽ, ഈ ചെറിയ കാരണത്താൽ തന്നെ ഹൈക്കോടതിയുടെ ചോദ്യംചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കപ്പെടേണ്ടതാണ്.

9. അപ്പീൽവാദി സമർപ്പിച്ച ക്ലെയിം ഹർജിയുടെ കാര്യത്തിൽ, അപകടമുണ്ടാക്കിയതിൽ ടാങ്കർ ലോറിയുടെയും പിക്കപ്പ് വാനിന്റെയും ഡ്രൈവർ മാരുടെ അനാസ്ഥ തെളിയിക്കപ്പെടേണ്ടതുണ്ട്. അത് സാധ്യതകളുടെ മുൻതൂക്കത്തിന്റെ (preponderance of possibilites) അടിസ്ഥാനത്തിൽ പരിഗണിക്കേണ്ട വിഷയമാണ്, അല്ലാതെ ന്യായമായ സംശയത്തിന് അതീതമായ തെളിവിന്റെ (proof beyond reasonable doubt) അടിസ്ഥാനത്തിലല്ല. തെളിവുകൾ നൽകേണ്ടതും, അപകടമുണ്ടാക്കിയതിൽ ആൾട്ടോ കാറിന്റെയോ ടാങ്കർ ലോറിയുടെയോ പിക്കപ്പ് വാനിന്റെയോ ഡ്രൈവറുടെ അശ്രദ്ധ തെളിയിക്കേണ്ട ബാധ്യതയും, യഥാക്രമം ഈ ഹർജിയിലെ അപ്പീൽവാദി സമർപ്പിച്ച ക്ലെയിം ഹർജികളിലെ കക്ഷികൾക്കും, മറ്റ് അവകാശവാദികൾക്കുമാണ്. അങ്ങനെ സംഭവിച്ചാൽ, ക്ലെയിം ഹർജി അതിന്റെ ഗുണദോഷങ്ങളുടെ അടിസ്ഥാന ത്തിൽ പരിഗണിക്കപ്പെടും. മൂന്ന് വാഹനങ്ങളിലെയും ഡ്രൈവർമാരുടെ അശ്രദ്ധയുടെ തെളിവ് സ്ഥാപിച്ചിട്ടില്ലെങ്കിൽ, ക്ലെയിം ഹർജി അതനുസരിച്ച് തീർപ്പാക്കപ്പെടും എന്ന് പറയേണ്ട ആവശ്യമില്ലാത്തതാണ്.

ഈ പശ്ചാത്തലത്തിൽ, AIR 1980 SC 1354-ൽ റിപ്പോർട്ട് ചെയ്ത ***എൻ.കെ.വി. ബ്രോസ് (പി) ലിമിറ്റഡ് V. എം. കരുമൈ അമ്മാൾ*** എന്ന കേസിൽ ക്രിമിനൽ കേസ് കുറ്റവിമുക്തിയിൽ അവസാനിച്ചതിനാൽ, സിവിൽ കേസും അതേ രീതിയിൽ അവസാനിപ്പിക്കണമെന്നുമുള്ള അപേക്ഷ നിരസിച്ച ഈ കോടതിയുടെ വിധിന്യായം ഞങ്ങൾ പരാമർശിക്കുന്നു. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 304എ വകുപ്പിലെ കുറ്റകരമായ അതിവേഗത, സിവിൽ നിയമലംഘനത്തിലെ (Law of Torts) അശ്രദ്ധ യേക്കാളും ബാധ്യത സൃഷ്ടിക്കുന്ന കാര്യത്തിൽ കുറെക്കൂടി കർക്കശമാണെന്ന് നിരീക്ഷിക്കപ്പെടുന്നു. അതുപോലെ തന്നെ, 1988-ലെ മോട്ടോർ വാഹന നിയമത്തിന്റെ 166-ാം വകുപ്പ് പ്രകാരം സമർപ്പിച്ച ഒരു ക്ലെയിം ഹർജിയിൽ ഒരു മോട്ടോർ

വാഹനത്തിന്റെ ഡ്രൈവറുടെ അശ്രദ്ധ മൂലമാണ് അപകടം ഉണ്ടായതെങ്കിൽ, ന്യായമായ രീതിയിൽ നഷ്ടപരിഹാരമായി എത്ര തുക നൽകണമെന്ന് ട്രൈബ്യൂണൽ തീരുമാനിക്കണം എന്ന് ***ബിംലാ ദേവി V. ഹിമാചൽ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ('ബിംലാ ദേവി')*** [2009 (13) SCC 530] കേസിലും നിരീക്ഷിച്ചിട്ടുണ്ട്. ട്രൈബ്യൂണൽ തെളിവുകളെ സമഗ്രമായി നിരീക്ഷിച്ച് ഹർജി പരിഗണിക്കേണ്ടതും, ഒരു പ്രത്യേക വാഹനം ഒരു പ്രത്യേക രീതിയിലാണ് അപകടം ഉണ്ടാക്കിയതെന്ന് ശക്തമായ തെളിവ് നൽകി അവകാശികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമാണ്. സാധ്യതകളുടെ മുൻതൂക്കത്തിന്റെ (preponderance of probabilities) അടിസ്ഥാനത്തിലാണ് അവകാശികൾ അവരുടെ കേസ് സ്ഥാപിക്കേണ്ടത്. റോഡപകടത്തിൽ മരണമോ പരിക്കോ കാരണം നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കുമ്പോൾ ന്യായമായ സംശയത്തിന് അതീതമായ തെളിവിന്റെ (proof beyond reasonable doubt)മാനദണ്ഡം ബാധകമല്ല. 'ബിംലാ ദേവി' യിലെ മേൽപ്പറഞ്ഞ വിധിയെ പരാമർശിച്ചിട്ടുള്ള **ദുൽസിന ഫെർണാണ്ടസ് V. ജോക്വി സേവ്യർ ക്രൂസിൽ** [2013 (10) SCC 646], ഈ കോടതി നടത്തിയ ഒരു നിരീക്ഷണവും സമാനമാണ്. അങ്ങനെ, മേൽപറഞ്ഞ കാരണങ്ങളാൽ, അന്തിമ റിപ്പോർട്ടിലെ അഭിപ്രായം ക്ലെയിം ഹർജിയെ ബാധിക്കുന്നതല്ല.

10. കാര്യങ്ങൾ ഇങ്ങനെ വീക്ഷിക്കുമ്പോൾ, അപ്പീൽവാദി തന്നെയാണ്, തന്റെ മകൻ അപകടത്തിൽപ്പെട്ട് മരിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അയാൾ നൽകിയ ഹർജിയിൽ, ടാങ്കർ ലോറിയുടെ ഡ്രൈവറുടെ അശ്രദ്ധ തെളിയിക്കേണ്ടത്. ടാങ്കർ ലോറിയുടെ ഡ്രൈവറുടെ അശ്രദ്ധയെ തുടർന്ന് പ്രസ്തുത തീയതിയിൽ ഉണ്ടായ അപകടത്തിൽ തന്റെ മകൻ മരിച്ചതിന് നഷ്ടപരിഹാരം നൽകണമെന്ന് അപ്പീൽവാദി ആവശ്യപ്പെടുന്നതുകൊണ്ടാണ് അത്തരത്തിൽ തെളിയിക്കപ്പെടേണ്ടിവരുന്നത്. അപകടത്തിൽ മരിച്ച കാറിലെ മറ്റ് യാത്രക്കാരുടെ ആശ്രിതർ സമർപ്പിച്ച ക്ലെയിം ഹർജികളിലും സമാനമായ രീതിയിൽ നിയമപ്രകാരം അശ്രദ്ധ സ്ഥാപിക്കേണ്ടതുണ്ട് എന്നുകൂടി ചേർക്കുന്നു.

11. മേൽപ്പറഞ്ഞ വിശകലനങ്ങൾ കണക്കിലെടുത്ത്, ഹൈക്കോടതിയുടെ 31.03.2022-ലെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കുകയും അപ്പീൽ അനുവദിക്കുകയും ചെയ്യുന്നു.

കക്ഷികൾ അവരവരുടെ ചെലവുകൾ വഹിക്കേണ്ടതാണ്.

## സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എം. ആർ. ഷാ**

**&**

**ബഹു. ജസ്റ്റിസ് അഹ്സാനുദ്ദിൻ അമാനുള്ള**

എം. എ. നം. 859/2020

(എസ്. എൽ. പി (സി) നം 5440/2020-ൽ നിന്നുത്ഭവിച്ചത്)

**ഡിസ്ട്രിക്റ്റ് ബാർ അസോസിയേഷൻ, ഡെറാഡൂൺ - ഹർജിക്കാർ**

**v.**

**ഈശ്വർ ഷാൻഡില്യയും മറ്റുള്ളവരും - എതിർകക്ഷികൾ**

(ഉത്തരവ് പ്രസ്താവിച്ച തീയതി: 20.04.2023)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

പരാതി പരിഹാരസമിതികൾ (ജി.ആർ.സി) രൂപീകരിക്കുന്നത് സംബന്ധിച്ച്- അഭിഭാഷകരുടെ യഥാർത്ഥ പരാതികൾ പരിഗണിക്കാൻ ഹൈക്കോടതികളിൽ ചീഫ് ജസ്റ്റിസും മറ്റ് രണ്ട് മുതിർന്ന ജഡ്ജിമാരും ഉൾപ്പെടുന്ന പരാതി പരിഹാര സമിതികൾ രൂപീകരിക്കണമെന്ന് സുപ്രീം കോടതി എല്ലാ ഹൈക്കോടതികൾക്കും നിർദ്ദേശം നൽകി. ജില്ലാക്കോടതിതലത്തിലും ഇത്തരത്തിലുള്ള സമിതികൾ രൂപീകരിക്കുന്നകാര്യം ഹൈക്കോടതികൾക്ക് പരിഗണിക്കാവുന്നതാണ്. അതത് സംസ്ഥാനങ്ങളിലെ ഹൈക്കോടതികളുടെ അല്ലെങ്കിൽ ഏതെങ്കിലും ജില്ലാ കോടതികളുടെ ഫയലിംഗ്/ലിസ്റ്റിംഗ് നടപടിക്രമങ്ങളിൽ മാറ്റങ്ങൾ വന്നതുമൂലം ഉണ്ടായ അഭിപ്രായ വ്യത്യാസങ്ങളോ, അസംതൃപ്തിയോ സംബന്ധിച്ച യഥാർത്ഥമായ പരാതിയോ കീഴ് ജുഡീഷ്യറിയിലെ ഏതെങ്കിലും അംഗത്തിന്റെ മോശമായ പെരുമാറ്റത്തെ സംബന്ധിച്ച യഥാർത്ഥമായ പരാതിയോ, പരാതി പരിഹാര സമിതിക്ക് പരിഗണിക്കാവുന്നതാണ്. എന്നാൽ അത്തരം പരാതി യഥാർത്ഥമായതും ഏതെങ്കിലും ജുഡീഷ്യൽ ഓഫീസറുടെ മേൽ സമ്മർദ്ദം ചെലുത്താൻ വേണ്ടിയിട്ടുള്ളതാകുവാൻ പാടില്ലാത്തതുമാണ്. .

**ഉത്തരവ്**

**ജസ്റ്റിസ് എം. ആർ. ഷാ**

1. 15.09.2021-ാം തീയതിയിലെ സത്യവാങ്മൂലത്തിൽ സമർപ്പിച്ചത് പ്രകാരം വിവിധ തലങ്ങളിലെ അഭിഭാഷകരുടെ/ബാർ അസോസിയേഷനുകളുടെ പരാതികൾ

പരിഹരിക്കുന്നതിനായി പരാതി പരിഹാരസമിതികൾ (ജി.ആർ.സി) രൂപീകരിക്കുന്നതിനായും, നിർദേശിക്കപ്പെട്ട 'പരാതിപരിഹാര സമിതികൾ' സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്ക് തലത്തിലുമുള്ള കോടതികളുടെ പ്രാദേശിക അധികാരപരിധിക്കുള്ളിൽ രൂപീകരിക്കാൻ എല്ലാ ഹൈക്കോടതികൾക്കും നിർദ്ദേശങ്ങൾ നൽകണമെന്നാവശ്യപ്പെട്ടും ബാർ കൗൺസിൽ ഓഫ് ഇന്ത്യ സമർപ്പിച്ച അപേക്ഷയാണിത്.

2. അടിക്കടിയുള്ള പണിമുടക്കുകളും ബഹിഷ്കരണങ്ങളും കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ബാർ കൗൺസിൽ ഓഫ് ഇന്ത്യ എസ്. എൽ. പി (സി) നം. 5440/2020-ൽ നിന്നുത്ഭവിച്ച എം. എ. നം. 859/2020-ൽ ഇതിനകം തന്നെ 15.09.2021-ൽ സത്യവാങ്മൂലം സമർപ്പിച്ചതായി സീനിയർ അഭിഭാഷകനും ബാർ കൗൺസിൽ ചെയർമാനുമായ ശ്രീ. മനൻകുമാർ മിശ്ര ബോധിപ്പിച്ചു. സമരം/വിട്ടുനിൽക്കൽ നിയന്ത്രിക്കുന്നതിനുള്ള നിരവധി നടപടികളും എല്ലാ തലങ്ങളിലുമുള്ള അഭിഭാഷകർ/ബാർ അസോസിയേഷനുകളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനവും കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ട്. നിയമവിരുദ്ധവും യുക്തിരഹിതവുമായ പണിമുടക്കുകളും ബഹിഷ്ക്കരണവും എപ്പോഴും തെറ്റാണെന്നാണ് ബാർ കൗൺസിലിന്റെ ഉറച്ച കാഴ്ചപ്പാടെന്നും, ബാർ കൗൺസിലുകൾക്ക് ഒരിക്കലും അത്തരം പ്രവർത്തനങ്ങളെ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയില്ലെന്നും അദ്ദേഹം ബോധിപ്പിച്ചു. ബാറിലെ അംഗങ്ങൾക്ക് അവരുടെ പരാതികൾ അറിയിക്കാൻ താലൂക്ക്/മുഫസിൽ/ജില്ലാ കോടതികൾ, ഹൈക്കോടതികൾ, തുടങ്ങിയ എല്ലാ തലങ്ങളിലും ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കണം എന്ന് സംസ്ഥാന ബാർകൗൺസിലുകളുടെ ചെയർമാൻമാരുടെയും/ഭാരവാഹികളുടെയും ഒരു യോഗത്തിൽ, ബാർ കൗൺസിൽ ഓഫ് ഇന്ത്യയും, അഭിഭാഷകരുടെ എല്ലാ പ്രതിനിധികളും ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരുന്നതായി ബോധിപ്പിച്ചു. പലപ്പോഴും ബാറിലെ അംഗങ്ങളുടെ വളരെ യഥാർത്ഥമായ പരാതികൾ പരിഹരിക്കപ്പെടാത്തതിനാലാണ് അവർ പണിമുടക്കുന്നതെന്നും ബോധിപ്പിച്ചു. അതിനാൽ, ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ജില്ലാക്കോടതികളിലേയോ ഹൈക്കോടതികളിലേയോ ഫയലിംഗ്/ലിസ്റ്റിംഗ് നടപടിക്രമങ്ങളിലെ മാറ്റങ്ങളിലുള്ള അതൃപ്തി, കീഴ് ജുഡീഷ്യറിയിലെ ഏതെങ്കിലും അംഗത്തിന്റെ മോശമായ പെരുമാറ്റത്തെ സംബന്ധിച്ച പരാതി, ജുഡീഷ്യൽ ഉദ്യോഗസ്ഥർക്കെതിരെ മറ്റേതെങ്കിലും ഗുരുതരമായ പരാതി, എന്നിങ്ങനെയുള്ള ബാറിലെ അംഗങ്ങളുടെ യഥാർത്ഥ പരാതികൾ, പരാതി പരിഹാരസമിതികൾക്ക് മുന്നിൽ പ്രകടിപ്പിക്കാൻ കഴിയുമെങ്കിൽ, നീതി പ്രദാനം ചെയ്യുന്ന സംവിധാനത്തിന്റെ ഭാഗമായ ബാറംഗങ്ങൾക്ക്, അവരുടെ യഥാർത്ഥ പരാതികൾ കേൾക്കാനും, പരിശോധിക്കാനും ഒരു ഫോറം ഉണ്ടെന്ന തോന്നലുണ്ടാകുമെന്ന് ബോധിപ്പിച്ചു.

3. സീനിയർ അഭിഭാഷകനും ബാർ കൗൺസിൽ ചെയർമാനുമായ ശ്രീ. മനൻകുമാർ മിശ്രയുടെ വാദങ്ങൾ കേട്ടതിനുശേഷം, ബാറിലെ ഒരു അംഗത്തിനും പണിമുടക്കാനോ കോടതി ജോലിയിൽ നിന്ന് സ്വയം വിട്ടുനിൽക്കാനോ കഴിയില്ലെന്ന് ഞങ്ങൾ ഒരിക്കൽ കൂടി ആവർത്തിക്കുന്നു. അഭിഭാഷകർ പണിമുടക്കുകയും ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്നതിനെ ഈ കോടതി പലവട്ടം എടുത്തുപറയുകയും, വിമർശിക്കുകയും ചെയ്തിട്ടുണ്ട്. ബാറിലെ അംഗത്തിന് എന്തെങ്കിലും പരാതിയുണ്ടെങ്കിലോ, ഫയലിംഗ്/ലിസ്റ്റിംഗ് നടപടിക്രമത്തിലെ മാറ്റങ്ങൾ കാരണം ബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിലോ, കീഴ് ജുഡീഷ്യറിയിലെ എതെങ്കിലും അംഗത്തിന്റെ മോശമായ പെരുമാറ്റം സംബന്ധിച്ച പരാതി ഉണ്ടെങ്കിലോ അവർക്ക് ഫലപ്രദമായി ഒരു നിവേദനം സമർപ്പിക്കാവുന്നതും, അവരുടെ യഥാർത്ഥ പരാതികൾ പരിഗണിക്കുവാൻ ഒരു ഫോറം ഉണ്ടാകുന്നത് ഉചിതമായിരിക്കുകയും, അത്തരം പണിമുടക്കുകൾ /സമരങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നതും മേൽപറഞ്ഞതു പോലെയുള്ള യഥാർത്ഥ പരാതികളുള്ള ബാറംഗങ്ങൾക്ക് ആയത് പ്രകടിപ്പിക്കുവാൻ സാധിക്കുകയും ചെയ്യുന്നതുമാണ്. അതിനാൽ, എല്ലാ ഹൈക്കോടതികളോടും, ചീഫ് ജസ്റ്റിസ് തലവനായി ഹൈക്കോടതികളിൽ പരാതി പരിഹാരസമിതി രൂപീകരിക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അത്തരം പരാതി പരിഹാര സമിതിയിൽ ചീഫ് ജസ്റ്റിസ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വീസിൽ നിന്നും ബാറിൽ നിന്നുമുള്ള മറ്റ് രണ്ട് മുതിർന്ന ജഡ്ജിമാർ, അഡ്വക്കേറ്റ് ജനറൽ, സംസ്ഥാന ബാർകൗൺസിൽ ചെയർമാൻ, ഹൈക്കോടതി ബാർ അസോസിയേഷൻ പ്രസിഡന്റ് എന്നിവർ ഉൾപ്പെടുന്നതാണ്. ജില്ലാ കോടതി തലത്തിലും സമാനമായ പരാതി പരിഹാരസമിതി രൂപീകരിക്കുന്ന കാര്യവും ഹൈക്കോടതിക്ക് പരിഗണിക്കാവുന്നതാണ്. അതത് സംസ്ഥാനങ്ങളിലെ ഹൈക്കോടതികളുടെ അല്ലെങ്കിൽ ഏതെങ്കിലും ജില്ലാ കോടതികളുടെ ഫയലിംഗ്/ലിസ്റ്റിംഗ് നടപടിക്രമങ്ങളിൽ മാറ്റങ്ങൾ വന്നതുമൂലം ഉണ്ടായ അഭിപ്രായ വ്യത്യാസങ്ങളോ, അസംതൃപ്തിയോ സംബന്ധിച്ച യഥാർത്ഥമായ പരാതിയോ കീഴ് ജുഡീഷ്യറിയിലെ ഏതെങ്കിലും അംഗത്തിന്റെ മോശമായ പെരുമാറ്റത്തെ സംബന്ധിച്ച യഥാർത്ഥമായ പരാതിയോ, പരാതി പരിഹാര സമിതിക്ക് പരിഗണിക്കാവുന്നതാണ്. എന്നാൽ അത്തരം പരാതി യഥാർത്ഥമായതും ഏതെങ്കിലും ജുഡീഷ്യൽ ഓഫീസറുടെ മേൽ സമ്മർദ്ദം ചെലുത്താൻ വേണ്ടിയിട്ടുള്ളതാകുവാൻ പാടില്ലാത്തതുമാണ്. മുകളിൽ പറഞ്ഞ പ്രകാരം നിലവിലെ അപേക്ഷയും തീർപ്പാക്കപ്പെടുന്നു. ഐ.എ.നമ്പർ 51257/2023 ഉം തീർപ്പാക്കപ്പെടുന്നു.

4. നിലവിലെ ഉത്തരവിന്മേൽ തുടർനടപടികൾ എടുക്കുന്നതിനായി ഈ ഉത്തരവിന്റെ പകർപ്പുകൾ എല്ലാ ഹൈക്കോടതികളിലേയും രജിസ്ട്രാർ ജനറലിന് അയക്കാൻ രജിസ്ട്രിക്ക് നിർദ്ദേശം നൽകുന്നു.




# ഹൈക്കോടതി വിധിന്യായങ്ങൾ

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ്**

**&**

**ബഹു. ജസ്റ്റിസ് സോഫി തോമസ്**

1. എക്സ് - അപ്പീൽവാദികൾ /ഹർജിക്കാർ
2. വൈ

**V.**

**ആരുമില്ല** - എതിർകക്ഷി

വൈവാഹിക അപ്പീൽ നമ്പർ 784/2022

(2023 ജൂൺ 8-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

സഹവാസബന്ധത്തെ (ലിവ് - ഇൻ - റിലേഷൻഷിപ്പ്) വിവാഹമായി നിയമം അംഗീകരിക്കുന്നില്ല. രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഒന്നിച്ചു ജീവിക്കുന്ന ദമ്പതികൾക്ക് കുടുംബ കോടതിവഴി വിവാഹമോചനം ആവശ്യപ്പെടുവാൻ കഴിയുകയില്ല. വ്യക്തി നിയമമോ മതേതരനിയമമോ പ്രകാരം അംഗീകരിക്കപ്പെട്ട വിവാഹരീതിക്ക് അനുസൃതമായി കക്ഷികൾ വിവാഹിതരായാൽ മാത്രമേ നിയമം അവരെ അംഗീകരിക്കുകയോ കുടുംബ കോടതിവഴി വിവാഹമോചനം ചെയ്യാൻ അനുവദിക്കുകയോ ചെയ്യുന്നുള്ളൂ.

### വിധിന്യായം

**ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ്**

ഈ അപ്പീൽ ഒരു അസാധാരണ സ്വഭാവമുള്ളതാണ്. അപ്പീൽവാദികൾ 19.02.2006-ന് രജിസ്റ്റർ ചെയ്ത ഒരു കരാറിലേർപ്പെട്ട് ഒരുമിച്ചു ജീവിക്കാൻ ആരംഭിച്ചു.

ആ ബന്ധത്തിൽ അവർക്ക് 16 വയസ്സ് പ്രായമുള്ള ഒരു കുട്ടിയുണ്ട്. ഇനി ഒരുമിച്ച് ജീവിക്കാൻ അവർ ആഗ്രഹിക്കുന്നില്ല. അവർ വളരെക്കാലം ഭാര്യാഭർത്താക്കന്മാരെപോലെ ജീവിച്ചു. രണ്ടുപേരും ഇപ്പോൾ ആ ബന്ധം ഒഴിവാക്കുവാൻ ആഗ്രഹിക്കുന്നു. ഒന്നാം അപ്പീൽവാദി ഒരു ഹിന്ദുവും രണ്ടാം അപ്പീൽവാദി ഒരു ക്രിസ്തുമത വിശ്വാസിയുമാണ്. എറണാകുളം കുടുംബ കോടതി മുമ്പാകെ പ്രത്യേക വിവാഹനിയമത്തിലെ (Special Marriage Act) 28-ാം വകുപ്പ് പ്രകാരം വിവാഹ മോചനത്തിനുള്ള ഒരു സംയുക്തഹർജി സമർപ്പിച്ചു.

2) പ്രത്യേക വിവാഹനിയമ പ്രകാരം വിവാഹം നടന്നിട്ടില്ലെന്ന കാരണത്താൽ കുടുംബ കോടതി വിവാഹമോചനത്തിനുള്ള ഹർജി തള്ളി. അങ്ങനെയാണ് അപ്പീൽവാദികൾ സംയുക്തമായി ഞങ്ങളുടെ മുമ്പാകെ ഈ അപ്പീലുമായി വന്നിരിക്കുന്നത്.

3) അപ്പീൽവാദികൾക്കുവേണ്ടി ഹാജരായ അഭിഭാഷക ധന്യ. പി. അശോകനെ ഞങ്ങൾ വിശദമായി കേട്ടു.

4) അപ്പീൽവാദികളുടെ അഭിഭാഷകയുടെ അഭിപ്രായത്തിൽ ഇരുകക്ഷികളും അവരുടെ ബന്ധം ഒരു പ്രഖ്യാപനത്തിലൂടെ വിവാഹമായി അംഗീകരിക്കുമ്പോൾ, അവർ നിയമപരമായി വിവാഹിതരാണോ അല്ലയോ എന്നത് കോടതി തീരുമാനിക്കേണ്ട കാര്യമല്ല. നിയമപരമായി വിവാഹിതരാണെന്ന അവരുടെ അവകാശവാദം ഉറപ്പിക്കാൻ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരമുള്ള രജിസ്റ്റർ ചെയ്യൽ തന്നെ മതിയാകും. 2009-ന് ശേഷം, രജിസ്ട്രേഷൻ ആക്റ്റിനു കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിൽ കൊണ്ടുവന്ന ഒരു ഭേദഗതിയിലൂടെ മാത്രമാണ് സബ് രജിസ്ട്രാറുടെ അധികാരം എടുത്തു കളഞ്ഞിട്ടുള്ളതെന്ന് ചൂണ്ടികാണിക്കപ്പെട്ടു.

5) നിയമനിർമ്മാണത്താൽ പ്രമാണീകരിക്കുകയും അംഗീകരിക്കുകയും ചെയ്ത ഒരു സാമൂഹിക വ്യവസ്ഥിതിയെന്നനിലയിൽ, വിവാഹം വിശാലസമൂഹം പിന്തുടരുന്ന സാമൂഹികവും ധാർമ്മികവുമായ ആശയങ്ങളെ പ്രതിഫലിപ്പിക്കുന്നു. സഹവാസ ബന്ധത്തെ (ലിവ് - ഇൻ - റിലേഷൻഷിപ്പ്) വിവാഹമായി നിയമം ഇനിയും അംഗീകരിക്കേണ്ടതായുണ്ട്. വ്യക്തി നിയമം അനുസരിച്ചോ പ്രത്യേക വിവാഹ നിയമം പോലുള്ള മതേതരനിയമമനുസരിച്ചോ നടത്തപ്പെടുന്ന വിവാഹങ്ങൾക്ക് മാത്രമാണ് നിയമം അംഗീകാരം നൽകുന്നത്. കക്ഷികൾ ഒരു ഉടമ്പടിപ്രകാരം ഒരുമിച്ച് ജീവിക്കാൻ തീരുമാനിച്ചാൽ, അതുകൊണ്ട് മാത്രം അതൊരു വിവാഹമാണെന്ന് അവകാശപ്പെടുന്നതിനും അതിന്മേൽ വിവാഹമോചനം അവകാശപ്പെടുന്നതിനും അവർ യോഗ്യരാകുന്നില്ല. നിയമപരമായ വിവാഹത്തെ വേർപെടുത്തുന്നതിനുള്ള മാർഗ്ഗമായാണ് വിവാഹമോചനത്തെ നിയമം കണക്കാക്കുന്നത്. മറ്റെവിടെയെങ്കിലും ബന്ധങ്ങൾ പരസ്പരമുള്ള ബാധ്യതയോ കടമകളോ സൃഷ്ടിക്കുന്ന സാഹചര്യ

ങ്ങളുണ്ടായേക്കാം. എന്നാൽ വിവാഹമോചനത്തിന്റെ കാര്യത്തിൽ അത്തരമൊരു ബന്ധം അംഗീകരിക്കാൻ കഴിയുമെന്ന് ഇതിനർത്ഥമില്ല. വിവാഹമോചനവുമായി ബന്ധപ്പെട്ട് നമ്മുടെ രാജ്യത്ത് അസാധാരണമായ നിയമമാണുള്ളത്, ആവശ്യാനുസരണമുള്ള മാറ്റങ്ങൾ നിയമനിർമ്മാണത്തിലൂടെ അതിന് വരുത്തിയിട്ടുള്ളതുമാണ്. ചില സമുദായങ്ങളിൽ പിന്തുടരുന്ന കോടതിവഴിയല്ലാത്ത വിവാഹമോചനത്തിനും നിയമങ്ങളിലൂടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മറ്റെല്ലാ വിവാഹമോചനങ്ങളും നിയമപരമായ സ്വഭാവമുള്ളതാണ്. വ്യക്തിനിയമമോ മതേതരനിയമമോ പ്രകാരം അംഗീകരിക്കപ്പെട്ട വിവാഹരീതിക്ക് അനുസൃതമായി കക്ഷികൾ വിവാഹിതരായാൽ മാത്രമേ നിയമം അത് അംഗീകരിക്കുകയും വിവാഹമോചനം ചെയ്യാൻ അവരെ അനുവദിക്കുകയും ചെയ്യുന്നുള്ളൂ.

6) വേർപിരിയലിനുള്ള അത്തരം അവകാശവാദം പരിഗണിക്കുവാൻ കുടുംബ കോടതിക്ക് അധികാരമില്ലെന്നും കൂടി ഞങ്ങൾ സൂചിപ്പിക്കുന്നു. വിവാഹവുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും അതിന്മേലുള്ള കുടുംബകാര്യങ്ങളും പരിഹരിക്കുന്നതിനായാണ് കുടുംബകോടതിനിയമം ഉണ്ടാക്കിയിട്ടുള്ളത്. കുടുംബകോടതി നിയമത്തിന്റെ ആമുഖത്തിൽ പരാമർശിച്ചിരിക്കുന്ന വിവാഹം, നിയമം അംഗീകരിച്ചിട്ടുള്ള വിവാഹത്തെ മാത്രമാണ് സൂചിപ്പിക്കുന്നത്. കക്ഷികൾ തമ്മിൽ ഒരു കരാറിലൂടെ ഏർപ്പെടുന്ന ഏതൊരു വിവാഹത്തിനും വിവാഹമോചനം അനുവദിക്കുന്നതിനായി നിയമപരമായ യാതൊരു അംഗീകാരവും ഇതുവരെയും ലഭിച്ചിട്ടില്ല. ഇത്തരം സാഹചര്യങ്ങളിൽ, വിവാഹമോചനത്തിനുള്ള അത്തരം അവകാശവാദം പരിഗണിക്കുവാൻ കുടുംബ കോടതിക്കും അധികാരമില്ല.

7) കുടുംബ കോടതി, വാസ്തവത്തിൽ കുറച്ചുകൂടി കടന്ന് പ്രത്യേക വിവാഹ നിയമപ്രകാരമല്ല വിവാഹം നടത്തിയതെന്ന് പറഞ്ഞ് വിവാഹമോചനത്തിനുള്ള ഹർജി തള്ളിക്കളയുകയാണ് ചെയ്തത്. കുടുംബ കോടതിയുടെ അധികാരപരിധിയിൽ വരുന്നതല്ലെങ്കിൽ ഹർജി നിലനിൽക്കുന്നതല്ലെന്നു മാത്രമേ കുടുംബ കോടതിക്ക് വിധിക്കാൻ കഴിയൂ, വേർപിരിയാനുള്ള അവകാശവാദം തള്ളിക്കളയാനാവില്ല. അത്തരം സാഹചര്യങ്ങളിൽ ആയത് നിലനിൽക്കില്ലെന്ന് പറഞ്ഞുകൊണ്ട് കുടുംബ കോടതി ഹർജി മടക്കി നൽകേണ്ടതായിരുന്നു എന്നതാണ് ഞങ്ങളുടെ അഭിപ്രായം.

മുകളിൽ ചർച്ചചെയ്തതുപ്രകാരം 2022-ലെ ഒ.പി. നമ്പർ 756 ഹർജി നിലനിൽക്കില്ലെന്നു കാണിച്ച് മടക്കിനൽകാൻ എറണാകുളം കുടുംബ കോടതിയോട് ഞങ്ങൾ നിർദ്ദേശിക്കുന്നു. കക്ഷികൾക്ക് അവരുടെ പ്രതിവിധി മറ്റെവിടെയങ്കിലും കണ്ടെത്താനുള്ള സ്വാതന്ത്ര്യം നൽകുന്നു. അതനുസരിച്ച് ഈ അപ്പീൽ തീർപ്പാക്കുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് അനു ശിവരാമൻ

**മുഹമ്മദ് കബീർ** – ഹർജിക്കാരൻ

**V.**

**പത്തനാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മറ്റൊരാളും** – എതിർകക്ഷികൾ

റിട്ട് ഹർജി (സിവിൽ) നമ്പർ 41464/2016

(2023 മേയ് 31–ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

1994–ലെ കേരള പഞ്ചായത്ത്രാജ് ആക്റ്റിന്റെ 203–ാം വകുപ്പ്-വസ്തുവിന്റെ നികുതിനിർണ്ണയം നടത്താതെ വസ്തുനികുതിക്കായി ഉന്നയിച്ച ഡിമാൻഡ് ക്ഷമതയില്ലാത്തതാണ്. കെട്ടിടത്തിന്റെ പഴക്കം ഉൾപ്പെടെയുള്ള പ്രസക്തമായ യാതൊരുഘടകവും പരിഗണിക്കാതെ സർക്കാർ വിജ്ഞാപനപ്രകാരം സാധ്യമാവുന്ന പരമാവധി നിരക്കാണ് വസ്തുനികുതിയായി ആവശ്യപ്പെട്ടിരിക്കുന്നത് എന്ന വാദത്തിന് കഴമ്പുള്ളതായി കാണുന്നു. എക്സിബിറ്റ് ആർ1(എ) സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനമാണെങ്കിൽപോലും, ആക്റ്റിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം അനുസരിച്ച് കെട്ടിടത്തിന്റെ അടിത്തറ വിസ്തീർണ്ണപ്രകാരം നൽകേണ്ട നികുതി നിശ്ചയിക്കാതെ, നികുതിക്കായി സ്വയമേ ഒരു ഡിമാൻഡ് ഉണ്ടാകാൻ കഴിയില്ല. പരിണിതഫലമായി, വസ്തു നികുതി നിർണ്ണയിച്ചതിൽ ഹർജിക്കാരൻ തന്റെ ആക്ഷേപങ്ങൾ സമർപ്പിക്കുന്ന സാഹചര്യത്തിൽ, ആയത് പരിശോധിക്കുന്നതിനും ഹർജിക്കാരന് നോട്ടീസ് നൽകി കൊണ്ട് നികുതി നിർണ്ണയിച്ചുകൊണ്ടുള്ള കൃത്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നു.

## വിധിന്യായം

**ജസ്റ്റിസ് അനു ശിവരാമൻ**

വസ്തുനികുതി അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരന് നൽകപ്പെട്ട എക്സിബിറ്റ് പി.5 ചോദ്യം ചെയ്തുകൊണ്ടാണ് ഈ റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്. ഹർജിക്കാരൻ നിർമ്മിച്ച കെട്ടിടത്തിന് 2000–ത്തിൽ വസ്തുനികുതി നിർണ്ണയിക്കുകയും ആവശ്യപ്പെട്ട പ്രകാരമുള്ള വസ്തുനികുതി

ഹർജിക്കാരൻ അടച്ചുവരികയായിരുന്നുവെന്നും ഹർജിക്കാരന്റെ അഭിഭാഷകൻ ബോധിപ്പിച്ചു. എന്നാൽ, എന്തെങ്കിലും മുൻകൂർ നോട്ടീസോ അറിയിപ്പോ ഇല്ലാതെ, 2013-14 മുതൽ ഹർജിക്കാരൻ അടയ്ക്കേണ്ടിയിരുന്ന വസ്തുനികുതി തുകയായി 1,36,731/ രൂപ അടയ്ക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 23.12.2016-ലെ എക്സിബിറ്റ് പി.5 നോട്ടീസ് നൽകിയതായി ബോധിപ്പിച്ചു. നിർണ്ണയിക്കപ്പെട്ട നികുതി പുതുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നോട്ടീസ് നൽകുകയോ ഹർജിക്കാരനെ കേൾക്കുകയോ ഉണ്ടായിട്ടില്ലെന്ന് ഹർജിക്കാരന്റെ അഭിഭാഷകൻ ബോധിപ്പിച്ചു. എക്സിബിറ്റ് പി.5 നൽകുന്ന സമയത്ത് ഹർജിക്കാരന്റെ കെട്ടിടത്തിനു 15 വർഷത്തിലേറെ പഴക്കമുണ്ടായിരുന്നുവെന്നും ചട്ടങ്ങൾ പ്രകാരം യാതൊരു വർദ്ധനയും വരുത്തേണ്ടതല്ലെന്നും ഹർജിക്കാരന്റെ അഭിഭാഷകൻ വാദിച്ചു.

2) 14.01.2011 തീയതിയിലെ എക്സിബിറ്റ് ആർ-1(എ) വിജ്ഞാപനപ്രകാരം സർക്കാർ അധികാരപ്പെടുത്തിയതനുസരിച്ച് വസ്തുനികുതി പൊതുവായി പുനഃപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് എക്സിബിറ്റ് പി.5 ഡിമാന്റ് ഉന്നയിച്ചതെന്ന് പ്രസ്താവിച്ചുകൊണ്ട് എതിർകക്ഷികൾ എതിർ സത്യവാങ്മൂലം സമർപ്പിച്ചു. ഹർജിക്കാരന്റെ കെട്ടിടം 2000-2001 വർഷത്തിൽ നിർമ്മിച്ചതാണെന്നും കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും ബോധിപ്പിച്ചു. വസ്തുനികുതി 8,359/-രൂപയോടൊപ്പം ലൈബ്രറി സെസ്സും ചേർത്ത് നിർണ്ണയിച്ചിട്ടുള്ളതാണെന്നും ആയത് 2011-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ വ്യത്യാസപ്പെട്ടിട്ടില്ലാത്തതുമാണെന്നും ബോധിപ്പിച്ചു. എക്സിബിറ്റ് പി.5 പുറപ്പെടുവിക്കുന്നതുവരെ ഹർജിക്കാരൻ അതേ വസ്തു നികുതി തന്നെ അടച്ചുവരികയായിരുന്നുവെന്നും ബോധിപ്പിച്ചു. എക്സിബിറ്റ് ആർ-1(എ)പ്രകാരം ആഡിറ്റോറിയങ്ങളുടെ അടിസ്ഥാനനിരക്ക് അടിത്തറ വിസ്തീർണ്ണത്തിന്റെ (പ്ലിന്ത് ഏരിയ) ഓരോ ചതുരശ്രമീറ്ററിനും കുറഞ്ഞത് 20 രൂപയും പരമാവധി 40 രൂപയുമായി പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ 840 ചതുരശ്രമീറ്റർ അടിത്തറ വിസ്തീർണ്ണമുള്ള ഹർജിക്കാരന്റെ കെട്ടിടത്തിന് 35,280/-രൂപ നികുതിയായി നിർണ്ണയിക്കുകയും ആയത് അടയ്ക്കുവാൻ ആവശ്യപ്പെടുകയുമാണ് ചെയ്തത്. വസ്തുനികുതി ഉയർത്തൽ/വർദ്ധനവിനെ സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി വർത്തമാനപത്രങ്ങളിൽ നോട്ടീസും വാർത്തയും പ്രസിദ്ധീകരിച്ചിരുന്നതിനാൽ എക്സിബിറ്റ് പി5 ഡിമാൻഡ് നോട്ടീസിൽ നിയമവിരുദ്ധമായി യാതൊന്നുമില്ലെന്നും കൂടി ബോധിപ്പിച്ചു. നോട്ടീസിൽ യാതൊരു എതിർപ്പുകളും ഹർജിക്കാരൻ സമർപ്പിച്ചിട്ടില്ലാത്തതിനാൽ എക്സിബിറ്റ് പി5 പൂർണ്ണമായും ക്രമത്തിലുള്ളതാണെന്നും പ്രസ്താവിച്ചു.

3) മുന്നോട്ട് വച്ച വാദങ്ങൾ പരിഗണിച്ചതിൽ, കെട്ടിടവിഭാഗങ്ങളുടെ അടിത്തറ വിസ്തീർണ്ണത്തിന് (പ്ലിന്ത് ഏരിയ) അനുസൃതമായി വസ്തുനികുതിയുടെ കുറഞ്ഞതും

പരമാവധിയുമായ നിരക്കുകളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും വിജ്ഞാപനം വഴി നിജപ്പെടുത്തുവാൻ സർക്കാരിന് അധികാരം നൽകുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 203-ാം വകുപ്പിന്റെ 2-ഉം 5-ഉം ഉപവകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ച ഒരു വിജ്ഞാപനമാണ് എക്സിബിറ്റ് ആർ 1 (എ) എന്ന് ഞാൻ മനസ്സിലാക്കുന്നു. 2-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധികളും 3-ാംഉപവകുപ്പിന് വിധേയമായി ഗ്രാമപഞ്ചായത്ത് ഒരിക്കൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും അവ പ്രാബല്യത്തിൽ വന്ന തീയതി മുതൽ 5 വർഷത്തേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണെന്നും അതിനുശേഷം ഓരോ അഞ്ച് വർഷങ്ങൾ പൂർത്തിയാകുമ്പോഴും സർക്കാരും ഗ്രാമപഞ്ചായത്തും യഥാക്രമം ഓരോ അഞ്ച് വർഷക്കാലയളവിന്റെ പൂർത്തീകരണത്തിലും 25% വർദ്ധനവ് ഉണ്ടാകത്തക്ക രീതിയിൽ ഓരോ വർഷവും നിലവിലുള്ള പരിധികളിലും നിരക്കിലും 5% നിരക്കിൽ വർദ്ധനവ് വരുത്തിക്കൊണ്ട് അടുത്ത 5 വർഷക്കാലയളവിലേക്ക് പ്രാബല്യം ഉണ്ടാകുന്നതിലേക്കായി അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും 26.04.2013-ൽ പ്രയോഗത്തിൽ കൊണ്ടുവന്ന 4-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. മുകളിൽ പറഞ്ഞതുപോലെ, പുതുക്കിയ നികുതി നിരക്കുകളനുസരിച്ച് നികുതി നിർണ്ണയിക്കുമ്പോൾ, പുതിയതും നവീകരിച്ചതും ഉപയോഗത്തിൽ മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളുടെ സംഗതിയിൽ, നിർദ്ദേശിച്ച പ്രകാരമുള്ള നികുതി സെക്രട്ടറി നിശ്ചയിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഖണ്ഡം (എ)യിൽ പറഞ്ഞിരിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടാത്തതും കുറഞ്ഞത് 5 വർഷക്കാലയളവിലേക്ക് വാർഷിക വസ്തുനികുതി പുതുക്കുന്നതിനുവേണ്ടി അടിത്തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ വാർഷിക വസ്തുനികുതി നിശ്ചയിച്ചതുമായ കെട്ടിടങ്ങൾക്ക് നിലവിലുള്ള വാർഷിക വസ്തുനികുതിയോടൊപ്പം 25% നികുതി വർദ്ധനവ് വരുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത് പരിഷ്ക്കരിക്കേണ്ടതും അതനുസരിച്ച് സെക്രട്ടറി കെട്ടിട ഉടമയ്ക്ക് അടുത്ത 5 വർഷത്തേക്കുള്ള കൽപ്പിത നോട്ടീസ് (deemed notice) നൽകേണ്ടതും എന്നാൽ അപ്രകാരം വാർഷിക വസ്തു നികുതി പരിഷ്ക്കരിക്കുമ്പോൾ 7-ാം ഉപചട്ടപ്രകാരമുള്ള യാതൊരു കിഴിവും കൂട്ടിച്ചേർക്കലും ബാധകമല്ലാത്തതാണെന്നും ഖണ്ഡം (ബി) വ്യവസ്ഥ ചെയ്യുന്നു. 2011-ലെ ചട്ടങ്ങളിലെ വ്യവസ്ഥകളെയും ഇരുഭാഗം അഭിഭാഷകരും ആശ്രയിച്ചു. 10 വർഷത്തേക്കാൾ പഴക്കമുള്ള കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം യാതൊരു വർദ്ധനവും വിഭാവനം ചെയ്യുന്നില്ലെന്ന് ഹർജിക്കാരന്റെ അഭിഭാഷകൻ ബോധിപ്പിച്ചു.

4) 14.01.2011 തീയതിയിലെ എക്സിബിറ്റ് ആർ 1(എ) വിജ്ഞാപനം, നിർദ്ദിഷ്ട കെട്ടിടവിഭാഗങ്ങളുടെ കാര്യത്തിൽ കുറഞ്ഞതും പരമാവധിയുമായ വസ്തുനികുതി നിശ്ചയിക്കാൻ പഞ്ചായത്ത് രാജ് ആക്റ്റിലെ 203-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിനെ അധികാരപ്പെടുത്തുന്ന ഒരു വിജ്ഞാപനം മാത്രമാണെന്ന്

ഞാൻ മനസ്സിലാക്കുന്നു. നിലവിലെ കേസിൽ, ഹർജിക്കാരന്റെ കെട്ടിടം 2000–2001–ൽ നിർമ്മിച്ചതാണെന്നും കെട്ടിടത്തിന്റെ വാർഷികവാടക മൂല്യത്തിന്റെ അടിസ്ഥാന ത്തിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നുമാണ് പഞ്ചായത്ത് ഉറപ്പിച്ചു പറയുന്നത്. എക്സിബിറ്റ് ആർ 1(എ) സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപന മാണെങ്കിൽപോലും, ആക്റ്റിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം അനുസരിച്ച് കെട്ടിടത്തിന്റെ അടിത്തറവിസ്തീർണ്ണപ്രകാരം നൽകേണ്ട നികുതി നിശ്ചയിക്കാതെ, നികുതിക്കായി സ്വയമേ ഒരു ഡിമാൻഡ് ഉണ്ടാകാൻ കഴിയില്ല. നികുതി വർദ്ധനവ് സംബന്ധിച്ച് വർത്തമാനപത്രങ്ങളിൽ നോട്ടീസുകൾ പ്രസിദ്ധീകരിച്ചുവെന്ന് എതിർസത്യവാങ്മൂലത്തിൽ വാദിച്ചിട്ടുണ്ടെങ്കിലും, ഓഡിറ്റോറിയങ്ങളുടെ നികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/-രൂപയായി നിശ്ചയിച്ച എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തു എന്ന് കാണിക്കാൻ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല.

5) മേൽപ്പറഞ്ഞവിധം വിഷയത്തെ നിരീക്ഷിക്കുമ്പോൾ, യാതൊരു നികുതി നിർണ്ണയവും നടത്താതെ ഉന്നയിച്ച എക്സിബിറ്റ് പി.5 ഡിമാൻഡ് ക്ഷമത യില്ലാത്തതാണ് എന്നതാണ് എന്റെ അഭിപ്രായം. കെട്ടിടത്തിന്റെ പഴക്കം ഉൾപ്പെടെയുള്ള പ്രസക്തമായ യാതൊരു ഘടകവും പരിഗണിക്കാതെ എക്സിബിറ്റ് ആർ 1(എ) പ്രകാരം വിജ്ഞാപനം ചെയ്ത സാധ്യമായ പരമാവധി നിരക്കാണ് നികുതിയായി ആവശ്യപ്പെട്ടിരിക്കുന്നത് എന്ന ഹർജിക്കാരന്റെ വാദത്തിന് കഴമ്പുള്ളതായി കാണുന്നു. പരിണിതഫലമായി, വസ്തുനികുതി നിർണ്ണയിച്ചതിൽ ഹർജിക്കാരൻ തന്റെ ആക്ഷേപങ്ങൾ സമർപ്പിക്കുന്ന സാഹചര്യത്തിൽ, ആയത് പരിശോധിക്കുന്നതിനും, ഹർജിക്കാരന് നോട്ടീസ് നൽകി, നികുതി നിർണ്ണയിച്ചു കൊണ്ടുള്ള കൃത്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നു. അത്തരത്തിൽ നികുതി നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ഡിമാൻഡ് ഉണ്ടെങ്കിൽ ആയത് പഞ്ചായത്ത്രാജ് ആക്റ്റിന്റെയും അതിൻകീഴിലുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സെക്രട്ടറിക്ക് ഉന്നയിക്കാവുന്നതാണ്. ആക്ഷേപങ്ങൾ ശരിയായി പരിഗണിക്കുന്നത് സാധ്യമാക്കു ന്നതിനായി എക്സിബിറ്റ് പി.5 റദ്ദാക്കുന്നു. ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ ഒരു മാസക്കാലയളവിനുള്ളിൽ ഹർജിക്കാരന് നോട്ടീസ് നൽകുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. അതിനുശേഷം രണ്ട് മാസക്കാലയളവിനുള്ളിൽ ഹർജിക്കാരൻ ഉന്നയിച്ച ആക്ഷേപങ്ങൾ കൂടി പരിഗണിച്ചശേഷം നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

അതനുസരിച്ച് റിട്ട് ഹർജി തീർപ്പാക്കുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ**
**&**
**ബഹു. ജസ്റ്റിസ് പി.ജി. അജിത്കുമാർ**

**രേവതി.എം** – ഹർജിക്കാരി

**V.**

**സനോജ്** – എതിർകക്ഷി

ഒ. പി. (എഫ്.സി)നമ്പർ 422/2022

(2023 ജനുവരി 17–ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ഇന്ത്യൻ ഭരണഘടനയുടെ 227–ാം അനുച്ഛേദപ്രകാരം ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള പ്രഥമഹർജിയിൽ, 1955–ലെ ഹിന്ദു വിവാഹനിയമത്തിലെ 13ബി വകുപ്പിലെ വ്യവസ്ഥകൾ പ്രകാരമുള്ള പരസ്പര സമ്മതത്തോടെയുള്ള വിവാഹമോചനത്തിനായുള്ള അപേക്ഷയോ, നിയമ പരമായ ആറ് മാസക്കാലയളവ് ഉപേക്ഷിക്കുന്നതിനായി 13ബി (2) വകുപ്പ് പ്രകാരമുള്ള അപേക്ഷയോ പരിഗണിക്കുവാൻ കഴിയുന്നതല്ല. ഹിന്ദു വിവാഹ നിയമത്തിലെ 13ബി വകുപ്പ് പ്രകാരമുള്ള പരസ്പരസമ്മതത്തോടെയുള്ള വിവാഹമോചനത്തിനായുള്ള അപേക്ഷ, പ്രാദേശികാധികാരമുള്ള കുടുംബ കോടതി മുമ്പാകെയോ അല്ലെങ്കിൽ 1984–ലെ കുടുംബ കോടതി ആക്റ്റിലെ 19(1) വകുപ്പ് പ്രകാരം കുടുംബ കോടതിയുടെ വിധിന്യായത്തിൽനിന്നും ഉത്തരവിൽനിന്നും ഉത്ഭവിച്ച് ഈ കോടതി മുമ്പാകെ നിലവിലുള്ള അപ്പീലിലോ മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

### വിധിന്യായം

**ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ**

25.08.2019–ന് കക്ഷികൾ തമ്മിൽ നടത്തിയ വിവാഹം അസാധുവായി പ്രഖ്യാപിക്കുവാൻ ആവശ്യപ്പെട്ട് കാസർഗോഡ് കുടുംബ കോടതിയുടെ ഫയലിൽ

ഇതിലെ എതിർകക്ഷിയായ ഭർത്താവ് സമർപ്പിച്ച 2020-ലെ ഒ.പി.71-ലെ എതിർകക്ഷിയാണ് ഹർജിക്കാരി. 2020-ലെ ഒ.പി. നമ്പർ 71-ൽ പ്രസ്തുത പ്രഥമഹർജിയുടെ നിലനിൽപ്പിനെകുറിച്ച് ഉന്നയിച്ച പ്രാരംഭ തർക്കവിഷയം ഹർജിക്കാരിക്കെതിരാണെന്നു കണ്ട കുടുംബ കോടതിയുടെ 22.06.2022-ലെ എക്സിബിറ്റ് പി12 ഉത്തരവ് റദ്ദാക്കുവാൻ ഉത്തരവിടണമെന്നാവശ്യപ്പെട്ടാണ് ഇന്ത്യൻ ഭരണഘടനയുടെ 227-ാം അനുഛേദ പ്രകാരമുള്ള ഈ കോടതിയുടെ മേൽനോട്ടാധികാരം ഉപയോഗിച്ച് ഹർജിക്കാരി ഈ പ്രഥമഹർജി ഫയൽ ചെയ്തിരിക്കുന്നത്. എക്സിബിറ്റ് പി1 പ്രഥമഹർജി കുടുംബ കോടതി മുമ്പാകെ നിലനിൽക്കില്ല എന്ന പ്രഖ്യാപനം വേണമെന്നുകൂടി ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുണ്ട്.

2) 25.07.2022-ന് ഈ പ്രഥമഹർജി അഡ്മിഷന് വന്നപ്പോൾ അഡ്മിറ്റ് ചെയ്യുന്നതിനുമുമ്പായി ഈ കോടതി എതിർകക്ഷിക്ക് വേഗതപാലിൽ നോട്ടീസ് അയച്ചു. അതോടൊപ്പം തന്നെ കാസർഗോഡ് കുടുംബ കോടതി മുമ്പാകെയുള്ള തന്റെ അഭിഭാഷകൻ മുഖേന എതിർകക്ഷിക്ക് നോട്ടീസ് നൽകാൻ ഹർജിക്കാരിയെ അനുവദിച്ചു. ഈ പ്രഥമഹർജി തീർപ്പാക്കുന്നതുവരെ എക്സിബിറ്റ് പി12 അനുസരിച്ചുള്ള എല്ലാ തുടർനടപടികളും നിർത്തിവച്ചുകൊണ്ട് ഒരു ഇടക്കാല ഉത്തരവ് ഈ കോടതി അനുവദിച്ചു. കാലാകാലങ്ങളിലായി നീട്ടിയ പ്രസ്തുത ഇടക്കാല ഉത്തരവ് ഇപ്പോഴും പ്രാബല്യത്തിലുണ്ട്.

3) ഈ പ്രഥമഹർജി നിലവിലിരിക്കെത്തന്നെ കക്ഷികളെ മധ്യസ്ഥതയ്ക്ക് (മീഡിയേഷന്) റഫർ ചെയ്തു. അവർ തർക്കം മധ്യസ്ഥതയിൽ പരിഹരിക്കുകയും കക്ഷികൾ തമ്മിൽ ഉടമ്പടി ചെയ്ത 03.01.2023 തീയതിയിലെ കരാർപത്രിക 03.01.2023 തീയതിയിലെ മധ്യസ്ഥന്റെ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കുകയും ചെയ്തു. 03.01.2023 തീയതിയിലെ കരാർപത്രികയിൽ അടങ്ങിയിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളുമനുസരിച്ച് ഈ പ്രഥമഹർജിയിൽ 2023-ലെ ഐ.എ (ഇടക്കാല അപേക്ഷ) നമ്പരുകൾ 1 ഉം 2 ഉം സമർപ്പിച്ചിട്ടുണ്ട്. 2023-ലെ ഐ.എ നം. 2 എന്നത് 1955-ലെ ഹിന്ദു വിവാഹ നിയമത്തിലെ 13 ബി വകുപ്പുപ്രകാരം പരസ്പരസമ്മതത്തോടെയുള്ള വിവാഹമോചന ഉത്തരവ് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച സംയുക്ത ഹർജിയും, 2023-ലെ ഐ.എ നം.1 എന്നത് ആറ് മാസത്തെ നിയമപരമായ കാലയളവ് ഉപേക്ഷിക്കു ന്നതിനായി നിയമത്തിലെ 13(ബി)(2) പ്രകാരം സമർപ്പിച്ചിട്ടുള്ള ഒന്നുമാണ്.

4) 16.01.2023-ന് ഈ പ്രഥമഹർജി പരിഗണനയ്ക്ക് വന്നപ്പോൾ ഇരുകക്ഷികളും നേരിട്ട് കോടതിയിൽ ഹാജരായിരുന്നു. ഞങ്ങൾ കക്ഷികളുമായി ആശയവിനിമയം നടത്തി.

ഇന്ത്യൻ ഭരണഘടനയുടെ 227-ാം അനുച്ഛേദപ്രകാരം സമർപ്പിച്ച പ്രഥമഹർജിയിലെ ഇടക്കാല അപേക്ഷകളുടെ നിലനിൽപ്പിന്മേലുള്ള വാദങ്ങൾ ഇരുവശത്തുമുള്ള അഭിഭാഷകർക്ക് പറയുന്നതിനായി 16.01.2023 തീയതിയിലെ ഉത്തരവിലൂടെ ഈ പ്രഥമഹർജി ഇന്നത്തേക്ക് ലിസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു. 16.01.2023-ന്, മധ്യസ്ഥ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് കുടുംബ കോടതി മുമ്പാകെ എതിർകക്ഷി സമർപ്പിച്ച ഒ.പി.71/2020 പിൻവലിച്ചതിനാൽ ഇതിനകം തന്നെ തള്ളിയിട്ടുണ്ട് എന്ന് ഈ കോടതി മുമ്പാകെ ചൂണ്ടിക്കാണിക്കപ്പെട്ടു.

5) ഹർജിക്കാരിയുടേയും എതിർകക്ഷിയുടേയും അഭിഭാഷകരെ കേട്ടു.

6) ഇതിനുമുമ്പ് ഇവിടെ സൂചിപ്പിച്ചതുപോലെ, ഇന്ത്യൻ ഭരണഘടനയിലെ 227-ാം അനുച്ഛേദപ്രകാരമുള്ള മേൽനോട്ടാധികാരപ്രകാരം സമർപ്പിച്ചിട്ടുള്ള ഒന്നാണ് ഈ പ്രഥമഹർജി. ഹിന്ദു വിവാഹനിയമത്തിലെ 13 ബി വകുപ്പ് പ്രകാരമുള്ള പരസ്പര സമ്മതത്തോടെയുള്ള വിവാഹമോചനത്തിനായുള്ള അപേക്ഷ, പ്രാദേശികാധികാരമുള്ള കുടുംബ കോടതിക്കോ അല്ലെങ്കിൽ 1984-ലെ കുടുംബ കോടതി നിയമത്തിലെ 19(1)വകുപ്പ് പ്രകാരം കുടുംബ കോടതിയുടെ വിധിയിൽ നിന്നും ഉത്ഭവിച്ച് ഈ കോടതി മുമ്പാകെ നിലവിലുള്ള അപ്പീലിലോ മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. ഇത്തരം ഒരു പ്രഥമഹർജിയിൽ മേൽനോട്ടാധികാരം വിനിയോഗിച്ചുകൊണ്ട് യാതൊരു വിവാഹമോചന ഉത്തരവും പുറപ്പെടുവിക്കാൻ കഴിയുകയില്ല എന്നതിനാൽ അത്തരം ഒരു അപേക്ഷ ഇന്ത്യൻ ഭരണഘടനയുടെ 227-ാം വകുപ്പ് പ്രകാരം ഈ കോടതിമുമ്പാകെ ഫയൽ ചെയ്ത ഒരു പ്രഥമഹർജിയിൽ പരിഗണിക്കാൻ സാധിക്കുകയില്ല.

7) ഹിന്ദു വിവാഹ നിയമത്തിലെ 13ബി വകുപ്പുപ്രകാരമുള്ള ഒരു സംയുക്ത ഹർജിയും ഒപ്പം 2019 ഡിസംബർ മുതൽ ഇരുകക്ഷികളും വേർപെട്ട് താമസിക്കുന്നതിനാൽ ആറ് മാസത്തെ നിയമപരമായ കാലയളവ് ഉപേക്ഷിക്കുന്നതിന് പ്രസ്തുത ആക്റ്റിലെ 13ബി (2) വകുപ്പ് പ്രകാരമുള്ള ഒരപേക്ഷയും കാസർഗോഡ് കുടുംബ കോടതി മുമ്പാകെ കക്ഷികൾ സമർപ്പിക്കുമെന്ന് ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും അഭിഭാഷകർ ബോധിപ്പിച്ചു.

8) സാഹചര്യങ്ങൾ ഇങ്ങനെയാകവെ, ഈ പ്രഥമഹർജി, 03/01/2023-ലെ മെമ്മോറാണ്ടം ഉടമ്പടിയിൽ അടങ്ങിയിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി, ഹിന്ദു വിവാഹനിയമത്തിലെ 13 ബി വകുപ്പുപ്രകാരം പരസ്പര

സമ്മതത്തോടെ വിവാഹമോചനത്തിനുള്ള സംയുക്ത ഹർജി, പ്രസ്തുത ഒത്തുതീർപ്പിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രസ്തുത ആക്റ്റിലെ 13ബി (2) വകുപ്പ് പ്രകാരം ആറ് മാസത്തെ നിയമപരമായ കാലയളവ് ഉപേക്ഷിക്കണമെന്ന അപേക്ഷയോടൊപ്പം കാസർഗോഡ് കുടുംബ കോടതി മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന രൂപഭേദപ്പെടുത്തലിനു വിധേയമായി തീർപ്പാക്കുന്നു.

9. കാസർഗോഡ് കുടുംബ കോടതി മുമ്പാകെ പരസ്പരസമ്മതത്തോടെയുള്ള വിവാഹമോചന ഉത്തരവിനായി ഹിന്ദു വിവാഹ നിയമത്തിലെ 13ബി വകുപ്പ് പ്രകാരം ഒരു സംയുക്തഹർജി ഒരാഴ്ചയ്ക്കുള്ളിൽ കക്ഷികൾ സമർപ്പിക്കുമെന്ന് ഇരുഭാഗം അഭിഭാഷകരും ബോധിപ്പിച്ചു. സായുധസേനാംഗമായ എതിർകക്ഷിക്ക് ഉടൻ ജോലിയിൽ പുനഃപ്രവേശിക്കേണ്ടതിനാൽ പ്രസ്തുത നിയമത്തിലെ 13ബി വകുപ്പ് പ്രകാരം സമർപ്പിച്ച സംയുക്തഹർജിയിലെ നടപടികളിൽ ഓൺലൈനായി ഹാജരാകുവാൻ അനുമതി തേടി കാസർഗോഡ് കുടുംബ കോടതിയിൽ ഒരപേക്ഷ സമർപ്പിക്കുന്നതാണെന്നും എതിർകക്ഷിയുടെ അഭിഭാഷകൻ ബോധിപ്പിച്ചു.

കോടതിയിൽ നടത്തിയ വാദങ്ങൾ പരിഗണിച്ച് ഹിന്ദു വിവാഹനിയമത്തിലെ 13 ബി വകുപ്പ് പ്രകാരം ഫയൽ ചെയ്ത പ്രഥമഹർജി, ഇടക്കാല അപേക്ഷകളോടൊപ്പം മധ്യസ്ഥതയിലെ തർക്കപരിഹാരങ്ങൾ കണക്കിലെടുത്തുകൊണ്ട്, കഴിയുന്നത്ര വേഗത്തിൽ പരിഗണിക്കുവാൻ കാസർഗോഡ് കുടുംബ കോടതിക്കോ അല്ലെങ്കിൽ പ്രസ്തുത കുടുംബ കോടതിയുടെ ചുമതലയുള്ള കോടതിക്കോ നിർദ്ദേശം നൽകുന്നത് ഉചിതമാകുമെന്ന് ഞങ്ങൾ കരുതുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എൻ. നഗരേഷ്**

**കെ. ആർ. സന്തോഷ്** –ഹർജിക്കാരൻ

**V.**

**തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറും മറ്റുള്ളവരും** – എതിർകക്ഷികൾ

റിട്ട് ഹർജി (സിവിൽ) നമ്പർ 18521/2023

(2023 ജൂൺ 9–ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

2008–ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റ് – 1967–ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം നിയമപരമായ ഒരു ഉത്തരവ് പുറപ്പെടുവിച്ചതിനെതുടർന്ന് ഹർജിക്കാരന്റെ വസ്തുവിന്റെ തരം മാറ്റുവാൻ അനുവദിച്ചിട്ടുള്ളതിനാൽ, വസ്തുവുമായി ബന്ധപ്പെട്ട അടിസ്ഥാന നികുതി നിരക്ക് പുനർനിർണ്ണയിക്കുവാനും ഹർജിക്കാരൻ ഹാജരാക്കിയ 1967–ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം നേടിയിട്ടുള്ള അനുമതിയുടെ സത്യസന്ധതയും യഥാർത്ഥതയും ആവശ്യമെങ്കിൽ പരിശോധിച്ചശേഷം അടിസ്ഥാന നികുതി രജിസ്റ്ററിൽ (ബി ടി ആർ) ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനം ബാധ്യസ്ഥരാണ്.

### വിധിന്യായം

**ജസ്റ്റിസ് എൻ. നഗരേഷ്**

തന്റെ വസ്തുവിന്റെ അടിസ്ഥാനനികുതി നിരക്ക് പുനർനിർണ്ണയിക്കുന്നതിനും അടിസ്ഥാന നികുതി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനുമായി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുവാൻ രണ്ടാം എതിർകക്ഷിയായ തഹസിൽദാർ വീഴ്ച വരുത്തിയതിനാലാണ് ഹർജിക്കാരൻ ഈ കോടതി മുമ്പാകെ എത്തിയത്.

2) തൃശ്ശൂർ ജില്ലയിലെ ചിയ്യാരം ഗ്രാമത്തിലെ പഴയ സർവ്വേ നമ്പർ 59/പി.ടി.4–ലെ 0.1817 ഹെക്ടർ വസ്തുവിന്റെ ഉടമയാണ് ഹർജിക്കാരൻ. തർക്കവിഷയമായ വസ്തു

1997-ലാണ് വാങ്ങിയത്. വസ്തുവിന്റെ മുൻ അവകാശി 1967-ലെ ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വസ്തു തനിക്ക് കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന അപേക്ഷയുമായി ഒന്നാം എതിർ കക്ഷിയായ റവന്യൂ ഡിവിഷൻ ഓഫീസറെ സമീപിച്ചു. വസ്തു കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ അനുവദിച്ചുകൊണ്ട് 1967-ലെ കേരള ഭൂവിനി യോഗ ഉത്തരവിലെ ഖണ്ഡം 6 പ്രകാരം എക്സിബിറ്റ് പി. 3 ഉത്തരവ് റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിച്ചു.

3) 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം എക്സിബിറ്റ് പി.3 ഉത്തരവ് 1996-ൽ പുറപ്പെടുവിച്ചെങ്കിലും അടിസ്ഥാന നികുതി നിരക്ക് നിശ്ച്യിക്കുന്നതിനായി വസ്തു പുനർമൂല്യനിർണ്ണയം ചെയ്തില്ലെന്നും റവന്യൂരേഖകളിൽ വസ്തുവിന്റെ വിവരണം ഇപ്പോഴും നിലം (നെൽപ്പാടം) എന്നാണെന്നുമാണ് ഹർജിക്കാരന്റെ പരാതി. 1961-ലെ കേരള ഭൂനികുതി ആക്റ്റിലെ 6(3) വകുപ്പ് പ്രകാരം അടിസ്ഥാനനികുതി പുനർനിർണ്ണ യിക്കുന്നതിനും അടിസ്ഥാന നികുതി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനുമായി ഹർജിക്കാരൻ എക്സിബിറ്റ് പി.5 അപേക്ഷ സമർപ്പിച്ചു. എന്നാൽ, തഹസിൽദാർ അപേക്ഷയിന്മേൽ യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. അതിനാലാണ് ഹർജിക്കാരൻ ഈ കോടതിയെ സമീപിച്ചിട്ടുള്ളത്.

4) എതിർകക്ഷികൾക്കുവേണ്ടി സർക്കാർ അഭിഭാഷകൻ ഹാജരാകുകയും റിട്ട് ഹർജിയെ എതിർക്കുകയും ചെയ്തു. റിട്ട് ഹർജിയിൽ ഹർജിക്കാരൻ പറയുന്ന എല്ലാ സാരവത്തായ ആരോപണങ്ങളെയും സർക്കാർ അഭിഭാഷകൻ ഖണ്ഡിച്ചു. എക്സിബിറ്റ് പി.3 നടപടിക്രമം 1996-ലേതാണ് എന്ന് ബോധിപ്പിച്ചു. 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച എക്സിബിറ്റ് പി.3 നടപടിക്രമത്തിന്റെ സത്യസന്ധതയും യഥാർത്ഥതയും പരിശോധിക്കപ്പെടേണ്ടതാണ്. 1961-ലെ കേരള ഭൂനികുതി ആക്റ്റ് പ്രകാരം അടിസ്ഥാന നികുതി പുനർനിർണ്ണയിക്കും മുമ്പേ വസ്തുവിന്റെ നിലവിലെ സ്ഥിതികൂടി പരിശോധിച്ചറിയേണ്ടതുണ്ട്.

5) ഹർജിക്കാരന്റെ അഭിഭാഷകനെയും എതിർകക്ഷികളെ പ്രതിനിധീകരിക്കുന്ന സർക്കാർ അഭിഭാഷകനെയും ഞാൻ കേട്ടു.

6) 1967-ലെ കേരളഭൂവിനിയോഗ ഉത്തരവ് പ്രകാരം നേടിയ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ***മേരി എബ്രഹാം v. കേരള സംസ്ഥാനവും മറ്റുള്ളവരും*** [2020(4) KLT 448] എന്നതിലെ വിധിയിൽ ഭൂനികുതി പുനർനിർണ്ണയിക്കുന്ന വിഷയം ഈ

കോടതി പരിഗണിച്ചിരുന്നു. വസ്തുവിന്റെ തരംമാറ്റം അനുവദിച്ച് 1967-ലെ കേരളഭൂവിനിയോഗ ഉത്തരവിലെ ചട്ടം 6(2) പ്രകാരം ഒരിക്കൽ ഉത്തരവ് പാസ്സാക്കിയാൽ, അപ്പോൾ മുതൽ വസ്തുവിനെ നിലം, നെൽപ്പാടം എന്നിങ്ങനെ കാണിക്കുന്ന ബി റ്റി ആർ-ലെ മുൻ രേഖപ്പെടുത്തലുകൾ വ്യർത്ഥവും അനാവശ്യവുമായിത്തീരുന്നതും വസ്തുവിന്റെ പുതിയ മൂല്യനിർണ്ണയം നടത്തുവാൻ തഹസിൽദാരെപ്പോലെ ക്ഷമതയുള്ള റവന്യൂ ഉദ്യോഗസ്ഥർ 1961-ലെ കേരളഭൂനികുതി ആക്റ്റിലെ 6എ വകുപ്പനുസരിച്ച് നിയമപ്രകാരം ബാധ്യസ്ഥരാകുന്നതുമാണെന്ന് ഈ കോടതി വിധിച്ചു.

7) ***എറണാകുളം ജില്ലാകളക്ടറും മറ്റുള്ളവരും V. ഫാദർ ജോസ് ഉപ്പാനിയും മറ്റുള്ളവരും*** (2020 (4) KLT 612)-ൽ ഈ തർക്ക വിഷയം ഈ കോടതിയുടെ ഡിവിഷൻ ബഞ്ചും പരിഗണിച്ചിട്ടുള്ളതും അന്തിമ തീയതിയായ 2008-ലെ കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ ആക്റ്റിൽ 27എ വകുപ്പ് പുതുതായി കൊണ്ടുവരുന്നതിന് മുമ്പ് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം ഒരപേക്ഷകൻ ഉത്തരവുകൾ നേടിയിട്ടുണ്ടെങ്കിൽ, 1961-ലെ കേരള ഭൂനികുതി ആക്ടിലെ വ്യവസ്ഥകൾപ്രകാരം സമർപ്പിക്കുന്ന പിൽക്കാല അപേക്ഷകൾ പരിഗണിക്കുവാൻ ക്ഷമതയുള്ള റവന്യൂ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് ഡിവിഷൻ ബഞ്ച് വിധിച്ചിട്ടുള്ളതുമാണ്.

8) 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം നിയമപരമായ ഒരു ഉത്തരവ് പുറപ്പെടുവിച്ചതിനെതുടർന്ന് ഹർജിക്കാരന്റെ വസ്തുവിന്റെ തരം മാറ്റാൻ അനുവദിച്ചിട്ടുള്ളതിനാൽ, വസ്തുവുമായി ബന്ധപ്പെട്ട അടിസ്ഥാന നികുതി നിരക്ക് പുനർനിർണ്ണയിക്കുവാനും ഹർജിക്കാരൻ ഹാജരാക്കിയ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം നേടിയിട്ടുള്ള അനുമതിയുടെ സത്യസന്ധത/യഥാർത്ഥത ആവശ്യമെങ്കിൽ പരിശോധിച്ചശേഷം അടിസ്ഥാന നികുതി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ക്ഷമതയുള്ള അധികാര സ്ഥാനം ബാധ്യസ്ഥമാണ്.

അതിനാൽ റിട്ട് ഹർജി അനുവദിച്ചിരിക്കുന്നു. രണ്ടാം എതിർകക്ഷിയായ തഹസിൽദാർ ഹർജിക്കാരൻ സമർപ്പിച്ച എക്സിബിറ്റ് പി.5 ഫോറം എ അപേക്ഷ നിയമാനുസൃതം പരിഗണിക്കേണ്ടതും അതിന്മേൽ ഉചിതമായ ഉത്തരവുകൾ ഒരുമാസത്തിനകം പുറപ്പെടുവിക്കേണ്ടതുമാണ്.



# സുപ്രീംകോടതി വിധി - സംക്ഷിപ്തം

## സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എസ്. രവീന്ദ്ര ഭട്ട്**
**&**
**ബഹു. ജസ്റ്റിസ് അരവിന്ദ് കുമാർ**

ക്രിമിനൽ അപ്പീൽ നം.__/2023
(എസ്. എൽ. പി [ക്രിമിനൽ] നം 6534/2023-ൽ നിന്നുത്ഭവിച്ചത്)

**ഇളവരാസൻ** - അപ്പീൽവാദി
**v.**
**പോലീസ് സൂപ്രണ്ടും മറ്റുള്ളവരും** - എതിർകക്ഷികൾ

(28.08.2023-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

**അഭിഭാഷകർക്ക് നിരവധി പദവികളുണ്ട് - അതിൽ ഒന്ന് കോടതിയുടെ ഉദ്യോഗസ്ഥരാണെന്നുള്ളതാണ്. അതിനാൽ, അവർ അഭിഭാഷകരായോ ഉപദേശകരായോ പ്രവർത്തിക്കുമ്പോൾ വിവാഹങ്ങൾ നടത്തിക്കൊടുക്കരുത്. ഇത് അഭിഭാഷകരുടെ മുറികളും ഓഫീസുകളും വൈവാഹികസ്ഥാപനമായി നിയമം ഉദ്ദേശിക്കാത്ത തലത്തിലേക്ക് മാറുന്നതിന് കാരണമാകും. എന്നിരുന്നാലും അവർക്ക് ദമ്പതികളാകാൻ ഉദ്ദേശിക്കുന്നവരുടെ സുഹൃത്തുക്കളോ ബന്ധുക്കളോ എന്ന നിലയിൽ സാക്ഷികളാകാൻ തടസ്സമില്ലാത്തതാണ്.**

### വിധിന്യായം

അഭിഭാഷകരുടെയും മറ്റ് സാമൂഹിക പ്രവർത്തകരുടെയും ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ വച്ചാണ് താൻ മതീത്രയെ 1955-ലെ ഹിന്ദു വിവാഹ നിയമത്തിലെ 7A വകുപ്പ് പ്രകാരം വിവാഹം കഴിച്ചതെന്നും മതീത്രയെ വീട്ടുകാർ ബലമായി കൂട്ടിക്കൊണ്ടുപോവുകയും അവളുടെ അമ്മാവനെ വിവാഹം കഴിക്കാൻ നിർബന്ധിക്കുകയും പിന്നീട് മാതാപിതാക്കളുടെ നിർദ്ദേശപ്രകാരം അവളെ തടവിലാക്കി എന്നും ആരോപിച്ച് അപ്പീൽവാദി ഒരു ഹേബിയസ് കോർപ്പസ് ഹർജി നൽകി. മതീത്രയെ അവളുടെ ഇഷ്ടത്തിന് വിരുദ്ധമായി തടങ്കലിലാക്കുകയോ തടയുകയോ ചെയ്തതായി അപ്പീൽവാദി ആരോപിച്ചു. അഭിഭാഷകരുടെ പ്രവൃത്തിയെ അനുകൂലിക്കാത്ത അഭിപ്രായങ്ങൾ രേഖപ്പെടുത്തി, 1955-ലെ ഹിന്ദു വിവാഹ

നിയമത്തിലെ 7എ വകുപ്പ് (ഭേദഗതി വരുത്തി തമിഴ്നാട്ടിൽ ബാധകമായത്) പ്രകാരം വിവാഹം സാക്ഷ്യപ്പെടുത്താൻ അഭിഭാഷകർക്ക് കഴിയില്ലെന്ന് പറഞ്ഞുകൊണ്ട് ഹൈക്കോടതി ഹർജി തള്ളി. ഹൈക്കോടതി ഉത്തരവിനെതിരെയാണ് അപ്പീൽവാദി സുപ്രീം കോടതിയെ സമീപിച്ചത്.

സുപ്രീം കോടതി, 04.08.2023-ലെ ഉത്തരവിലൂടെ, ഇരയെന്ന് കരുതുന്ന മതീത്രയുടെ മൊഴി രേഖപ്പെടുത്താൻ ബന്ധപ്പെട്ട ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയുടെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു:

"വനിതാ ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ സഹായത്തോടെ ഇരയെന്ന് കരുതുന്ന മതീത്രയെ ഞാൻ ചോദ്യം ചെയ്തുവെന്ന് വിനീതമായി സമർപ്പിക്കുന്നു. ഇരയായ മതീത്ര വെള്ളൈദുരൈയുടെ മകനായ ഇളവരസനെ സ്വന്തം ഇഷ്ടപ്രകാരം വിവാഹം കഴിച്ചുവെന്നും അവൾ ഇളവരസന്റെ കൂടെ മധുര, ഒതക്കടൈ, അൻപു നഗർ എന്ന സ്ഥലത്ത് സ്വന്തം ഇഷ്ടപ്രകാരമാണ് താമസിക്കുന്നതെന്നും ചോദ്യം ചെയ്യലിൽ വെളിപ്പെട്ടു. അവൾ നേരത്തെ പതിനാറാം വയസ്സിൽ അമ്മാവനായ ശ്രീ. വിജയനെ അവളുടെ ആഗ്രഹത്തിന് വിരുദ്ധമായി വിവാഹം കഴിച്ചിരുന്നുവെന്നും അവനോടൊപ്പം ജീവിക്കാൻ മാതാപിതാക്കളും ബന്ധുക്കളും അവളെ നിർബന്ധിച്ചതായും ചോദ്യം ചെയ്യലിൽ വെളിപ്പെടുത്തി. ഇപ്പോൾ ഇരയെന്ന് കരുതുന്ന യുവതി ഇളവരസന്റെ കൂടെ അയാളുടെ വീടായ രാമനാഥപുരം ജില്ലയിലെ ഉപ്പൂർ, മോർപ്പണ്ണൈ, നോർത്ത് സ്ട്രീറ്റ്, ഡോർ നമ്പർ 221-ൽ താമസിക്കാൻ ആഗ്രഹിക്കുന്നു."

ഈ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ, മതീത്ര യഥാർത്ഥത്തിൽ സ്വന്തം ഇഷ്ടപ്രകാരം അപ്പീൽവാദിക്കൊപ്പം താമസിക്കാൻ ആഗ്രഹിക്കുന്നുവെന്ന് കോടതിക്ക് ബോധ്യപ്പെടുകയും അവൾ യഥാർത്ഥത്തിൽ അപ്പീൽവാദിക്കൊപ്പം താമസിക്കുന്നുവെന്ന് ഉറപ്പാക്കാൻ എതിർകക്ഷികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

മേൽപ്പറഞ്ഞവയോടുകൂടി ഈ നടപടിക്രമങ്ങൾ അവസാനിപ്പിക്കാമായിരുന്നു. എന്നിരുന്നാലും ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ ഹൈക്കോടതി ***"എസ് ബാലകൃഷ്ണൻ പാണ്ഡ്യൻ v. ഇൻസ്പെക്ടർ ഓഫ് പോലീസ്"*** 2014 (7) MadLJ 651 എന്ന ഒരു കോഓർഡിനേറ്റ് ബെഞ്ചിന്റെ വിധി പിന്തുടർന്നതായി ഈ കോടതി മനസ്സിലാക്കുന്നു.

തമിഴ്നാട് ഭേദഗതി നിയമവും, ഹിന്ദു വിവാഹ നിയമവും, പ്രത്യേകിച്ച് ഹിന്ദു വിവാഹ നിയമത്തിലെ മറ്റ് വകുപ്പുകളിൽ പരാമർശിക്കുന്ന ചടങ്ങുകൾക്ക് അനുസൃതമായി വിവാഹം നടത്തേണ്ടതിന്റെ ആവശ്യകതയിൽ ഇളവ് അനുവദിക്കുകയും പുതുതായി ഉൾപ്പെടുത്തിയ വകുപ്പിൻ കീഴിൽ ഒരു പ്രത്യേക നടപടിക്രമം

വിവരിക്കുകയും ചെയ്യുന്ന 7എ വകുപ്പും, മദ്രാസ് ഹൈക്കോടതി ശ്രദ്ധിച്ചിരുന്നു. 7എ വകുപ്പിൽ ദമ്പതികളാകാൻ ഉദ്ദേശിക്കുന്നവർ (intended spouses) പരസ്പരം ദമ്പതി കളായി സ്വീകരിക്കാനുള്ള സന്നദ്ധത പ്രഖ്യാപിക്കൽ, പരസ്പരം മാല ചാർത്തൽ, 'താലി' കെട്ടൽ എന്നീ കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. 'ബന്ധുക്കൾ, സുഹൃത്തുക്കൾ അല്ലെങ്കിൽ മറ്റ് വ്യക്തികളുടെ സാന്നിധ്യത്തിൽ' എന്നിങ്ങനെ ദമ്പതികളാകാൻ ഉദ്ദേശിക്കുന്നവരുടെ പ്രഖ്യാപനത്തിന്റെ നടപടിക്രമം കോടതി വ്യാഖ്യാനിച്ചു. ഇത്തരം വിവാഹങ്ങളിൽ ഒരു പൊതുപ്രഖ്യാപനം ഉൾപ്പെട്ടിട്ടുണ്ടെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടിരുന്നു: 'സുയമ്മറിയാതൈ/സീർതിരുത്ത' വിവാഹ രീതിയുടെ വക്താക്കൾ പോലും വിവാഹച്ചടങ്ങ് രഹസ്യമായി നടക്കുന്നത് ഭാവനയിൽ കണ്ടിട്ടുണ്ടാകില്ലെന്ന് വളരെ വ്യക്തമാണ്. കക്ഷികളുടെ വൈവാഹികപദവി പരസ്യ മായി പ്രഖ്യാപിക്കുക എന്നതാണ് വിവാഹങ്ങൾ ആഘോഷമായി നടത്തുന്നതിന്റെ ആശയം. ദമ്പതികളുടെ പദവി ലോകം തിരിച്ചറിയാൻ തന്തൈ പെരിയാർ പോലും സുയമ്മറിയാതെ രൂപത്തിലുള്ള വിവാഹങ്ങൾ പരസ്യമായാണ് നടത്തിയിരുന്നത്. അതിനാൽ, വിവാഹം ആഘോഷിക്കുന്നത് വിവാഹച്ചടങ്ങിന് വിരുദ്ധമല്ല. അതിനാൽ, ചുറ്റിലും അപരിചിതരായ കുറച്ച് ആളുകളുമായി രഹസ്യമായി നടത്തുന്ന വിവാഹം, അത് സുയമ്മരിയാതെ രൂപത്തിലാണെങ്കിലും, ഹിന്ദു വിവാഹനിയമത്തിലെ 7 & 7 എ വകുപ്പുകൾ അനുശാസിക്കുന്ന ചടങ്ങുകളാവില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം."

***എസ്. നാഗലിംഗം v. ശിവഗാമി*** (2001) 7 SCC 487 എന്ന കേസിൽ സുപ്രീം കോടതി തമിഴ്നാട് ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയ 7 എ വകുപ്പ് ശരിവച്ചുകൊണ്ട് ഇപ്രകാരം പ്രഖ്യാപിച്ചു:

"ബന്ധുക്കളുടേയോ സുഹൃത്തുക്കളുടേയോ മറ്റ് വ്യക്തികളുടെയോ സാന്നിധ്യത്തിൽ നടക്കുന്ന രണ്ട് ഹിന്ദുക്കൾ തമ്മിലുള്ള ഏത് വിവാഹത്തിനും 7 എ വകുപ്പ് ബാധകമാണ്. സാധുതയുള്ള വിവാഹത്തിന് ഒരു പൂജാരിയുടെ സാന്നിധ്യം ആവശ്യമില്ല എന്നതാണ് ഈ വകുപ്പിന്റെ കാതൽ. ബന്ധുക്കളുടെയോ സുഹൃത്തു ക്കളുടെയോ മറ്റ് വ്യക്തികളുടെയോ സാന്നിധ്യത്തിൽ കക്ഷികൾക്ക് വിവാഹത്തിൽ ഏർപ്പെടാം. അത് കൂടാതെ വിവാഹത്തിലെ ഓരോ കക്ഷിയും അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ ഓരോരുത്തരും മറ്റൊരാളെ ഭാര്യയായോ ഭർത്താവായോ സ്വീകരിക്കുന്നുവെന്ന് പ്രഖ്യാപിക്കണം. വിവാഹത്തിലെ കക്ഷികൾ പരസ്പരം മാല ചാർത്തുകയോ മറുകക്ഷിയുടെ വിരലിൽ മോതിരം ഇടുകയോ താലി കെട്ടുകയോ ചെയ്യുന്ന ലളിതമായ ചടങ്ങിലൂടെ വിവാഹം പൂർത്തിയാക്കാം. പരസ്പരം മാല ചാർത്തുകയോ ഏതെങ്കിലും വിരലിൽ മോതിരം അണിയിക്കുകയോ താലി കെട്ടുകയോ ചെയ്യുന്നത് സാധുതയുള്ള ഒരു വിവാഹബന്ധം പൂർത്തിയാക്കാൻ പര്യാപ്തമാണ്."

എല്ലാ വിവാഹങ്ങൾക്കും ഒരു പൊതു ആഘോഷമോ പ്രഖ്യാപനമോ ആവശ്യമാണെന്ന അനുമാനത്തെ അടിസ്ഥാനമാക്കി എസ്. ബാലകൃഷ്ണൻ

പാണ്ഡ്യന്റെ കേസിൽ മദ്രാസ് ഹൈക്കോടതി പ്രകടിപ്പിച്ച വീക്ഷണം തെറ്റാണെന്നാണ് ഈ കോടതിയുടെ അഭിപ്രായം. ഈ കോടതിയുടെ അഭിപ്രായത്തിൽ അത്തരമൊരു വീക്ഷണം യാഥാർത്ഥ്യബോധമില്ലാതെ രൂപപ്പെട്ട ഒന്നാണ്. കാരണം പലപ്പോഴും മാതാപിതാക്കളുടെയോ ബന്ധുത്വ ഗ്രൂപ്പുകളുടെയോ ജാതി/സാമുദായിക സ്ഥാപന ങ്ങളുടെയോ സമ്മർദ്ദം മൂലം വിവാഹബന്ധത്തിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്ന ദമ്പതികൾക്ക്, അത്തരം എതിർപ്പിന്റെ കാരണത്താൽ ഒരു പൊതു പ്രഖ്യാപനം നടത്താനോ നൽകാനോ കഴിഞ്ഞേക്കില്ല. അങ്ങനെ ചെയ്യുന്നത് അവരുടെ ജീവനെ അപകടത്തിലാക്കാം, അല്ലെങ്കിൽ കുറഞ്ഞപക്ഷം അവരുടെ ശാരീരിക ആർജ്ജവ ത്തിന് അപകടമുണ്ടാക്കിയേക്കാം അല്ലെങ്കിൽ നിർബന്ധിതമോ ബലാൽക്കാ രേണയോ ഉള്ള വേർപിരിയൽ എന്ന മോശപ്പെട്ട അവസ്ഥയിൽ കലാശിച്ചേക്കാം. പ്രായപൂർത്തിയായവരും ഇച്ഛാസ്വാതന്ത്ര്യം വിനിയോഗിച്ചവരുമായ രണ്ട് വ്യക്തികളുടെ മേൽ മറ്റ് സമ്മർദ്ദങ്ങൾ കൊണ്ടുവരുമെന്നത് ഭാവനയിൽ കാണുവാൻ ബുദ്ധിമുട്ടുള്ള കാര്യമല്ല. ഈ കോടതിയുടെ അഭിപ്രായത്തിൽ, 7എ വകുപ്പിൽ ഇല്ലാത്ത ഒരു പൊതു പ്രഖ്യാപനമെന്ന നിബന്ധന അടിച്ചേൽപ്പിക്കുന്നത് നിയമത്തിന്റെ വിശാലമായ അർത്ഥം ചുരുക്കുന്നുവെന്ന് മാത്രമല്ല, ഇന്ത്യൻ ഭരണഘടനയുടെ 21-ാം അനുച്ഛേദ പ്രകാരമുള്ള അവകാശങ്ങളുടെ ലംഘനവും കൂടിയാണ്. ജീവിതപങ്കാളിയെ സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള വ്യക്തികളുടെ അവകാശത്തെ ഒന്നിലധികം തീരുമാനങ്ങളിൽ ലതാ സിംഗ് V. സ്റ്റേറ്റ് ഓഫ് യു. പി (2006) 5 SCC 475, ഷഫിൻ ജഹാൻ v. അശോകൻ കെ. എം., (2018) 16 SCC 368, ലക്ഷ്മിഭായ് ചന്ദരാഗി ബി v. സ്റ്റേറ്റ് ഓഫ് കർണാടക (2021) 3 SCC 360] ഈ കോടതി ഊന്നിപ്പറയുകയും അത് ജീവിക്കാനുള്ള അവകാശത്തിൽ അന്തർലീനമായ ഘടകമാണെന്ന് വിധിക്കുകയും ചെയ്തു. അതുകൊണ്ട് മേൽപറഞ്ഞ എസ്. ബാലകൃഷ്ണൻ പാണ്ഡ്യൻ കേസിൽ പ്രകടിപ്പിച്ച വീക്ഷണം തെറ്റാണ്. അതനുസരിച്ച്, മേൽപറഞ്ഞ നാഗലിംഗം കേസിൽ ആയത് അസാധുവാക്കി.

അഭിഭാഷകരുടെ കർത്തവ്യം സംബന്ധിച്ച് ചോദ്യം ചെയ്യപ്പെട്ട ഉത്തരവിൽ നടത്തിയ നിരീക്ഷണങ്ങളും കോടതി ശ്രദ്ധിക്കുന്നു. ഹൈക്കോടതി എടുത്തുപറയുന്ന ആശങ്കകൾ തീർത്തും അടിസ്ഥാനരഹിതമല്ല. അഭിഭാഷകർക്ക് നിരവധി പദവികളുണ്ട് അതിൽ ഒന്ന് കോടതിയുടെ ഉദ്യോഗസ്ഥരാണെന്നുള്ളതാണ്. അതിനാൽ, അവർ അഭിഭാഷകരായോ ഉപദേശകരായോ പ്രവർത്തിക്കുമ്പോൾ വിവാഹങ്ങൾ നടത്തി ക്കൊടുക്കരുത്. ഇത് അഭിഭാഷകരുടെ മുറികളും ഓഫീസുകളും വൈവാഹിക സ്ഥാപനമായി നിയമം ഉദ്ദേശിക്കാത്ത തലത്തിലേക്ക് മാറുന്നതിന് കാരണമാകും. എന്നിരുന്നാലും അവർക്ക് ദമ്പതികളാകാൻ ഉദ്ദേശിക്കുന്നവരുടെ സുഹൃത്തുക്കളോ ബന്ധുക്കളോ എന്ന നിലയിലുള്ള സാക്ഷികളാകാൻ തടസ്സമില്ലാത്തതാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ അപ്പീൽ അനുവദിക്കുന്നു. തീർപ്പാക്കാത്ത അപേക്ഷകൾ ഉണ്ടെങ്കിൽ അവ തീർപ്പാക്കുന്നു.

## സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ജെ.ബി പർദിവാല**
**&**
**ബഹു. ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര**

**ഗുജറാത്ത് സംസ്ഥാനം** – അപ്പീൽവാദി

**V.**

**ചൂഢാമണി പരമേശ്വരൻ അയ്യരും മറ്റൊരാളും** – എതിർകക്ഷികൾ

ക്രിമിനൽ അപ്പീൽ നമ്പർ. ___/2023

(എസ്. എൽ. പി [ക്രിമിനൽ] നം. 4212-4213/2019-ൽ നിന്നുത്ഭവിച്ചത്)

(2023 ജൂലൈ 17-ന് വിധി പ്രസ്താവിച്ചത്)

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

**2017-ലെ കേന്ദ്ര ചരക്ക് സേവനനികുതി നിയമത്തിലെ (CGST) 69-ാം വകുപ്പ് പ്രകാരം ചോദ്യം ചെയ്യലിന് വിളിക്കപ്പെടുന്ന ആൾ അറസ്റ്റ് ഭയന്ന് ഭരണഘടനയുടെ 226-ാം അനുഛേദപ്രകാരം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിക്കുമ്പോൾ അത് 1973-ലെ ക്രിമിനൽ നടപടി നിയമത്തിലെ 438-ാം വകുപ്പു പ്രകാരം മുൻകൂർ ജാമ്യത്തിന് അപേക്ഷിക്കുന്നതിന് തുല്യമാണ്. ചോദ്യം ചെയ്യലിനായി വിളിക്കപ്പെട്ട ആളിന് സമൻസ് സ്റ്റേജിൽ ക്രിമിനൽ നടപടി നിയമത്തിലെ 438-ാം വകുപ്പ് പ്രയോജനപ്പെടുത്തുവാൻ സാധിക്കുകയില്ല എന്നതിനാൽ ഹൈക്കോടതി ഉത്തരവ് റദ്ദാക്കി ചോദ്യം ചെയ്യലിന് ഹാജരാകുവാൻ സുപ്രീംകോടതി ബന്ധപ്പെട്ട കക്ഷികൾക്ക് നിർദ്ദേശം നൽകി.**

### വിധിന്യായം

നിലവിലുള്ള കേസിൽ എതിർകക്ഷികൾക്കെതിരെ 2017-ലെ കേന്ദ്ര ചരക്ക് സേവനനികുതി നിയമം (സി.ജി.എസ്.റ്റി.) 1994-ലെ ഫിനാൻസ് ആക്റ്റ് എന്നിവയിലെ വ്യവസ്ഥകൾ ലംഘിച്ചു, ജി.എസ്.ടി വെട്ടിച്ചു എന്നീ ആരോപണങ്ങളിൽ 1944-ലെ കേന്ദ്ര എക്സൈസ് ആക്റ്റിന്റെ 145-ാം വകുപ്പ് പ്രകാരം ചോദ്യം ചെയ്യലിന് ഹാജരാകുവാനായി സമൻസ് അയയ്ക്കുകയുണ്ടായി. സമൻസ് ലഭിച്ച ഉടൻ

എതിർകക്ഷികൾ അറസ്റ്റ് ഭയന്ന് ഗുജറാത്ത് ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജികളുമായെത്തി. 24.12.2018-ലെ പൊതു ഉത്തരവിലൂടെ അധികാരികൾ മുമ്പാകെ എതിർകക്ഷികൾ തങ്ങളുടെ കേസ് അവതരിപ്പിക്കുവാനും അപ്രകാരം ചെയ്താൽ ബന്ധപ്പെട്ട അധികാരികൾ എട്ട് ആഴ്ചകൾക്കുള്ളിൽ ന്യായനിർണ്ണയം (adjudication) പൂർത്തിയാക്കണമെന്നും ബാധ്യത തീർക്കുവാൻ തയ്യാറാകാത്തപക്ഷം ആയതുപ്രകാരം അറസ്റ്റ് ചെയ്യേണ്ട ആവശ്യകത സംജാതമായാൽ ആവശ്യമായ നടപടികളെടുക്കുവാൻ രണ്ടാഴ്ച സമയം നൽകണമെന്നും ഹൈക്കോടതി വിധിച്ചു. ടി വിധിക്കെതിരെയാണ് ഗുജറാത്ത് സംസ്ഥാനം അപ്പീൽ ഹർജി ഫയൽ ചെയ്തത്.

എതിർകക്ഷികളിൽ ഒരാൾക്കെതിരെ 14 സമൻസുകൾ അയച്ചുവെന്നും എന്നാൽ ഒരിക്കൽ മാത്രമാണ് എതിർകക്ഷികളിൽ ഒരാൾ ചോദ്യം ചെയ്യലിനായി ഹാജരായിട്ടുള്ളതെന്നും പിന്നീടൊരിക്കലും അധികാരികൾ മുമ്പാകെ ഹാജരായിട്ടില്ലെന്നും അന്വേഷണവിചാരണ കഴിഞ്ഞ 5 വർഷമായി തീർപ്പാകാതെയിരിക്കുകയാണെന്നും (pending) സംസ്ഥാന സർക്കാർ വാദിച്ചു. ചോദ്യം ചെയ്താൽ മാത്രമേ വെട്ടിപ്പ് നടത്തിയിട്ടുണ്ടോ എന്ന് കണ്ടെത്തി തുടർനടപടികൾ എന്തുവേണമെന്ന് തീരുമാനിക്കുവാൻ കഴിയൂ എന്നും സർക്കാർ വാദിച്ചു. എതിർകക്ഷികൾ സമൻസ് കൈപ്പറ്റി ചോദ്യം ചെയ്യലിനായി അധികാരികൾ മുമ്പാകെ ഹാജരാകുകയായിരുന്നു വേണ്ടതെന്നും എന്നാൽ ഹൈക്കോടതി ടി കേസ് തീർപ്പാക്കിയ രീതി ഉചിതരൂപത്തിലാണെന്ന് ബോധ്യപ്പെട്ടിട്ടില്ലെന്നും സുപ്രീം കോടതി ചൂണ്ടിക്കാട്ടി. വിചാരണക്കു മുമ്പുള്ള അറസ്റ്റിൽ നിന്നും രക്ഷപ്പെടുവാനുള്ള ഒരേയൊരു മാർഗ്ഗം ഹൈക്കോടതിയുടെ റിട്ട് അധികാരം പ്രയോജനപ്പെടുത്തുകയാണ്. എതിർകക്ഷികൾ അപ്രകാരം തന്നെയാണ് 2017-ലെ കേന്ദ്ര ചരക്ക്സേവന നികുതി നിയമത്തിന്റെ 69 (1)-ാം വകുപ്പു പ്രകാരമുള്ള അറസ്റ്റിൽ നിന്നും ഒഴിവാക്കണമെന്നുള്ള നിർദ്ദേശം സർക്കാരിന് നൽകണമെന്നാണ് അനുഛേദം 226-പ്രകാരം രണ്ട് ക്രിമിനൽ ഹർജികൾ ഫയൽ ചെയ്തുകൊണ്ട് ആവശ്യപ്പെട്ടത്. ഇത് ഫലത്തിൽ മുൻകൂർ ജാമ്യത്തിലേക്കുള്ള വഴിതുറക്കലാണ്. 2017-ലെ കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിന്റെ 69-ാം വകുപ്പ് പ്രകാരം ചോദ്യം ചെയ്യലിനായി ഒരാളെ സമൻസ് ചെയ്താൽ, അയാൾക്ക് 1973-ലെ ക്രിമിനൽ നടപടി നിയമത്തിന്റെ 438-ാം വകുപ്പ് പ്രകാരമുള്ള മുൻകൂർ ജാമ്യത്തിന് അപേക്ഷിക്കുവാൻ സാധ്യമല്ല.

അധികാരികൾ മുമ്പാകെ ചോദ്യം ചെയ്യലിനായി ഹാജരാകുവാൻ എതിർകക്ഷികൾക്ക് ഒരവസരം കൂടി നൽകുന്നു. അവർ അപ്രകാരം ഹാജരായില്ല എങ്കിൽ അധികാരികൾക്ക് നിയമപ്രകാരം മുന്നോട്ടു പോകാവുന്നതാണ്. 24.12.2018-ലെ ഹൈക്കോടതിയുടെ പൊതു ഉത്തരവ് റദ്ദാക്കി അപ്പീലുകൾ അനുവദിക്കുന്നു.

## സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ജെ.ബി പർദിവാല**

**ബഹു. ജസ്റ്റിസ് ശ്രീ. മനോജ് മിശ്ര**

**യൂണിവേഴ്സൽ സോംപോ ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്** –ഹർജിക്കാരൻ

**V.**

**സുരേഷ് ചന്ദ് ജെയിനും മറ്റൊരാളും** – എതിർകക്ഷികൾ

എസ്. എൽ. പി (സിവിൽ) 5263/2023
(2023 ജൂലൈ 26–ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

**ദേശീയ ഉപഭോക്തൃതർക്കപരിഹാര കമ്മീഷൻ അതിന്റെ ആദ്യാധികാരിതയിൽ (original jurisdiction) പുറപ്പെടുവിച്ച ഒരു ഉത്തരവിന്മേൽ മാത്രമേ സങ്കടകക്ഷിക്ക് സുപ്രീംകോടതിയിൽ ഭരണഘടനയുടെ അനുഛേദം 136 പ്രകാരമുള്ള പ്രത്യേക അനുമതിക്കായി ഹർജി ഫയൽ ചെയ്യുവാൻ കഴിയുകയുള്ളൂ. ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ അതിന്റെ അപ്പീൽ/റിവിഷൻ അധികാരം വിനിയോഗിച്ച ഉത്തരവിന്മേൽ വീണ്ടും സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ കഴിയുകയില്ല. അത്തരം സാഹചര്യങ്ങളിൽ, ബന്ധപ്പെട്ട ഹൈക്കോടതികളിൽ അനുഛേദം 226/227 പ്രകാരം ഹർജികൾ ബോധിപ്പിക്കുകയാണ് ചെയ്യേണ്ടത്. പിന്നീട് അതിന്മേൽ ആവശ്യമെങ്കിൽ അനുഛേദം 136 പ്രകാരം സുപ്രീം കോടതിയെ സമീപിക്കാവുന്നതാണ്.**

**വിധിന്യായം**

ദേശീയ ഉപഭോക്തൃതർക്കപരിഹാര കമ്മീഷൻ (എൻ.സി.ഡി.ആർ.സി.) മുമ്പാകെയുള്ള ഒന്നാം അപ്പീലിലെ (376/2016) അപ്പീൽവാദിയായ യൂണിവേഴ്സൽ സോംപോ ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനമാണ് അനുഛേദം 136 പ്രകാരമുള്ള പ്രത്യേകാനുമതി ഹർജി ഫയൽ ചെയ്തത്. രണ്ടാം എതിർകക്ഷി ഇടനിലക്കാരായ അലഹബാദ് ബാങ്കാണ്. ഹർജിക്കാരായ ഇൻഷുറൻസ് കമ്പനി കൂട്ടുപങ്കാളി വഴി തീപിടിത്തം, മോഷണം എന്നിവക്ക് നഷ്ടോത്തരവാദം നൽകുന്ന 50 ലക്ഷം രൂപ പരിരക്ഷയുള്ള രണ്ട് പോളിസികൾ പരാതിക്കാരന് നൽകി. ടി ഇൻഷുറൻസ് പരിരക്ഷയുടെ കാലയളവിൽ തന്നെ മോഷണം, തീപിടിത്തം എന്നിവ ഉണ്ടായതിനാൽ, പരാതിക്കാരൻ 49 ലക്ഷം രൂപയുടെ ക്ലെയിം ഉന്നയിക്കുകയും ആയത് ഇൻഷുറൻസ്

കമ്പനി അനുവദിക്കാത്തതിനെ തുടർന്ന് ക്ലെയിം സംഖ്യയായ 49 ലക്ഷവും അതിനു പുറമേ നഷ്ടപരിഹാരമായി 20 ലക്ഷം രൂപയും പലിശയും, കോടതിചെലവും ആവശ്യപ്പെട്ട് പരാതിക്കാരൻ ഡൽഹി സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിൽ 1986-ലെ ഉപഭോക്തൃ സംരക്ഷണനിയമത്തിന്റെ 17-ാം വകുപ്പ് പ്രകാരം ഹർജി സമർപ്പിച്ചു.

18.03.2016-ലെ ഉത്തരവിലൂടെ സംസ്ഥാന കമ്മീഷൻ പരാതിയിൽ ആവശ്യപ്പെട്ട നിവൃത്തികൾ ഭാഗികമായി അനുവദിക്കുകയും പരാതിക്കാരന് പരിരക്ഷ നൽകുന്ന തിലുണ്ടായ വീഴ്ചയ്ക്ക് ബാങ്കും ഇൻഷുറൻസ് കമ്പനിയും കൂട്ടായും വെവ്വേറെയായും ഉത്തരവാദികളാണെന്നും കണ്ടെത്തി. ഈ ഉത്തരവിനെതിരെ 1986-ലെ നിയമത്തിന്റെ 19-ാം വകുപ്പ് പ്രകാരം ഇൻഷുറൻസ് കമ്പനി ദേശീയ കമ്മീഷനിൽ ഒന്നാം അപ്പീൽ (376/2016) ഫയൽ ചെയ്തു. 16.01.2023-ലെ ഉത്തരവിലൂടെ ദേശീയ കമ്മീഷൻ ടി അപ്പീൽ തള്ളി. ഇതിനെതിരെയാണ് ഇൻഷുറൻസ് കമ്പനി ഭരണഘടനയുടെ 136-ാം വകുപ്പുപ്രകാരമുള്ള പ്രത്യേകാനുമതി ഹർജി ഫയൽ ചെയ്തത്.

2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ 1986-ലെ നിയമത്തിന് സമാനമാണെന്നും ആ വ്യവസ്ഥകൾ പരിശോധിച്ചാൽ 1986-ലെ ആക്റ്റിന്റെ 21(എ)(i)വകുപ്പും 2019-ലെ ആക്റ്റിന്റെ 58(I)(എ)(i) അല്ലെങ്കിൽ 58(I)(എ)(ii) വകുപ്പും നൽകുന്ന അധികാരം വിനിയോഗിച്ച് ദേശീയ ഉപഭോക്തൃതർക്ക പരിഹാരകമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളിന്മേൽ മാത്രമേ സുപ്രീംകോടതിയി ലേക്ക് അപ്പീൽ എന്ന പരിഹാരമാർഗ്ഗം അനുവദിക്കപ്പെടുന്നുള്ളൂ എന്ന് കാണാവുന്ന താണെന്നും കോടതി ചൂണ്ടിക്കാട്ടി.

വളരെ അസാധാരണ സാഹചര്യങ്ങളിലാണ് അനുച്ഛേദം 136 പ്രകാരമുള്ള പ്രത്യേകാനുമതി ഹർജി അനുവദിക്കുന്നത്. പൊതുപ്രാധാന്യമുള്ള ഒരു നിയമ പ്രശ്നമോ (Question of law) കോടതിയുടെ മനഃസാക്ഷിയെ ഞെട്ടിച്ച ഒരു വിധിന്യായമോ പരിഗണിക്കുവാനാണ് അനുച്ഛേദം 136 പ്രകാരമുള്ള പ്രത്യേകാനുമതി ഹർജി അനുവദിക്കുന്നതെന്ന് ഒരു കൂട്ടം സുപ്രധാനവിധികൾ എടുത്തു പറഞ്ഞ് ജസ്റ്റിസ് ജെ. ബി. പർദിവാലയും ജസ്റ്റിസ് മനോജ് മിശ്രയും ചൂണ്ടിക്കാട്ടി. 136-ാം അനുച്ഛേദത്തിന് പരിമിതികളൊന്നും ക്ലിപ്തപ്പെടുത്തിയിട്ടില്ലെങ്കിലും കക്ഷികൾക്ക് നിവൃത്തിക്കായി ഇതരമാർഗ്ഗങ്ങളുള്ളപ്പോൾ നിർദ്ദേശിച്ചിട്ടുള്ള നിയമ നടപടിക്രമത്തെ മറികടന്ന് പ്രത്യേകാനുമതി ഹർജികൾ പ്രോത്സാഹിപ്പിക്കരുത്.

ഹർജിക്കാരനോട് (അപ്പീൽവാദി) ഹൈക്കോടതി മുമ്പാകെ അനുച്ഛേദം 226/227 പ്രകാരമുള്ള പരിഹാരമാർഗ്ഗം തേടാൻ ആവശ്യപ്പെട്ടും, അതിന്മേൽ ആവശ്യമെങ്കിൽ അനുച്ഛേദം 136 പ്രകാരം ഇരുകക്ഷികൾക്കും കോടതിയെ സമീപിക്കാവുന്ന താണെന്നും കൽപിച്ചു ഹർജി തീർപ്പാക്കുകയാണുണ്ടായത്. മേൽപറഞ്ഞ കാരണങ്ങളാൽ ഹർജിയുടെ ഗുണദോഷങ്ങൾ ന്യായവിചാരം ചെയ്യാൻ പാടുള്ളതല്ല എന്ന് കോടതി തീരുമാനിച്ചു.

# സുപ്രധാനവിധികൾ
# ഒറ്റനോട്ടത്തിൽ



## മുരളീധരൻ നായർ v. ആർ.ഡി.ഒ.

**2023 (4) KLT 270**

2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമ പ്രകാരം ഡാറ്റാബാങ്കിൽ നിന്നും തന്റെ വസ്തു നീക്കം ചെയ്യണമെന്ന് ഒരാൾ അപേക്ഷിക്കുമ്പോൾ, വസ്തുവിന്റെ തൽസ്ഥിതി ആർ. ഡി.ഒ. സ്വതന്ത്രമായി വിലയിരുത്തേണ്ടതും, ആയത്, ടി സ്ഥലത്തോ സമീപസ്ഥലത്തോ നെൽകൃഷി ചെയ്യുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്നോ, ആ പ്രദേശത്തെ തണ്ണീർത്തടങ്ങളുടെ നിലനിൽപ്പിനെ പ്രതികൂല മായി ബാധിക്കുമെന്നോ ഉള്ള നിഗമനത്തിലെത്താതെ അപേക്ഷ നിരസിച്ച് ഇറക്കിയ ഉത്തരവ് നിലനിൽക്കുന്നതല്ല. മറ്റ് കണ്ടെത്തലുകൾ ഒന്നുമില്ലാത്ത സ്ഥലത്ത് '**നീർച്ചാലുകൾ ഉണ്ട്**'എന്ന ഒറ്റകാരണത്താൽ ഫോറം 5 പ്രകാരമുള്ള അപേക്ഷ നിരസിക്കാൻ പാടുള്ളതല്ല. നീർച്ചാലുകൾ മൂടപ്പെട്ടുപോകുവാനോ തടസ്സപ്പെട്ടു പോകുവാനോ സാദ്ധ്യതയുണ്ടെന്നും, കൂടാതെ, അത്, നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുമെന്നോ, തണ്ണീർതടങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുമെന്നോ ഉള്ള കണ്ടെത്തലുകളില്ലാതെ അപേക്ഷ നിരസിക്കുവാൻ പാടുള്ളതല്ല.

## വിഷ്ണു v. കേരള സംസ്ഥാനം

**2023 (3)KLT 754**

സാധാരണയായി, ഒത്തുതീർപ്പായി എന്ന ഒറ്റ കാരണംകൊണ്ട്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള ലൈംഗിക കുറ്റങ്ങളുടെ അന്വേഷണത്തിലോ ക്രിമിനൽ നടപടിക്രമങ്ങളിലോ ഹൈക്കോടതി ഇടപെടാൻ പാടില്ലെങ്കിലും, ക്രിമിനൽ നടപടിക്രമത്തിന്റെ 482-ാം വകുപ്പ് പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ചോ, ഭരണഘടനയുടെ 226-ാം അനുച്ഛേദമുപയോഗിച്ചോ, പ്രത്യേക സാഹചര്യങ്ങളിൽ, കക്ഷികൾക്ക് പൂർണ്ണമായ നീതി ലഭിക്കുന്നതിനായി, അത്തരത്തിലുള്ള നടപടി ക്രമങ്ങൾ റദ്ദാക്കുന്നതിൽ നിന്ന് ഹൈക്കോടതി പൂർണ്ണമായും തടയപ്പെട്ടിട്ടില്ല. അത്തരം കേസുകൾ നടത്തിക്കൊണ്ടുപോകുന്നത് ഇരയ്ക്ക് കൂടുതൽ അനീതി ലഭിക്കുന്നതിനേ ഇടയാക്കൂ എങ്കിലും, കേസ് അവസാനിപ്പിക്കുന്നതാണ് ഇരയ്ക്ക് ഗുണകരമെങ്കിലും, ശിക്ഷിക്കാൻ വിദൂര സാദ്ധ്യതയാണുള്ളത് എങ്കിലും, പ്രായോഗിക സമീപനം സ്വീകരിച്ച് പ്രതിയും ഇരയും തമ്മിലുണ്ടായ ഒരു ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നടപടികൾ റദ്ദാക്കാവുന്നതാണ്. അങ്ങനെ

ചെയ്യുമ്പോൾ, കേസിന്റെ സ്വഭാവം, അളവ്, കുറ്റകൃത്യത്തിന്റെ അനന്തരഫലങ്ങൾ, ഒത്തുതീർപ്പിലെ പരിശുദ്ധി തുടങ്ങിയ ഘടകങ്ങളെല്ലാം കോടതി പരിഗണിക്കേണ്ടതാണ്. അതല്ലാതെ സാധാരണ ഗതിയിൽ ഇത്തരത്തിലുള്ള ഒരു ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ നടപടികൾ റദ്ദാക്കാവുന്നതല്ല. പ്രായപൂർത്തിയാകാത്ത ഇരകൾക്കു വേണ്ടി അവരുടെ രക്ഷിതാക്കൾ/രക്ഷകർത്താവ് ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ നടപടികൾ റദ്ദാക്കണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിക്കുന്ന സാഹചര്യങ്ങളിൽ, ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കുറ്റകൃത്യത്തിന്റെ ഘടകങ്ങളുണ്ടോ, ഇരയുടെ താൽപര്യത്തിനു ഗുണകരമായ ഒത്തുതീർപ്പാണോ, നടപടിക്രമങ്ങൾ തുടർന്നു കൊണ്ടു പോകുന്നതും അതിൽ പ്രായപൂർത്തിയാകാത്ത ഇര പങ്കെടുക്കേണ്ടതും ഇരയുടെ മാനസിക, ശാരീരിക വൈകാരിക സുസ്ഥിതിയെ പ്രതികൂലമായി ബാധിക്കുമോ തുടങ്ങിയ വസ്തുതകൾ കോടതി പരിഗണിക്കേണ്ടതുണ്ട്. പിന്നീട് പ്രതി ഇരയെ കല്ല്യാണം കഴിച്ച് ഒരു കുടുംബമായി താമസിക്കുന്ന സന്ദർഭങ്ങളിൽ കേസ് തുടർന്നുകൊണ്ട് പോകുന്നത് ഗുണകരമാവുകയുമില്ല.

അതുപോലെതന്നെ കൗമാര പ്രണയത്തിന്റെ (Teen Romance) ഭാഗമായി POCSO കേസിൽ പ്രതികളാകുന്ന സാഹചര്യം ചെറുപ്പക്കാർക്കിടയിൽ വർദ്ധിച്ചുവരുന്നതായും അത്തരത്തിലുള്ള കേസുകളും ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കാൻ സാധിക്കുമോ എന്ന സംഗതിയിൽ, തർക്കം തീർത്തും വ്യക്തിപരമാണെന്ന് തോന്നുന്നതിനാലും, ഇരകൾ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പ്രതികൾ അവരുടെ സ്വാഭിമാനം കളങ്കപ്പെടുത്തിയതായി പറയാതിരുന്നതുകൊണ്ടും, അവർ കേസ് തുടർന്നു കൊണ്ടുപോകുവാൻ തൽപരരല്ല എന്ന് പറയുന്നതുകൊണ്ടും, ശിക്ഷിക്കപ്പെടാനുള്ള സാദ്ധ്യത വളരെ കുറവായതുകൊണ്ടും, ക്രിമിനൽ നടപടിക്രമത്തിലെ 482-ാം വകുപ്പ് പ്രകാരമുള്ള അധികാരമുപയോഗിച്ച് നടപടി ക്രമങ്ങൾ റദ്ദാക്കാവുന്ന അനുയോജ്യമായ കേസുകളാണെന്നാണ് കോടതിയുടെ കാഴ്ചപ്പാട്.

## പൂങ്ങോട്ടിൽ പ്രസാദ് v. മേലാറ്റൂർ ഗ്രാമപഞ്ചായത്തും മറ്റൊരാളും

## WP(C)No.24302/2022 – 07.07.2023

പഞ്ചായത്തിലെ യു. ഡി. ക്ലർക്ക് അയാളുടെ ജോലിയുടെ ഭാഗമായി ജാമ്യനിക്ഷേപമായ തുക കൈപ്പറ്റി രശീതി നൽകിയതുകൊണ്ട് ടി തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവു വന്നിട്ടില്ലെങ്കിലും ടി തുക തിരികെ നൽകാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്. പഞ്ചായത്തിന്റെ കടമുറി ലൈസൻസിന് എടുത്തപ്പോൾ ജാമ്യനിക്ഷേപമായി (security deposit) പഞ്ചായത്ത് കൈപ്പറ്റിയ 1,10,800 രൂപ തിരികെ ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച റിട്ട് ഹർജിയിലാണ് കേരള ഹൈക്കോടതി ഇത്തര

ത്തിൽ വിധിച്ചത്. ജാമ്യനിക്ഷേപമായി നൽകി എന്നതിന്റെ തെളിവിലേക്കായി ഹർജിക്കാരൻ ഹാജരാക്കിയ രശീതികൾ വ്യാജമാണെന്നും, ആയത് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വരവ് വന്നിട്ടില്ലെന്നും, അന്നുണ്ടായിരുന്ന യു. ഡി. ക്ലർക്ക് നിരവധി സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെന്നും, അയാളാണ് ഹർജിക്കാരന്റെ കയ്യിൽ നിന്നും തുക വാങ്ങിയതെന്നും, അത് പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവാക്കിയിട്ടില്ലാത്തതിനാൽ ആയത് തിരികെ നൽകാൻ പഞ്ചായത്തിന് ബാദ്ധ്യതയില്ലെന്നും, എതിർകക്ഷിയായ പഞ്ചായത്ത് വാദിച്ചു. പഞ്ചായത്തിനുവേണ്ടി ജാമ്യനിക്ഷേപവും മറ്റ് സംഖ്യകളും വാങ്ങുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനാണ് യു. ഡി. ക്ലാർക്ക്. സത്യസന്ധമായി ജോലി ചെയ്യേണ്ടിയിരുന്ന അയാൾ ജാമ്യനിക്ഷേപം പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടക്കാതിരിക്കുകയാണ് ഉണ്ടായതെന്നതിനാൽ ബദൽ ബാധ്യത (vicarious liablility) തത്വം ഇവിടെ പ്രയോഗിക്കാവുന്നതാണ് എന്നും ജോലിയുടെ ഭാഗമായിട്ടല്ല അയാൾ അതു ചെയ്തതെന്ന് പറയുവാൻ സാധിക്കുകയില്ല എന്നും അതിനാൽ ജോലിയുടെ ഭാഗമായി തുക കൈപ്പറ്റി രശീതി നൽകിയതിനാൽ, പഞ്ചായത്ത് തുക തിരികെ നൽകാൻ ബാദ്ധ്യസ്ഥമാണെന്നും കോടതി ഉത്തരവിട്ടു. യു. ഡി. ക്ലർക്കിനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടെന്നതും അയാൾക്കെതിരെ നടപടിയെടുത്തതും തുക തിരികെ നൽകാതിരിക്കുന്നതിനുള്ള ഒരു കാരണമായി കണക്കാക്കുവാൻ സാധിക്കുക യില്ല എന്നും കോടതി അഭിപ്രായപ്പെട്ടു.

**ചാണ്ടി സാമുവൽ v. സൈമൺ സാമുവെലും മറ്റൊരാളും**

**2023:KER:52070 MAT അപ്പീൽ 782/2022, 24-08-2023**

മുൻകാല ജീവനാംശം ലഭിക്കുന്നതിന് ആയത് സ്പഷ്ടമായി നിഷ്കർഷിക്കുന്ന ഒരു നിയമം ആവശ്യമില്ലെന്ന് കേരള ഹൈക്കോടതി. ക്രിസ്തുമത വിശ്വാസിയായ ഒരു മുതിർന്ന പൗരന് മുൻകാല ജീവനാംശം നൽകുവാൻ ഒരു നിയമത്തിലും പറയുന്നില്ല എന്ന് മലപ്പുറം കുടുംബകോടതി വിധിച്ചതിന്മേലുള്ള അപ്പീലിലാണ് കോടതി ഇങ്ങനെ നിരീക്ഷണം നടത്തിയത്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള നിയമത്തിലും ക്രിമിനൽ നടപടിക്രമത്തിലെ 125-ാം വകുപ്പ് പ്രകാരവും ഹർജി ഫയലാക്കിയതിനു ശേഷമുള്ള കാലത്തെ ജീവനാംശം മാത്രമെ ആവശ്യപ്പെടുവാൻ സാധിക്കുകയുള്ളൂ. ബൈബിളും, സാർവ്വ ലൗകിക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 25-ാം അനുച്ഛേദവും, റിഗ്സ് V. പൊൽമർ എന്ന ന്യൂയോർക്ക് സ്റ്റേറ്റ് അപ്പീൽ കോടതി വിധിച്ച കേസിന്റെ പ്രസക്തഭാഗങ്ങളും ഉദ്ധരിച്ച കോടതി, വയസ്സു കാലത്ത് മാതാപിതാക്കളെ സംരക്ഷി

ക്കണമെന്നുള്ള സാമൂഹിക വ്യവസ്ഥിതി അവഗണിക്കാൻ പാടുള്ളതല്ല എന്ന് ചൂണ്ടിക്കാട്ടി. സ്വാഭിമാനമുള്ള ഒരു വ്യക്തി അവരുടെ ആവശ്യങ്ങളെ മക്കൾ നിവർത്തിച്ചു കൊടുക്കും എന്ന വിശ്വാസത്തിൽ തുടക്കത്തിൽ തന്നെ കോടതികളെ സമീപിക്കുവാൻ മടിക്കും. അവരുടെ ക്ഷമാശീലവും മക്കളോടുള്ള ബഹുമാനവും അവർക്ക് മുൻകാല ജീവനാംശം നിരസിക്കുവാൻ കാരണമായിക്കൂടാ എന്നും നമ്മുടെ രാജ്യത്തെ സാമൂഹിക വ്യവസ്ഥിതിയിൽ നിന്നും ഉത്ഭവിച്ച നിയമവ്യവസ്ഥിതി പരമ്പരാഗതമായ സമ്പ്രദായങ്ങളെ ശ്രദ്ധാപൂർവ്വം ഉദ്ധരിക്കുന്നുണ്ട് എന്നും കോടതി കൂട്ടിച്ചേർത്തു. ജീവനാംശം നൽകണമെന്ന് പറയുന്ന നിയമത്തിന്റെ സഹായമില്ലാതെ തന്നെ വയോധികർക്ക് ജീവനാംശം ആവശ്യപ്പെടുന്നതിനുള്ള അവകാശം കുടുംബ കോടതി അംഗീകരിക്കണമായിരുന്നുവെന്നും കോടതി പറഞ്ഞു. മേലാലുള്ള ജീവനാംശം നൽകുവാൻ മാത്രമെ നിയമങ്ങൾ പറയുന്നുള്ളു എന്ന കാരണം പറഞ്ഞ് മുൻകാല ജീവനാംശം നിഷേധിക്കുന്നതിൽ പര്യവസാനിക്കാൻ പാടുള്ളതല്ല. മേലാലുള്ള ജീവനാംശം ആവശ്യപ്പെടുവാൻ നിയമം ഒരു വയോധികന് അവകാശം നൽകുന്നുണ്ടെങ്കിൽ, മുൻകാല ജീവനാംശം നൽകാൻ പാടില്ല എന്ന് നിയമം പറയുന്നുണ്ട് എന്ന് അർത്ഥമാക്കരുതെന്നും കോടതി നിരീക്ഷിച്ചു. കുടുംബ കോടതിയുടെ ഉത്തരവ് റദ്ദാക്കി കേസ് വീണ്ടും പരിഗണിക്കുന്നതിനായി കുടുംബകോടതിക്ക് തന്നെ റിമാൻഡ് ചെയ്യുകയും ചെയ്തു.

## കേരള സർക്കാരും മറ്റൊരാളും v. ജോസഫും മറ്റുള്ളവരും

## സിവിൽ അപ്പീൽ നം.3142/2010, 09 – 08 – 2023

സർക്കാരിനെതിരെ എതിർ കൈവശാവകാശം സ്ഥാപിച്ചു എന്ന തർക്ക വിഷയം വളരെ ഗൗരവപൂർവ്വം പരിഗണിക്കേണ്ട സംഗതിയാണെന്ന് സുപ്രീംകോടതി. സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയിൽ എതിർ കൈവശംമൂലം ഉടമസ്ഥാവകാശം സിദ്ധിച്ചതായി സ്ഥാപിക്കുന്നതിന് ശക്തമായ തെളിവുകൾ വേണമെന്ന് സുപ്രീംകോടതി വിധിച്ചു. കുറെകാലം വസ്തു കൈവശം വെച്ചത്കൊണ്ടുമാത്രം അത് എതിർകൈവശമായി പരിവർത്തനപ്പെടുകയില്ല തങ്ങളുടെതാണെന്ന രീതിയിൽ വസ്തു കൈകാര്യം ചെയ്തതുകൊണ്ടും വസ്തുവിൽ അവകാശം സിദ്ധിക്കുകയില്ല. അനുമാനങ്ങളുടെയും ഏകദേശ കണക്കുകളുടെയും അടിസ്ഥാനത്തിൽ വസ്തുവിലുള്ള സർക്കാരിന്റെ അവകാശം എടുത്ത് മാറ്റി ഒരവകാശവും ഇല്ലാത്ത ഒരാൾക്ക് നൽകുവാൻ സാധിക്കുകയില്ല.

## സംസ്ഥാന സർക്കാർ v. നവനീത്കൃഷ്ണൻ

## 2023 KER 44656 Live Law

കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർക്കെതിരെ 1988-ലെ അഴിമതിനിരോധന നിയമപ്രകാരം സംസ്ഥാന വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനുള്ള അധികാരമുണ്ടോ എന്നതായിരുന്നു റിവിഷൻ ഹർജികളിലെ മുഖ്യമായ വിഷയം. പ്രതിചേർത്തവരിൽ തലയോലപ്പറമ്പ് നോർത്ത് മലബാർ ഗ്രാമീണ ബാങ്കിലെ 3 ഉദ്യോഗസ്ഥരുമുണ്ടായിരുന്നു. ഇവരും ഒന്നാം പ്രതിയും കൂടി ഗൂഢാലോചന നടത്തി തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിനെയും ഒന്നാംപ്രതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന പദ്ധതിയുടെ ഗുണഭോക്താക്കളെയും വഞ്ചിച്ചു എന്നതാണ് കേസ്. തങ്ങളെ വിചാരണ ചെയ്യുവാൻ കോട്ടയം എൻക്വയറി കമ്മീഷൻ & പ്രത്യേക ജഡ്ജിക്ക് അധികാരമില്ലെന്ന് കാണിച്ച് ബാങ്ക് ഉദ്യോഗസ്ഥർ ക്രിമിനൽ നടപടി നിയമത്തിലെ 239-ാം വകുപ്പ് പ്രകാരം തങ്ങളെ ഡിസ്ചാർജ്ജ് ചെയ്യണമെന്ന് കാണിച്ച് സമർപ്പിച്ച ഹർജികൾ കോടതി അംഗീകരിച്ച് ഒരു പൊതു ഉത്തരവ് പ്രകാരം അവരെ ഡിസ്ചാർജ്ജ് ചെയ്തു. അതിന്മേൽ സംസ്ഥാനം റിവിഷൻ ഹർജി സമർപ്പിച്ചു. അഴിമതി നിരോധന നിയമത്തിൽ അന്വേഷണം നടത്തുന്നതിന് പ്രത്യേക നടപടിക്രമങ്ങളൊന്നും പറയുന്നില്ല. പ്രസ്തുത നിയമത്തിന്റെ 17-ാം വകുപ്പ് പ്രകാരം സംസ്ഥാന ഏജൻസിയുടെയോ കേന്ദ്ര ഏജൻസിയുടെയോ മറ്റേതെങ്കിലും പോലീസ് ഏജൻസിയുടെയോ ഒരു പ്രത്യേക റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥന് ഇതിൻ കീഴിലുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനുള്ള അധികാരമുണ്ട്. കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള കൈക്കൂലി വാങ്ങൽ, അഴിമതി, ദുർനടപ്പ് തുടങ്ങിയവ അന്വേഷണം നടത്തുന്നതിൽ നിന്നും സംസ്ഥാന പോലീസിനെയോ, സംസ്ഥാനത്തെ പ്രത്യേക ഏജൻസികളെയോ ഒഴിവാക്കുകയോ തടയുകയോ ചെയ്തിട്ടില്ല. ജോലിയിലെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും സൗകര്യാർത്ഥവുമാണ് പ്രത്യേക പോലീസ് സംവിധാനത്തിൻ കീഴിലുള്ള വിദഗ്ദ അന്വേഷണ ഏജൻസിയായ സി. ബി. ഐ. ക്ക് കേന്ദ്ര സർക്കാരിന്റെയും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ കൈക്കൂലി വാങ്ങൽ, അഴിമതി, ദുർന്നടപ്പ് എന്നിവ അന്വേഷിക്കുവാനും, സംസ്ഥാന സർക്കാരിന്റെയും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെയും ജീവനക്കാർ നടത്തുന്ന ഇത്തരം പ്രവർത്തികൾ അന്വേഷിക്കുവാൻ അന്വേഷണ സംഘമായ ആന്റി കറപ്ഷൻ ബ്യൂറോവിനെയും ചുമതലപ്പെടുത്തിയിരിക്കുന്നത്. മജിസ്ട്രേറ്റിന്റെ ഉത്തരവില്ലാതെ തന്നെ പോലീസിന് നേരിട്ട് കൈകാര്യം ചെയ്യാവുന്ന (cognizable offence) കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാൻ പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള പോലീസ് ഓഫീസർക്ക്

അധികാരമുണ്ട്. വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയും സംസ്ഥാന പോലീസിന്റെ ഒരു വിഭാഗമായതിനാലും അഴിമതി നിരോധന നിയമത്തിൻ കീഴിലുള്ള കുറ്റകൃത്യങ്ങൾ പോലീസിന് നേരിട്ട് കൈകാര്യം ചെയ്യാവുന്നതായ (cognizable offence)തിനാലും സംസ്ഥാന പോലീസിനോ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയോ അന്വേഷിക്കാവുന്നതാണെന്ന് കോടതി പറഞ്ഞു. കേന്ദ്രസർക്കാർ ജീവനക്കാരുടെ അഴിമതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിൽ നിന്നും സംസ്ഥാന പോലീസിനെയോ സംസ്ഥാനത്തെ പ്രത്യേക ഏജൻസിയെയോ ഒഴിവാക്കികൊണ്ടോ തടഞ്ഞു കൊണ്ടോ അഴിമതി നിരോധന നിയമത്തിൽ പ്രത്യേക വകുപ്പുകളില്ല. അതുകൊണ്ട് അത്തരത്തിലുള്ള അന്വേഷണം നടത്തുവാനുള്ള അധികാരമില്ല എന്ന് പറയുവാൻ സാധിക്കുകയില്ല. മുഖ്യമായും അഴിമതി നിരോധന നിയമത്തിൻ കീഴിൽ വരുന്ന കൈക്കൂലി വാങ്ങൽ, അഴിമതി, ദുർന്നടപ്പ് തുടങ്ങിയവ അന്വേഷിക്കുന്നതിനു വേണ്ടി പ്രത്യേകം രൂപീകൃതമായ സ്ഥാപനമായ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് കേന്ദ്രസർക്കാർ ജീവനക്കാരനോ, സംസ്ഥാന സർക്കാർ ജീവനക്കാരനോ സംസ്ഥാനത്തിനകത്ത് വെച്ച് നടത്തുന്ന അഴിമതി അന്വേഷിക്കാനുള്ള അധികാരമുണ്ടെന്ന് കോടതി പറഞ്ഞു.

### എൻ. അനിൽകുമാർ v. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും

### 2023/KER/50412. Live Law

വനഭൂമികൾ ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ അനുമതി നൽകുമ്പോൾ ഇനിയും നിബന്ധനകൾ കൂട്ടിച്ചേർക്കേണ്ടതുണ്ടോ എന്ന് പരിഗണിക്കാൻ കോടതി വനം വകുപ്പിന് നിർദ്ദേശം നൽകി. ഒരു സിനിമാ ചിത്രീകരണത്തിനായി വനഭൂമി ഉപയോഗിക്കുവാൻ കാസർഗോഡ് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ അനുമതി നൽകിയതിനെ തുടർന്നുണ്ടായ സംഭവങ്ങളിൽ നിന്നാണ് റിട്ട് ഹർജി ഉടലെടുത്തത്. ഷൂട്ടിംഗിനായി അനുവദിച്ച വനഭൂമിയിലെ വഴിയിൽ അനധികൃതമായി മണ്ണ് കൂട്ടിയിട്ടു എന്നതായിരുന്നു പരാതി. കാസർഗോഡ് റേഞ്ചിന്റെ കീഴിലുള്ള കാറുഡ്ക്ക റിസർവ്വ് വനത്തിൽ പാർത്ഥകൊച്ചി എന്ന വനഭൂമിയാണ് ഒരു മലയാള സിനിമ ചിത്രികരണത്തിനായി അനുവദിച്ചത്. റിട്ട് ഹർജി നം. 1645/2019-ൽ ഈ വിഷയത്തിൽ അന്വേഷണം നടത്തുന്നതിനും നാശനഷ്ടങ്ങൾ ശരിയാക്കുന്നതിനും കേന്ദ്രസർക്കാരിനോട് കോടതി നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് കേന്ദ്രസർക്കാർ സമർപ്പിച്ച റിപ്പോർട്ടിൽ മതിയായ അനുമതി വാങ്ങാതെ സിനിമ കമ്പനി വഴിയിൽ മണ്ണ് കൂട്ടിയിട്ടത് തെറ്റായ പ്രവർത്തിയാണെന്നും, വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും, വനം വകുപ്പ് മണ്ണ് നീക്കം ചെയ്തതിന് വന്ന ചെലവ്

സിനിമ കമ്പനിയിൽ നിന്നും ഈടാക്കണമെന്നും പറഞ്ഞിട്ടുണ്ടെങ്കിലും ആയത് ഒന്നും പാലിച്ചിട്ടില്ലെന്നും ഒരു നടപടികളും എടുത്തിട്ടില്ലെന്നുമായിരുന്നു ഹർജിഭാഗം വാദങ്ങൾ. എന്നാൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച മറുപടിയിൽ സ്ഥിരമായ മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ലെന്നും വനഭൂമിക്ക് സ്ഥിര സ്വഭാവത്തിലുള്ള നാശനഷ്ടങ്ങൾ ഒന്നും വരുത്തിയിട്ടില്ലെന്നും അന്വേഷണ കമ്മിറ്റി പറഞ്ഞിട്ടുള്ളതായി ചൂണ്ടിക്കാട്ടി. റിപ്പോർട്ടിന്മേൽ ആവശ്യമായ നപടികളെല്ലാം സ്വീകരിച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു. റിപ്പോർട്ടിന്മേൽ ആവശ്യമായ നടപടികൾ എടുത്തിട്ടുള്ളതായി കോടതി കാണുകയും നടപടികൾ ത്വരിതപ്പെടുത്താൻ കോടതി നിർദ്ദേശിക്കുയും ചെയ്തു. ഈ അവസരത്തിലാണ് സിനിമാ ചിത്രീകരണം പോലുള്ള ആവശ്യങ്ങൾക്ക് വനഭൂമികൾ അനുവദിച്ചു നൽകുമ്പോൾ വനത്തിനും വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി അധിക നിബന്ധനകൾ ചേർക്കേണ്ട കാര്യം പരിഗണിക്കുവാൻ കോടതി നിർദ്ദേശം നൽകിയത്

**അരവിന്ദ് സിംഗ് രാജപൂത് v. ഇൻസൈറ്റ് ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡും മറ്റുള്ളവരും**

**ക്രിമിനൽ എം. സി. നമ്പർ 983/2018, 21.08.2023**

നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ വണ്ടിച്ചെക്ക് കേസിൽ, ചെക്ക് നൽകിയ ആൾക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുവാൻ മൂന്നാമതൊരാൾക്ക് സാധിക്കുകയില്ല എന്ന് കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചു. 142(എ) വകുപ്പ് പ്രകാരം ഇത്തരം നടപടികൾ സ്വീകരിക്കുവാനുള്ള അവകാശം ചെക്ക് നൽകപ്പെട്ട ആൾക്കോ അല്ലെങ്കിൽ കൈവശാവകാശിക്കോ (holder in due course) മാത്രമാണ്. മറ്റാർക്കും പരാതി നൽകുവാൻ സാധിക്കുകയില്ല. കോടതിക്ക് അത് പരിഗണിക്കാനും സാധിക്കുകയില്ല. നിലവിലെ കേസിൽ ഇൻസൈറ്റ് ടൂർസ് & ട്രാവൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിലാണ് ചെക്കുകൾ നൽകിയിട്ടുള്ളത്. എന്നാൽ പരാതികൾ നൽകിയിരിക്കുന്നത് ഇൻസൈറ്റ് ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്. അതിന് മതിയായ കാരണവും ബോധിപ്പിക്കുവാൻ അവർക്ക് സാധിച്ചിട്ടില്ല. ആയതിനാൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ നിലവിലുള്ള പരാതിയും അതിന്മേലുള്ള നടപടിക്രമങ്ങളും ഹൈക്കോടതി റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചു.

# ലേഖനങ്ങൾ






# ഗാർഹികപീഡന നിരോധന നിയമം, 2005



**ജസ്റ്റിസ് കെ. എബ്രഹാം മാത്യു**
(കേരള ഹൈക്കോടതി മുൻ ജഡ്ജി)



## പ്രധാന സവിശേഷതകൾ

സ്ത്രീകൾ സ്വന്തം ഭവനത്തിലുള്ളവരുടെ പീഡനം അനുഭവിക്കുന്നത് അറിയപ്പെടുന്ന ചരിത്രത്തിന്റെ തുടക്കം മുതൽ കാണാവുന്ന ഒന്നാണ്. ഉയർന്ന സംസ്കാരവും വിദ്യാഭ്യാസവും ഉണ്ടെന്നവകാശപ്പെടുന്ന സമൂഹത്തിൽപോലും ഈ കാലഘട്ടത്തിലും ഇതിന് കുറവ് സംഭവിച്ചിട്ടില്ല എന്നുമാത്രമല്ല, വർദ്ധനവ് ഉണ്ടാവുകയുമാണ് ചെയ്തിട്ടുള്ളത്. ഇതിനു പരിഹാരമായി പ്രത്യേകനിയമ നിർമ്മാണം നടത്തണമെന്ന് ഐക്യരാഷ്ട്രസഭ അതിന്റെ അംഗരാഷ്ട്രങ്ങളോട് ആഹ്വാനം ചെയ്തുവെന്നതിൽ നിന്നു തന്നെ ഈ പ്രശ്നത്തിന്റെ ആഗോള തലത്തിലുള്ള വ്യാപ്തി മനസ്സിലാക്കാവുന്നതാണ്. സ്ത്രീകളുടെ ക്ഷേമത്തിനായി പ്രത്യേക നിയമം ഉണ്ടാക്കണമെന്ന് ഇന്ത്യൻ

ഭരണഘടനയും അനുശാസിക്കുന്നു. ഇതിന്റെയെല്ലാം ഫലമായിട്ടാണ് ഇന്ത്യൻ പാർലമെന്റ് ഗാർഹിക പീഡനത്തിനെതിരെ സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005-ൽ നിർമ്മിച്ച് 2006-ൽ പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുള്ളത്.

പ്രസ്തുത നിയമത്തിന്റെ പ്രധാനപ്പെട്ട പ്രത്യേകതകൾ നോക്കാം. സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനത്തെ ശിക്ഷാർഹമായ പ്രവൃത്തിയായി പ്രഖ്യാപിച്ച് ശിക്ഷ നിഷ്കർഷിക്കുന്ന ഒന്നല്ല ഈ നിയമം; അതിന് ഇന്ത്യൻ ദണ്ഡസംഹിത പോലെയുള്ള നിയമങ്ങളാണ് ബാധകമായിട്ടുള്ളത്. ഗാർഹിക പീഡനത്തിന് ഇരയാവുകയോ ഗാർഹികപീഡനം നടക്കുമെന്ന് ഭയപ്പെടുകയോ ചെയ്യുന്ന സ്ത്രീകൾക്ക് പരിഹാരവും സംരക്ഷണവും നൽകുന്ന ഒന്നാണ് ഈ നിയമം. സാധാരണ സിവിൽ കോടതിയാണ് ഇതുപോലെയുള്ള സംരക്ഷണവും പരിഹാരവും നൽകുന്നത്. എന്നാൽ ഈ നിയമം നടപ്പാക്കുന്നത് സിവിൽ കോടതിയല്ല, ക്രിമിനൽ കോടതിയാണ്. പരാതി നൽകേണ്ടത് അധികാരമുള്ള മജിസ്ട്രേറ്റ് മുമ്പാകെയാണ്. പരാതിയുള്ള സ്ത്രീയും എതിർകക്ഷിയും തമ്മിൽ കുടുംബക്കോടതിയിലോ, സിവിൽ കോടതിയിലോ, മറ്റ് ക്രിമിനൽക്കോടതിയിലോ നടപടി നടക്കുന്നുണ്ടെങ്കിൽ ആ കേസ്സിൽ ഈ നിയമത്തിൽ പറയുന്ന നിവൃത്തികളും കൂടി അപേക്ഷിക്കാവുന്നതാണ്.

പരാതിക്കാരിയും എതിർകക്ഷിയും തമ്മിൽ രക്തബന്ധം വഴിയോ, വിവാഹം വഴിയോ, വിവാഹത്തിനുതുല്യമായിട്ടുള്ളതോ, അഡോപ്ഷൻ വഴിയോ, കൂട്ടുകുടുംബാംഗം എന്ന നിലയിലോ ഉള്ള ബന്ധം ഉണ്ടായിരിക്കുകയും, അവർ ഒന്നിച്ചു ജീവിക്കുകയോ, എന്നെങ്കിലും ഒന്നിച്ചു ജീവിച്ചിട്ടുള്ളതോ ആയ ബന്ധം ഉണ്ടായിരിക്കണം; ഇതിനെയാണ് ഗാർഹിക ബന്ധം എന്ന് ഈ നിയമത്തിൽ പറയുന്നത്.

ബന്ധത്തിലായിരിക്കുമ്പോൾ ഇരുകക്ഷികളുടേയും ജീവിതം ഒറ്റയ്ക്കോ ഒരുമിച്ചോ താഴെപറയുന്ന വാസസ്ഥലത്തായിരിക്കണം :


ഒരു കക്ഷിയുടെ ഒറ്റയ്ക്കോ, ഇരുകക്ഷികളുടെയും കൂട്ടായോ ഉടമസ്ഥതയിലുള്ള കെട്ടിടം അല്ലെങ്കിൽ ഒറ്റയ്ക്കോ കൂട്ടായോ എടുത്ത വാടകക്കെട്ടിടം, അല്ലെങ്കിൽ കൂട്ടുകുടുംബത്തിന് അവകാശമുള്ള കെട്ടിടം അല്ലെങ്കിൽ ഒറ്റയ്ക്കോ കൂട്ടായോ ഏതെങ്കിലും അവകാശം ഉള്ള കെട്ടിടം.

ഗാർഹിക പീഡനം എന്നതിന് വളരെ വിപുലമായ അർത്ഥമാണ് ഈ നിയമത്തിൽ നൽകിയിട്ടുള്ളത്. ശാരീരികവും, സാമ്പത്തികവും മാനസികവും വൈകാരികവുമായ തലങ്ങളിലേക്ക് ഇത് വ്യാപിച്ചുകിടക്കുന്നു. വാക്കുകൊണ്ടോ പ്രവൃത്തി കൊണ്ടോ മാത്രമല്ല ഉപേക്ഷകൊണ്ടും പെരുമാറ്റം കൊണ്ടുമുള്ള പീഡനം ഇതിലുൾപ്പെടുന്നു. പരാതിക്കാരിയെ മാത്രമല്ല, അവളുടെ കുട്ടികളെയും ബന്ധുക്കളെയും

ആശ്രിതരെയും, സഹായികളെയും പരോക്ഷമായി ബാധിക്കുന്ന പീഡനം പോലും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

താഴെപറയുന്ന നിവൃത്തികളാണ് ഈ നിയമത്തിൻ കീഴിൽ പരാതിക്കാരിക്ക് ലഭിക്കുക.

1. പീഡനത്തിനെതിരെയുള്ള നിരോധന ഉത്തരവ് (വകുപ്പ് 18) പരാതിക്കാരി ജോലി ചെയ്യുന്ന സ്ഥലത്തോ, പരാതിക്കാരി വിദ്യാർത്ഥിയാണെങ്കിൽ പഠനസ്ഥലത്തോ, കാണപ്പെടുന്ന മറ്റ് സ്ഥലത്തോ, പ്രവേശിക്കുക, പരാതിക്കാരിയുമായി ഏത് രീതിയിലും ആശയവിനിമയം നടത്തുക, വസ്തു അന്യാധീനപ്പെടുത്തുക, ബാങ്ക് ലോക്കർ പ്രവർത്തിക്കുക, പരാതിക്കാരിയേയോ, അവരുടെ ആശ്രിതർ, ബന്ധുക്കൾ, സഹായികൾ എന്നിവരെയോ ഉപദ്രവിക്കുക, മറ്റ് രീതിയിൽ ഗാർഹികപീഡനം നടത്തുക, അതിന് സഹായിക്കുക, പ്രേരിപ്പിക്കുക എന്നിവയെല്ലാം നിരോധന ഉത്തരവ് കൊടുക്കാവുന്ന വിഷയങ്ങളാണ്.



താമസസ്ഥലം സംബന്ധമായി ലഭിക്കാവുന്ന ഉത്തരവുകൾ നിയമത്തിൽ 19-ാം വകുപ്പിൽ ചേർത്തിരിക്കുന്നു. മുൻപ് വിവരിച്ചിട്ടുള്ള താമസസ്ഥലത്തുനിന്ന് അവിടെ എതിർകക്ഷിക്ക് അവകാശം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇറക്കിവിടുക, പരാതിക്കാരി യുടെ അവിടെയുള്ള സ്വൈരതാമസത്തിന് തടസ്സം സൃഷ്ടിക്കുക, പരാതിക്കാരിയുടെ താമസസ്ഥലത്ത് അവളുടെ ബന്ധുക്കൾ വരുന്നതിനെ തടസ്സപ്പെടുത്തുക, താമസ സ്ഥലം അന്യാധീനപ്പെടുത്തുക, കൈമാറ്റം ചെയ്യുക, താമസസ്ഥലത്ത് എതിർകക്ഷി ക്കുള്ള അവകാശം വിടുതൽ ചെയ്യുക, അത് ബാധ്യതപ്പെടുത്തുക എന്നിവ സംബന്ധിച്ച് നിരോധന ഉത്തരവ് പരാതിക്കാരിക്ക് കിട്ടും. പരാതിക്കാരി താമസിച്ചു വരുന്ന വീടിന്റെ അതേ നിലവാരത്തിലുള്ള മറ്റൊരു താമസസൗകര്യം ഏർപാടാക്കു ന്നതിനോ അല്ലെങ്കിൽ അതിനു വാടക നൽകുന്നതിനോ കോടതിക്ക് ഉത്തരവ് നൽകാവുന്നതാണ്. എതിർകക്ഷി സ്ത്രീയാണെങ്കിൽ താമസസ്ഥലത്തു നിന്ന് മാറിപ്പോകുവാൻ ഉത്തരവ് കൊടുക്കാൻ പാടില്ല.

ഗാർഹിക പീഡനത്തിന്റെ ഫലമായി പരാതിക്കാരിക്കോ, കുട്ടികൾക്കോ ഉണ്ടായ നഷ്ടം, ചെലവ്, വരുമാന നഷ്ടം, ചികിത്സാചെലവ്, വസ്തുക്കൾക്കുണ്ടായ നഷ്ടം, സംരക്ഷണചെലവ് എന്നിവ പരാതിക്കാരിക്ക് നൽകണമെന്ന് ഉത്തരവ് നൽകുവാൻ 20-ാം വകുപ്പ് മജിസ്ട്രേറ്റിന് അധികാരം നൽകുന്നു.


ഈ നിയമപ്രകാരം ബോധിപ്പിക്കുന്ന അപേക്ഷയിൽ പരാതിക്കാരിയുടെ കുട്ടികളുടെ താൽക്കാലിക കസ്റ്റഡി സംബന്ധിച്ച് ഉത്തരവിടാൻ 21-ാം വകുപ്പ് കോടതിക്ക് അധികാരം നൽകുന്നു.

പരാതിക്കാരി അനുഭവിച്ച പീഡനത്തിന് നഷ്ടപരിഹാരം കിട്ടാൻ 22-ാം വകുപ്പ് പ്രകാരം അവകാശമുണ്ട്.

അത്യാവശ്യസന്ദർഭങ്ങളിൽ, പ്രഥമദൃഷ്ട്യാ കോടതിക്ക് ബോധ്യം വരികയാണെങ്കിൽ ഈ നിയമപ്രകാരമുള്ള നിവൃത്തികൾ താൽക്കാലികമായി നൽകാൻ മജിസ്ട്രേറ്റിന് ഉത്തരവ് നൽകാവുന്നതാണ്. ഉത്തരവ് കൊടുക്കുന്ന സാഹചര്യങ്ങളിൽ മാറ്റം വരികയാണെങ്കിൽ, ഉത്തരവിൽ ഭേദഗതി വരുത്താൻ മജിസ്ട്രേറ്റിന് അധികാരമുണ്ട്.

ഒരു സ്ത്രീക്ക് മാത്രമേ ഈ നിയമപ്രകാരം അപേക്ഷ നൽകാൻ പാടുള്ളൂ. എന്നാൽ എതിർകക്ഷി പുരുഷൻ ആയിരിക്കണമെന്ന് നിർബന്ധമില്ല. ഗാർഹിക പീഡനം ഭയപ്പെടുകയോ അനുഭവിക്കയോ ചെയ്യുന്നതോ ചെയ്തിട്ടുള്ളതോ ആയ സ്ത്രീക്ക് മാത്രമല്ല അപേക്ഷ കൊടുക്കാവുന്നത്. അവർക്കുവേണ്ടി മറ്റൊരാൾക്കോ, ഈ നിയമത്തിൽ പറയുന്ന ഉദ്യോഗസ്ഥർക്കോ മജിസ്ട്രേറ്റിന് പരാതി കൊടുക്കാവുന്നതാണ്. അപേക്ഷ നൽകുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനും പീഡനം അനുഭവിക്കുന്ന സ്ത്രീക്ക് സഹായം നൽകാൻ ഉദ്യോഗസ്ഥരും പോലീസും ബാധ്യസ്ഥരാണ്. അത്യാവശ്യ സാഹചര്യങ്ങളിൽ പരാതിക്കാരിക്ക് ഉടൻ ആശ്വാസം ലഭ്യമാക്കുന്നതിനുള്ള വകുപ്പുകൾ ഈ നിയമത്തിലുണ്ട്. കോടതിനടപടികൾ സ്വന്തമായി ക്രമീകരിക്കുന്നതിന് മജിസ്ട്രേറ്റിന് പ്രത്യേക അധികാരം ഉണ്ടെന്നുള്ളത് ഈ നിയമത്തിന്റെ ഒരു പ്രത്യേകതയാണ്. കോടതി ഉത്തരവ് നടപ്പിലാക്കാൻ പോലീസിന് ഉത്തരവ് നൽകുന്നതിനും മജിസ്ട്രേറ്റിന് അധികാരമുണ്ട്. അപക്വമായ മനസ്സുള്ളവരും തത്വദീക്ഷയില്ലാത്തതും അധാർമികവുമായ ഉപദേശങ്ങൾക്ക് വഴങ്ങുന്നവരും ഈ നിയമം ഒരായുധമാക്കുന്നത് കുടുംബ സമാധാനത്തിന്റെ ശാശ്വതമായ തകർച്ചക്ക് കാരണമാകുന്നുവെന്നത് ദുഖകരമായ ഒരു കാര്യമാണ്.

# സ്വവർഗ്ഗവിവാഹവും നിയമ സാധുതയും






**ദിപിൻ റോയ് എസ്സ്. എൽ.**
അസിസ്റ്റന്റ് ലീഗൽ ഓഫീസർ,
നിയമവകുപ്പ്.

രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക പരിഗണനകളിൽ, വിവാഹം ഒരു വ്യക്തിയുടെ അസ്തിത്വത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. ജീവശാസ്ത്രപരമായി എതിർലിംഗത്തിൽപ്പെട്ടവർ തമ്മിലുള്ള ബന്ധത്തിന്റെ സാധുത നിശ്ചയിക്കലാണ് വിവാഹം എന്ന പാരമ്പര്യ സങ്കല്പത്തിനാധാരം. എന്നാൽ ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി ഒരേ ലിംഗത്തിൽപ്പെട്ട രണ്ട് വ്യക്തികൾ തമ്മിലുള്ള വിവാഹത്തെയാണ് സ്വവർഗവിവാഹം (Same-sex Marriage) എന്നുകൊണ്ട് ഉദ്ദേശിയ്ക്കുന്നത്. വ്യക്തിയുടെ ഇഷ്ടാനുസരണം വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടനയുടെ അനുച്ഛേദം 21 പ്രകാരം സംരക്ഷിക്കപ്പെടുമെന്ന് ഇന്ത്യയുടെ പരമോന്നത നീതിപീഠം വിവിധ കേസുകൾ പരിഗണിക്കവെ നിരീക്ഷിച്ചിട്ടുണ്ടെങ്കിലും ഈ അവകാശം സ്വവർഗവിവാഹത്തിന് ലഭ്യമായിട്ടില്ല. അതുകൊണ്ട് തന്നെ സ്വവർഗ്ഗവിവാഹത്തിന്റെ നിയമ സാധുത സംബന്ധിച്ച വിഷയം ഇന്ത്യയുടെ സാമൂഹിക പശ്ചാത്തലത്തിലും നിയമമേഖലയിലും ചൂടേറിയ ചർച്ചകൾക്കും സങ്കീർണ്ണമായ നിയമ പ്രശ്നങ്ങൾക്കും വിധേയമായിക്കൊണ്ടിരുന്ന ഒരു സാഹചര്യത്തിലാണ് 2023 ഒക്ടോബർ 17-നു ബഹു സുപ്രീം കോടതി



സുപ്രിയോ @ സുപ്രിയ ചക്രബൊർത്തി v. യൂണിയൻ ഓഫ് ഇന്ത്യ [W P (C) 1011 of 2022] എന്ന കേസിലെ ചരിത്ര വിധിയിലൂടെ ഇതിനൊരു തീർപ്പുകല്പിച്ചിരിയ്ക്കുന്നത്. പ്രസ്തുത വിധിയുടെ പശ്ചാത്തലത്തിൽ സ്വവർഗ വിവാഹത്തിന്റെ നിയമസാധുത സംബന്ധിച്ച നിയമ പോരാട്ടങ്ങളുടെ നാൾവഴികളിലേയ്ക്ക് ഒന്നെത്തി നോക്കുന്നത് ഉചിതമായിരിയ്ക്കും.

ഇന്ത്യയിലെ നിയമസംവിധാനം സ്വവർഗ്ഗവിവാഹങ്ങളെ അംഗീകരിക്കുന്നില്ല, 1860-ൽ നിലവിൽ വന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377-ാം വകുപ്പ് സ്വവർഗ ലൈംഗീകത (Homosexuality) ഉൾപ്പെടെയുള്ള പ്രവൃത്തികളെ 'പ്രകൃതി വിരുദ്ധം' (Unnatural) എന്ന നിലയിൽ ഒരു കുറ്റകൃത്യമായി കണക്കാക്കിയിരുന്നു. ഇത് സംബന്ധിച്ച് രാജ്യത്ത് നിലവിലുള്ള നിയമങ്ങൾ, 'വിവാഹം' എന്നതിന് 'പുരുഷനും' 'സ്ത്രീയും' തമ്മിലുള്ള കൂടിച്ചേരൽ എന്ന രീതിയിലുള്ള നിർവ്വചനങ്ങളാണ് നൽകുന്നത്. സ്വവർഗ്ഗ ലൈംഗീകത, സ്വവർഗ്ഗ വിവാഹം എന്നിവ പ്രധാനമായും ചർച്ചചെയ്യപ്പെടുന്നത് LGBTQIA+ സമൂഹത്തിന്റെ അവകാശങ്ങളുമായി ബന്ധപ്പെട്ടാണ്. ഭൂരിപക്ഷത്തിൽ നിന്നും വ്യത്യസ്തമായി ലൈംഗീകവൈവിധ്യ ത്തിലൂടെയും/ വ്യതിയാനത്തിലൂടെയും രൂപപ്പെട്ട ലിംഗലൈംഗീക ന്യൂനപക്ഷത്തെ മൊത്തത്തിൽ ഉൾപ്പെടുത്തി ലോകത്താകമാനം പൊതുവെ സൂചിപ്പിച്ചുപോരുന്ന ചുരുക്കെഴുത്താണ് L.G.B.T.Q.I.A community [ L-Lesbian, G-Gay, B-Bisexual, T-Transgender, Q-Queer, I-Intersexual, A-Asexual] എന്നത്. ജൻഡർ/ ലിംഗനീതി/ ലിംഗസമത്വം/ ലൈംഗീകത എന്നിവ അടിസ്ഥാനമാക്കിയുള്ള സംഘടനകൾക്കിടയിൽ ഈ ചുരുക്കപ്പേര് വളരെ വേഗം പ്രചാരം നേടുകയും അത് ഈ സമൂഹങ്ങളെ അഭിസംബോധന ചെയ്യുവാനുള്ള മുഖ്യധാരാപദമായി മാറുകയും ചെയ്തു. ലോകത്ത് ആദ്യമായി സ്വവർഗ്ഗവിവാഹത്തിന് നിയമസാധുത നൽകിയ രാജ്യം നെതർ ലാൻഡ്ഡാണ്. പിന്നീടങ്ങോട്ട് നാളിത് വരെ 32-ഓളം രാജ്യങ്ങൾ സ്വവർഗ്ഗവിവാഹത്തിന് നിയമപരമായ അംഗീകാരം നൽകിയിട്ടുണ്ട്. മറ്റനേകം രാജ്യങ്ങൾ ഇതേ പാതയിലാണ്. എന്നാൽ 64 രാജ്യങ്ങളിൽ ഇന്നും സ്വവർഗ്ഗബന്ധങ്ങൾ കുറ്റകരമാണ്. ചില രാജ്യ ങ്ങളിൽ വധശിക്ഷ വരെ ലഭിക്കാവുന്ന കുറ്റമാണ് ഇത്തരം ബന്ധങ്ങൾ.

1990-കളിലാണ് ഇന്ത്യയിൽ LGBTQIA+ സമൂഹത്തിന്റെ അവകാശങ്ങളെ സംബന്ധിച്ച ചർച്ചകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതും അവരുടെ അവകാശ ങ്ങൾ സംരക്ഷിക്കുന്നതിനായി ദേശീയ തലത്തിൽ വിവിധ സംഘടനകൾ രൂപം കൊള്ളുന്നതും. 2001-ൽ നാസ് ഫൗണ്ടേഷൻ എന്ന സർക്കാരിതര സംഘടന (N.G.O) ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377-ാം വകുപ്പിന്റെ ഭരണഘടനാസാധുത ചോദ്യം ചെയ്തുകൊണ്ട് ഒരു പൊതുതാത്പര്യ ഹർജി നാസ് ഫൗണ്ടേഷൻ v. ഡൽഹിയുടെ എൻ. സി. റ്റി. സർക്കാരും മറ്റുള്ളവരും [WP(C) No.7455/2001] ഡൽഹി ഹൈക്കോടതിയിൽ ഫയൽ ചെയ്ത തോടെയാണ് സ്വവർഗ്ഗ വിവാഹം,

സ്വവർഗ്ഗലൈംഗീകത എന്നിവ സംബന്ധിച്ചും, LGBTQIA+ സമൂഹത്തിന്റെ അവകാശങ്ങൾ സംബന്ധിച്ചുമുള്ള നിയമ പോരാട്ട ങ്ങൾക്ക് കൂടുതൽ പൊതുശ്രദ്ധ കൈവന്നത്. പ്രസ്തുത കേസിൽ വകുപ്പ് 377-ലെ വ്യവസ്ഥകൾ ഭരണ ഘടനയുടെ അനുച്ഛേദം 14, 21 എന്നിവയുടെ ലംഘനമാണെന്ന് ഡൽഹി ഹൈക്കോടതി നിരീക്ഷിക്കുകയും 2009-ൽ 377-ാം വകുപ്പ് അസാധു വാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ഹൈക്കോടതി വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യപ്പെടുകയും 2013-ൽ സുരേഷ് കുമാർ കൗശലും മറ്റൊരാളും v. നാസ് ഫൗണ്ടേഷനും മറ്റുള്ളവരും [CIVIL APPEAL NO.10972 OF 2013] എന്ന കേസിൽ ഡൽഹി ഹൈക്കോടതി വിധി ബഹു.സുപ്രീം കോടതി റദ്ദ് ചെയ്യുകയും വകുപ്പ് 377-ലെ വ്യവസ്ഥകൾ വീണ്ടും പുനഃസ്ഥാപിക്കുകയും ചെയ്തു.

2016-ൽ പ്രശസ്ത ഭരതനാട്യം നർത്തകനായ നവതേജ് സിംഗ് ജോഹർ ഉൾപ്പെടെയുള്ളവർ 377-ാം വകുപ്പിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് വീണ്ടും സുപ്രീം കോടതിയെ സമീപിക്കുകയും 2018 സെപ്റ്റംബർ 6-ാം തീയതി ബഹു. സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് നവ്തേജ് സിംഗ് ജോഹറും മറ്റുള്ളവരും v. നിയമ നീതിന്യായ മന്ത്രാലയ സെക്രട്ടറി മുഖേന യൂണിയൻ ഓഫ് ഇന്ത്യ [AIR 2018 SC 4321] എന്ന കേസിൽ 377-ാം വകുപ്പ് ഭാഗികമായി റദ്ദ് ചെയ്യുകയും പ്രായപൂർത്തി യായവരുടെ പരസ്പര സമ്മതത്തോടെയുള്ള സ്വവർഗ്ഗ ലൈംഗികത കുറ്റകരമല്ല എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ പരസ്പര സമ്മതത്തോടെയല്ലാതെയുള്ള, മുതിർന്നവർക്കും കുട്ടികൾക്കുമെതിരെയുള്ള പ്രകൃതി വിരുദ്ധ ലൈംഗീകത 377-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം കുറ്റകൃത്യമായി തുടരും എന്നും സുപ്രീംകോടതി നിരീക്ഷിച്ചു. നവതേജ് സിംഗ് ജോഹർ കേസിലെ ചരിത്ര വിധി ഇന്ത്യയിലെ LGBTQIA+ സമൂഹത്തെ സംബന്ധിച്ച് പുതിയ തുടക്കമായിരുന്നു. അത് അവരുടെ ഭരണ ഘടനാപരമായ അവകാശങ്ങൾ ഉറപ്പിക്കുന്നതിനും സ്വവർഗ്ഗ വിവാഹത്തിൽ ഏർപ്പെട്ട ദമ്പതികൾക്കും ഉഭയ ലിംഗ ദമ്പതികൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിനുള്ള നിയമപോരാട്ടങ്ങൾക്കും കരുത്തു പകർന്നു.

2014-ൽ നാഷണൽ ലീഗൽ സെർവിസ്സ് അതോറിറ്റി (എൻ.എ.എൽ.എസ്.എ.) v. യൂണിയൻ ഓഫ് ഇന്ത്യ (2014) 5 SCC 438 എന്ന കേസിൽ ഭരണഘടനയുടെ അനുച്ഛേദം 14, 15, 19 പ്രകാരം ഉറപ്പു നൽകിയിട്ടുള്ള തുല്യത, ആവിഷ്കാര സ്വാതന്ത്ര്യം, സ്വകാര്യത, അന്തസ്സ് എന്നിവ യ്ക്കുള്ള LGBTQIA+ വ്യക്തികളുടെ മൗലികാവകാശങ്ങൾ സുപ്രീം കോടതി ഊന്നിപ്പറയുകയും അവർക്ക് തുല്യ അവകാശങ്ങളും സംരക്ഷണവും നൽകാൻ സർക്കാരിനോട് ഉത്തരവിടുകയും ചെയ്തു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നിയമപരമായ അംഗീകാരം നൽകുകയും അവരുടെ അവകാശങ്ങൾ സംരക്ഷി ക്കുകയും ചെയ്യുന്ന ട്രാൻസ്ജെൻഡർ പേഴ്സൺസ് (പ്രൊട്ടക്ഷൻ ഓഫ്

റൈറ്റ്സ്) ആക്റ്റ് 2019-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചെങ്കിലും സ്വവർഗ്ഗവിവാഹം പോലുള്ള വിഷയങ്ങളിൽ LGBTQIA+ സമൂഹത്തിന്റെ ആശങ്ക പരിഹരിക്കാൻ പ്രസ്തുത നിയമ നിർമ്മാണം പര്യാപ്തമായിരുന്നില്ല എന്ന് വിലയിരുത്തപ്പെടുന്നു. സ്വവർഗ വിവാഹ ത്തിന് നിയമപരമായ അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിരവധി ഹർജികളാണ് ഇക്കാലയളവിൽ ഇന്ത്യയിലെ വിവിധ ഹൈക്കോടതികളിലും ബഹു. സുപ്രീം കോടതിയിലും സമർപ്പിക്കപ്പെട്ടത്. 2020-ൽ മലയാളികളായ നികേഷ്-സോനു പുരുഷ സ്വവർഗ്ഗ ദമ്പതികൾ തങ്ങളുടെ വിവാഹത്തിന് നിയമസാധുത നൽകണമെന്ന് ആവശ്യപ്പെട്ട് കേരള ഹൈക്കോടതിയെ സമീപിച്ചിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ **ആദില v. പോലീസ് കമ്മീഷണറും മറ്റുള്ളവരും** [WP(CRL.) NO. 476 OF 2022] ; **ദേവു ജി. v. കേരള സംസ്ഥാനം** 2023 [SCC OnLine SC 112] എന്നീ കേസുകളും ഫയൽ ചെയ്യപ്പെട്ടു. പ്രായപൂർത്തിയായ ഒരു വ്യക്തിയ്ക്ക് തന്റെ ഇഷ്ട്ടത്തിനനുസരിച്ചുള്ള വ്യക്തിയെ വിവാഹം കഴിക്കാനുള്ള അവകാശം അനുച്ഛേദം 21 പ്രകാരം സംരക്ഷിക്ക പ്പെടുമെന്നുള്ള ബഹു.സുപ്രീം കോടതിയുടെ **ഷഫിൻ ജഹാൻ v. അശോകൻ കെ. എം.** [(2018) 16 SCC 368], **ലക്ഷ്മിഭായ് ചന്ദരാഗി ബി. v. കർണാടക സംസ്ഥാനം** [(2021) 3 SCC 360], **ശക്തി വാഹിനി v. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും** [(2018) 7 SCC 192] എന്നീ കേസുകളിലെ വിധിയും, വ്യക്തിസ്വാതന്ത്രവും സ്വകാര്യതയും സംബന്ധിച്ച **ജസ്റ്റിസ് കെ. എസ്. പുട്ടസ്വാമിയും (റിട്ട.) മറ്റൊരാളും v. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും.** [AIR 2017 SC 4161] എന്ന കേസിലെ ബഹു സുപ്രീം കോടതി ഭരണഘടനാ ബഞ്ചിന്റെ ചരിത്ര വിധിയും, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377-ാം വകുപ്പ് ഭാഗികമായി അസാധുവാക്കിയ നവതേജ് സിംഗ് ജോഹർ കേസിലെ വിധിയും സ്വവർഗ്ഗ വിവാഹത്തിന് നിയമ സാധുത തേടിയുള്ള ഹർജികൾ കൂടുതലായി കോടതികളിൽ എത്താൻ കാരണമായി എന്ന് വിലയിരുത്തപ്പെടുന്നു.

2022 നവംബർ 14-ന്, ഇന്ത്യയിലെ സ്വവർഗ്ഗ വിവാഹങ്ങൾക്ക് നിയമപരമായ അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് രണ്ട് സ്വവർഗ്ഗ ദമ്പതികൾ സുപ്രീം കോടതി യിൽ റിട്ട് ഹർജി സമർപ്പിച്ചു. 1954-ലെ പ്രത്യേക വിവാഹ നിയമത്തിന്റെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്തായിരുന്നു ഹർജികൾ. സുപ്രിയോ ചക്രബൊർത്തിയും അഭയ് ദാംഗുമാണ് ഹർജി സമർപ്പിച്ചത്. 1954-ലെ പ്രത്യേക വിവാഹ നിയമത്തിലെ വകുപ്പ് 4 (സി) 'പുരുഷനും' 'സ്ത്രീയും' തമ്മിലുള്ള വിവാഹം മാത്രമേ അംഗീകരി ക്കുന്നുള്ളൂവെന്നും വാടക ഗർഭധാരണം, ദത്തെടുക്കൽ, തൊഴിൽ, വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവ പോലുള്ള വിവാഹ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന തിലൂടെ ഇത് സ്വവർഗ ദമ്പതികളോട് വിവേചനം കാണിക്കുന്നുവെന്നും അതിനാൽ നിയമത്തിലെ വകുപ്പ് 4 (സി) ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിക്കണമെന്ന് ഹർജിക്കാർ കോടതിയോട് ആവശ്യപ്പെട്ടു. ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭി

ക്കാൻ, ലൈഫ് ഇൻഷുറൻസിൽ പങ്കാളിയെ നോമിനി ആക്കാൻ തുടങ്ങിയ വിഷയങ്ങളും ഉന്നയിക്കപ്പെട്ടു. മാത്രമല്ല സമാനമായ കാരണങ്ങളാൽ തന്നെ മറ്റ് വ്യക്തിനിയമങ്ങളായ 1955-ലെ ഹിന്ദു വിവാഹ നിയമം, 1969-ലെ വിദേശ വിവാഹ നിയമം എന്നിവയെയും ചോദ്യം ചെയ്തുകൊണ്ട് നിരവധി ഹർജികൾ സമർപ്പിക്കപ്പെട്ടു. സ്വവർഗവിവാഹം അംഗീകരിക്കാത്തത് തുല്യത, അഭിപ്രായ സ്വാതന്ത്ര്യം, അന്തസ്സ് എന്നിവയ്ക്കുള്ള അവകാശങ്ങളെ ലംഘിക്കുന്നതാണെന്നാണ് ഹർജിക്കാരുടെ വാദം.

ഹർജികളുടെ വിശാലമായ സാഹചര്യവും ഭരണകൂടവും ഭരണഘടനാപരമായ അവകാശങ്ങളും തമ്മിലുള്ള പരസ്പര ബന്ധവും കണക്കിലെടുത്ത് കേരള ഹൈക്കോടതി ഉൾപ്പെടെ ഇന്ത്യയിലെ വിവിധ ഹൈക്കോടതികളിൽ ഫയൽ ചെയ്തിട്ടുള്ള സ്വവർഗ്ഗവിവിവാഹത്തിന് നിയമസാധുത തേടിയുള്ള എല്ലാ ഹർജികളും സുപ്രീംകോടതിയിലേയ്ക്ക് മാറ്റുകയും ഭരണഘടനയുടെ അനുച്ഛേദം 145(3)-ലെ വ്യവസ്ഥകൾ പ്രകാരം ഹർജിയിലെ വാദവും മറുവാദവും അഞ്ച് ജഡ്ജിമാരുടെ ബെഞ്ച് പരിഹരിക്കുന്നത് ഉചിതമാണെന്ന് സുപ്രീം കോടതി അഭിപ്രായപ്പെടുകയും ചെയ്തു. സ്വവർഗ്ഗ വിവാഹം നിയമവിധേയമാക്കണമെന്ന് ആവശ്യപ്പെട്ടുള്ള എല്ലാ ഹർജികളും നിലവിൽ **സുപ്രിയോ @ സുപ്രിയ ചക്രബൊർത്തി v. യൂണിയൻ ഓഫ് ഇന്ത്യ** [W P (C) 1011 of 2022] എന്ന കേസിനൊപ്പമാണ് പരിഗണിച്ചത്. ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ എസ്. കെ. കൗൾ, എസ്. ആർ. ഭട്ട്, ഹിമ കോഹ്ലി, പി. എസ്. നരസിംഹ എന്നിവരടങ്ങിയ അഞ്ചംഗ ഭരണഘടനാ ബെഞ്ചാണ് കേസ് പരിഗണിച്ചത്.

2023 ഏപ്രിൽ 18-നു ആരംഭിച്ച വാദവും മറുവാദവും പത്ത് ദിവസത്തോളം തുടർന്നു. 2023 ഒക്ടോബർ 17-നു അന്തിമ വിധി പുറപ്പെടുവിച്ചു. സ്വവർഗ്ഗ വിവാഹങ്ങൾക്ക് നിയമസാധുത നൽകുന്നതിൽ നാല് വ്യത്യസ്ത വിധിന്യായങ്ങളാണ് ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ചത്. സ്വവർഗ്ഗബന്ധങ്ങൾ സാമൂഹിക യാഥാർഥ്യമാണെന്നു സുപ്രീം കോടതി അംഗീകരിച്ചുവെങ്കിലും സ്ത്രീ പുരുഷ വിവാഹങ്ങൾക്കുള്ള നിയമസാധുത സ്വവർഗ്ഗ വിവാഹങ്ങൾക്കും ഉറപ്പാക്കണമെന്ന ആവശ്യം ബഹു. സുപ്രീംകോടതി 3-2 ഭൂരിപക്ഷത്തിൽ തള്ളുകയാണുണ്ടായത്. കൂടാതെ ഒരുമിച്ചു ജീവിക്കുന്ന സ്വവർഗ്ഗ പങ്കാളികൾക്ക് കുഞ്ഞുങ്ങളെ ദത്തെടുക്കാനുള്ള അവകാശമുണ്ടെന്നുള്ള ഹർജിക്കാരുടെ വാദവും അംഗീകരിയ്ക്കപ്പെട്ടില്ല. സ്വവർഗ്ഗ വിവാഹം മൗലികാവകാശമല്ലെന്നു വ്യക്തമാക്കിയ കോടതി സ്വവർഗ്ഗ വിവാഹം അനുവദിക്കാത്ത പ്രത്യേക വിവാഹനിയമത്തിലെ 4-ാം വകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്ന വാദവും അംഗീകരിച്ചില്ല. അതേസമയം ട്രാൻസ് പുരുഷന് സ്ത്രീയെയും ട്രാൻസ് സ്ത്രീയ്ക്ക് പുരുഷനെയും നിയമപരമായി വിവാഹം കഴിക്കാമെന്നും ട്രാൻസ് പുരുഷനും ട്രാൻസ് സ്ത്രീയുമായുള്ള വിവാഹവും പ്രത്യേക വിവാഹനിയമ പ്രകാരം രജിസ്റ്റർ ചെയ്യാമെന്നുള്ള ബഹു. ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശം മറ്റെല്ലാ അംഗങ്ങളും അംഗീകരിക്കുകയും ചെയ്തു. സ്വവർഗ്ഗ പങ്കാളികൾക്ക് നൽകുന്ന വിവാഹേതര


അവകാശങ്ങൾ നിർണയിക്കാൻ കേന്ദ്ര സർക്കാർ സമിതിയെ നിയമിക്കണമെന്ന് ഭരണഘടനാ ബെഞ്ച് ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. സ്വവർഗ്ഗ വിവാഹങ്ങൾക്ക് രാജ്യത്തെ നിലവിലുള്ള നിയമമനുസരിച്ചു സാധുത നൽകാനാവില്ലെന്നും നിയമത്തിൽ ഭേദഗതി വരുത്തി അംഗീകാരം നല്കണോയെന്നതിൽ അന്തിമതീരുമാനം എടുക്കേണ്ടത് പാർലമെന്റാണെന്നും ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ഭരണ ഘടനാ ബെഞ്ച് വിധിച്ചു. ചുരുക്കത്തിൽ സുപ്രീയോ കേസിലെ വിധിയിലൂടെ സ്വവർഗ്ഗ വിവാഹത്തിന് നിയമ സാധുത നൽകുന്ന വിഷയത്തിൽ ഒരു പരിഹാരം കാണുന്നതിനുള്ള ഉത്തരവാദിത്വം ബഹു. സുപ്രീം കോടതി നിയമനിർമ്മാണ സഭയിൽ നിക്ഷിപ്തമാക്കി എന്ന് വേണം കരുതാൻ.

ദേശീയ മനുഷ്യാവകാശ കമ്മിഷൻ 2022-ൽ പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ LGBTQIA+ സമൂഹത്തിന്റെ അംഗസംഖ്യ ഏകദേശം 8 ശതമാനത്തോളമാണ്. അവരുടെ അംഗസംഖ്യ ദിനംപ്രതി വർധിച്ചുകൊണ്ടിരിയ്ക്കുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തി സ്വവർഗ്ഗ വിവാഹത്തിന് നിയമ സാധുത നല്കണോയെന്നതിൽ അന്തിമതീരുമാനം എടുക്കേണ്ടത് പാർലമെന്റാണെന്ന് ബഹു സുപ്രീം കോടതി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സുപ്രിയോ കേസിലെ വിധിയിലൂടെ സ്വവർഗ്ഗ വിവാഹത്തിന്റെ നിയമ സാധുത സംബന്ധിച്ച തർക്ക വിതർക്കങ്ങൾക്ക് താൽക്കാലികമായെങ്കിലും പരിഹാരമായെന്ന് കരുതാമെങ്കിലും നിയമ പോരാട്ടം തുടരുമെന്ന് ഹർജിക്കാർ ഇതിനോടകം വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ LGBTQIA+ സമൂഹത്തിന്റെ അവകാശങ്ങൾ സംരക്ഷിച്ചെടുക്കാനുള്ള നിയമ പോരാട്ടങ്ങളെ അധികകാലം കണ്ടില്ലെന്ന് നടിക്കാൻ ഒരു ഭരണ സംവിധാനത്തിനും കഴിയില്ല എന്നതാണ് വാസ്തവം.

"എന്റെ അവകാശം തുടങ്ങുന്നിടത്ത് നിങ്ങളുടെ അവകാശം അവസാനിക്കുന്നു" എന്ന് പറഞ്ഞത് അമേരിക്കൻ തത്വചിന്തകനും നിയമജ്ഞനുമായ ഒലിവർ വെൻഡൽ ഹോംസ് ജൂനിയർ ആണ്. വ്യക്തിഗത അവകാശങ്ങൾ കേവലമല്ലെന്നും മറ്റുള്ളവരുടെ അവകാശങ്ങൾക്ക് വിധേയമാണെന്നുമാണ് അദ്ദേഹം പറഞ്ഞുവച്ചത്. പരിഷ്കൃത സമൂഹത്തിൽ വ്യക്തികളുടെ അവകാശങ്ങൾ നിരന്തരം മാറ്റത്തിന് വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ സമൂഹത്തിലെ ന്യൂനപക്ഷം വരുന്ന ചില വിഭാഗങ്ങളുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടുന്നത് തങ്ങളുടെ അവകാശങ്ങളെ ബാധിക്കുമോ എന്ന ആശങ്ക ഭൂരിപക്ഷ വിഭാഗത്തിന് ഉണ്ടാകുന്നത് സ്വാഭാവികം. ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാതെ എല്ലാ അവകാശങ്ങളെയും അംഗീകരിക്കുകയും അവ സമരസപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ സമൂഹം സ്വയം പരിഷ്കരണത്തിന് വിധേയമാകുന്നു എന്ന് വിലയിരുത്താൻ സാധിക്കൂ, അത്തരം വിലയിരുത്തലുകളിലേയ്ക്കെത്താൻ ഇനിയും കാത്തിരിയ്ക്കേണ്ടിവന്നേയ്ക്കാം

## ഈ ലേഖനം തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന ഉറവിടങ്ങളെ ആശ്രയിച്ചിട്ടുണ്ട്


1. The Constitution of India
2. The Special Marriage Act,1954
3. The Foreign Marriage Act, 1969
4. The Hindu Marriage Act, 1955
5. Indian Penal Code 1860.
6. Same-Sex Love in India;Ruth Vanita, Saleem Kidwai, Penguin Random House India Private Limited;24 June 2021;
7. Https://www.Eastasiaforum.Org/Securing support for same-sex marriage in India;Shreya Sharma and Karan Babbar, OP Jindal Global University;
8. Https://timesofindia.Indiatimes.Com/Same Sex Marriages in India: A complete overview; Akshat Anunay;
9. Https://www.Legalserviceindia.Com/Analysis:Same-Sex Marriage in India/ Ishank;
10. Https://www.Thehindu.Com/data point: situating the debate on same-sex marriage/a look at attitudes towards homo sexuality and same-sex marriages across the globe/rebecca rose varghese/may 01, 2023;
11. Https://womensmediacenter.Com/The Long Fight for Same-Sex Marriage in India Could Soon Be Won/ Nikita Jain/JUNE 23, 2023;
12. Https://time.Com/Meet the Couple Leading the Push to Legalize Same-Sex Marriage in India/ astharajvanshi/APRIL19,2023;
13. Https://www.Livelaw.In/Same Sex Marriage:The Current Conflict And The Way Forward Aman Anand/ & Ashish Chauhan 30 Dec 2022;
14. Https://www.Livelaw.In/interviews/legalising-same-sex-marriages-interview-of-keralas-first-married-gay-couple
15. Https://www.Statista.Com/statistics/1270143/lgbt-identification-worldwide country/
16. Https://theleaflet.In/Same-sex marriage in India: why are Indian courts taking so long?; KANAV N. SAHGAL·MARCH 30, 2022
17. Https://nhrc.Nic.In/ Making India Transgender Inclusive: An In-Depth Analysis Of The Education Sector In India released by National Human Rights Commission in 2022
18. Https://en.Wikipedia.Org/wiki/Same-sex_marriage.
19. Https://www.Mathrubhumi.Com/svavargavivaaham sveekaaryamallaatthavar aadhunikaralla; maattangal anivaaryam akhilaselva /27May23;
20. Https://www.Thefourthnews.In/svavagavivaaham niyamaparamaakkiyathu 30 lere raajyangal; vebdesku;18 Apr2023;
21. Https://malayalam.Indiatoday.In/'svavargavivaaham oru nagara varenya sankalppam': kendram supreem kotathiye ariyicchu/Kanu Sarda/17 Apr 2023;
22. Https://www.Scobserver.In/Plea for Marriage Equality/Supriyo@Supriya Chakraborty & Anr. V Union of India;
23. Https://www.Scconline.Com/ The Momentous Same Sex Marriage Matter Before The Supreme Court Constitution Bench/April18,2023;
24. Https://www.Outlookindia.Com/Consequential Benefits of Same-Sex Marriage Riddled With Issues/Aditya Manubarwala/02JUN2023;
25. Https://docs.Manupatra.In/LegalRecognitionof Samesex Relationships in India— Nayantara Ravichandran;
26. Https://law and other things.Com/Can Judges Deliver Marriage Equality? Saptarshi Mandal
27. Https://thewire.In/53% of Adults in India Support Legalisation of Same-Sex Marriages, Finds Pew Research Center;The Wire Staff/14/JUN/2023
28. Https://www.Thehindu.Com/news/national/supreme-courts-verdict-on-same-sex-marriages-explained/article67429494.October18,2023 SAUMYA KALIA
29. Https://www.Britannica.Com/biography/Oliver-Wendell-Holmes-Jr
30. Http://sjd.Kerala.Gov.In/DOCUMENTS/Policy/Sta%20Policy/tg_policies_1458712412.Pdf
31. Https://www.Thehindu.Com/ Same-sex marriage and the fundamental right to marry | Explained,AARATRIKA BHAUMIK;October 20, 2023




### ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം

# ആത്മഹത്യാശ്രമം

### നിലവിൽ ഒരു കുറ്റകൃത്യമാണോ?

**അനന്ത കൃഷ്ണൻ എ. കെ.**
ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II



നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (എൻ.സി.ആർ.ബി) കണക്കുകൾ പ്രകാരം, ഇന്ത്യയിൽ കോവിഡ്-19 മഹാമാരി സമയത്തും അതിനുശേഷവും ആത്മഹത്യാ നിരക്കിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2019-ൽ 1.39 ലക്ഷം ആത്മഹത്യകൾ എൻ.സി.ആർ.ബി രേഖപ്പെടുത്തിയപ്പോൾ, 2020-ൽ 1.5 ലക്ഷം ആത്മഹത്യകളും 2021-ൽ 1.64 ലക്ഷം ആത്മഹത്യകളുമാണ് എൻ.സി.ആർ.ബി രേഖപ്പെടുത്തിയിട്ടുള്ളത്. ആത്മഹത്യാ പ്രവണത വർദ്ധിക്കുന്നത് സമൂഹം അടിച്ചേൽപ്പിക്കുന്ന മാനസിക സമ്മർദ്ദം മൂലമാണോ അതോ വ്യക്തികൾ തങ്ങളിലേക്കു തന്നെ ചുരുങ്ങിപോകുന്നതു കൊണ്ടാണോ എന്നതെല്ലാം ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങളാണ്.

ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം ആത്മഹത്യാശ്രമം കുറ്റകരമാണ്. അല്ലെങ്കിൽ കുറ്റകരമായിരുന്നു എന്നു പറയുന്നതായിരിക്കും ഉചിതം. കാരണം 2017-ലെ മാനസികാരോഗ്യ സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം ആത്മഹത്യാശ്രമം എന്ന പ്രവർത്തിയുടെ നിയമസ്ഥിതിയെ കുറിച്ച് ഒരുപാട് ആശയക്കുഴപ്പം ഉണ്ടായിട്ടുണ്ട്. ആത്മഹത്യ കുറ്റകരമല്ലെന്ന് പൊതുജനങ്ങൾക്കിടയിലും നിയമവൃത്തങ്ങൾക്കിടയിലും വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. എന്നാൽ ആത് പൂർണ്ണമായും ശരിയുമല്ല തെറ്റുമല്ല.

ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 309-ാം വകുപ്പ് പ്രകാരം ആത്മഹത്യാശ്രമം ഇപ്പോഴും ഒരു കുറ്റകൃത്യമായി തന്നെ നിലനിൽക്കുന്നു. അത് റദ്ദ്ചെയ്യപ്പെട്ടിട്ടില്ല. പക്ഷേ 2017-ലെ മാനസികാരോഗ്യ സംരക്ഷണനിയമത്തിന്റെ 115(1)-ാം വകുപ്പ് പ്രകാരം, ആത്മഹത്യയ്ക്ക് ശ്രമിച്ച ഒരു വ്യക്തിക്ക് കടുത്ത സമ്മർദ്ദത്തിന്റെ അനുമാനം (presumption of severe stress) നൽകണം. കൂടാതെ അങ്ങനെയുള്ള ഒരാളെ ഇന്ത്യൻ ശിക്ഷാനിയമപ്രകാരം വിചാരണ ചെയ്യാനും ശിക്ഷിക്കാനും പാടില്ല. എന്നിരുന്നാലും ഈ അനുമാനത്തെ പ്രോസിക്യൂഷന് നിഷേധിക്കാവുന്നതാണ്. 115(2)-ാം വകുപ്പ് പ്രകാരം, ആത്മഹത്യാശ്രമം ആവർത്തിക്കാനുള്ള സാധ്യത കുറയ്ക്കുന്നതിന്, അത്തരമൊരു വ്യക്തിക്ക് പരിചരണവും ചികിത്സയും പുനരധിവാസവും നൽകാൻ സർക്കാരിന് ഉത്തരവാദിത്വം ഉണ്ട്.

അതിനാൽ, 2017-ലെ മാനസികാരോഗ്യ സംരക്ഷണ നിയമം നിലവിൽ വന്നതിന് ശേഷം ആത്മഹത്യാശ്രമം ഒരു കുറ്റമല്ലെന്ന് കരുതുന്നതിൽ തെറ്റില്ല. കാരണം തത്വത്തിൽ അത് തന്നെയാണ് ഈ നിയമത്തിലൂടെ ചെയ്തിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട്, ***സിമി സി. എൻ. v. കേരള സംസ്ഥാനം*** [2022 SCC Online Ker 2184] എന്ന കേസിൽ, ബഹു. കേരള ഹൈക്കോടതി ചില നിരീക്ഷണങ്ങൾ നടത്തിയിരുന്നു. ആ കേസിൽ, ആത്മഹത്യയ്ക്ക് ശ്രമിച്ച ഹർജിക്കാരിക്കെതിരെയുള്ള എല്ലാ കുറ്റാരോപണങ്ങളും (charges)കോടതി റദ്ദാക്കിയിരുന്നു. ആത്മഹത്യാശ്രമത്തെ ക്രിമിനൽ കുറ്റമല്ലാതാക്കുക എന്നത് കോടതികളുടെയും നിയമജ്ഞരുടെയും പൊതു കാഴ്ചപ്പാടാണെന്ന് കോടതി നിരീക്ഷിച്ചു. ഇരയെ ശിക്ഷിക്കാൻ ശ്രമിക്കുന്നതിനു പകരം സാമൂഹികവും മാനസികവുമായ പിന്തുണ നൽകണമെന്ന് കോടതി അഭിപ്രായപ്പെട്ടു.

***കോമൺ കോസ് v. യൂണിയൻ ഓഫ് ഇന്ത്യ*** (AIR 2018 SC 1665) എന്ന കേസിൽ, 115-ാം വകുപ്പ് പ്രകാരം ആത്മഹത്യയ്ക്ക് ശ്രമിക്കുന്ന ഒരു വ്യക്തിയെ കുറ്റവാളിയായിട്ടല്ല, പകരം സാഹചര്യങ്ങളുടെ ഇരയായിട്ടാണ് കണക്കാക്കുന്നതെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടിരുന്നു. അത് ആത്മഹത്യാശ്രമത്തെ സമൂഹം എങ്ങനെ വീക്ഷിക്കണം എന്നതിനെക്കുറിച്ചുള്ള നമ്മുടെ നിയമത്തിലെ വ്യക്തമായ മാറ്റത്തെ അടയാളപ്പെടുത്തുന്നുവെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു.

ഇതിനു മുമ്പും ആത്മഹത്യാശ്രമത്തെ കുറ്റകരമല്ലാതാക്കാനുള്ള നിരവധി നീക്കങ്ങൾ നടന്നിരുന്നു. പക്ഷേ അതൊന്നും ഫലവത്തായില്ല. 1970-71 കാലയളവിൽ, ആത്മഹത്യാശ്രമം ഇന്ത്യൻ ശിക്ഷാനിയമത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ലാ കമ്മീഷൻ അതിന്റെ 142-ാം റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. കേന്ദ്ര സർക്കാർ ഈ ശിപാർശക്ക് അനുകൂല നിലപാട് സ്വീകരിച്ചിരുന്നു. പക്ഷേ നിർഭാഗ്യവശാൽ 1979-ൽ ലോക്സഭ പിരിച്ചുവിട്ടതിനാൽ ഭേദഗതി ബിൽ അസാധുവായി. ***സംസ്ഥാനം v.***

***സഞ്ജയ് കുമാർ ഭാട്ടിയ*** [1985 Cr LJ 931] എന്ന കേസിൽ, 309-ാം വകുപ്പ് നിലനിൽക്കുന്നത് മനുഷ്യസമൂഹത്തിന് നിരക്കാത്തതാണെന്ന് ബഹു. ഡൽഹി ഹൈക്കോടതി നിരീക്ഷിച്ചിരുന്നു. എന്നാൽ, 309-ാം വകുപ്പിന്റെ ഭരണഘടനാ സാധുതയെക്കുറിച്ചുള്ള ചോദ്യം കോടതി പരിഗണിച്ചില്ല.

***മാരുതി ശ്രീപതി ദുബാൽ v. മഹാരാഷ്ട്ര സംസ്ഥാനം*** (1987 Cr LJ 743) എന്ന കേസിൽ, ബഹു. ബോംബെ ഹൈക്കോടതി 309-ാം വകുപ്പ് റദ്ദാക്കിയിരുന്നു. 309-ാം വകുപ്പ് ഇന്ത്യൻ ഭരണഘടനയുടെ 14-ഉം 21-ഉം അനുച്ഛേദങ്ങളുടെ ലംഘനമാണെന്ന് കോടതി കണ്ടെത്തിയിരുന്നു. മൗലികാവകാശങ്ങൾക്ക് വ്യത്യസ്തമായ വശങ്ങളുണ്ടെന്ന് കോടതി അഭിപ്രായപ്പെട്ടു. സംസാര സ്വാതന്ത്ര്യത്തിൽ തന്നെ മൗനം പാലിക്കാനുള്ള അവകാശം കൂടി അടങ്ങിയിരിക്കുന്നതുപോലെ, ജീവിക്കാനുള്ള അവകാശത്തിൽ തന്നെ മരിക്കാനുള്ള അവകാശവും അടങ്ങിയിരിക്കുമെന്ന് കോടതി നിരീക്ഷിച്ചു. അതുപോലെ ***പി. രത്നം v. യൂണിയൻ ഓഫ് ഇന്ത്യ*** എന്ന കേസിൽ (AIR 1994 SC 1844), സുപ്രീം കോടതി 309-ാം വകുപ്പിനെ റദ്ദാക്കിയിരുന്നു. 309-ാം വകുപ്പ് ക്രൂരവും യുക്തി രഹിതവുമായ ഒരു വ്യവസ്ഥയാണെന്ന കാരണത്താൽ അത് ഇന്ത്യൻ ഭരണ ഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ ലംഘനമാണെന്ന് കോടതി കണ്ടെത്തിയിരുന്നു.

എന്നാൽ, ***ഗ്യാൻ കൗർ v. പഞ്ചാബ് സംസ്ഥാനം*** (AIR 1996 SC 946) എന്ന കേസിൽ, സുപ്രീം കോടതി ഈ രണ്ട് കേസുകളിലെയും നിലപാട് അസാധുവാക്കുകയും 309-ാം വകുപ്പ് ഭരണഘടനയുടെ 14-ഉം 21-ഉം അനുച്ഛേദങ്ങളുടെ ലംഘനമല്ലെന്ന് വിധിക്കുകയും ചെയ്തു. 2008-ൽ ലാ കമ്മീഷൻ അതിന്റെ 210-ാം റിപ്പോർട്ടിൽ 309-ാം വകുപ്പിനെ റദ്ദാക്കാൻ വീണ്ടും ശിപാർശ ചെയ്തു.

നാളുകൾക്ക് ശേഷം 2017-ലാണ് മാനസികാരോഗ്യ സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നത്. രസകരമെന്നു പറയട്ടെ, ഇന്ത്യയ്ക്കും മറ്റ് കോളനികൾക്കും ഈ വ്യവസ്ഥ സമ്മാനിച്ച ബ്രിട്ടീഷുകാർ 1961-ൽ തന്നെ ആത്മഹത്യാശ്രമം കുറ്റകരമല്ലാതാക്കി. എന്നിരുന്നാലും, ആത്മഹത്യാശ്രമവുമായി ബന്ധപ്പെട്ട നിയമം ഇന്ത്യ ഒടുവിൽ പരിഷ്കരിച്ചത് പ്രശംസനീയമാണ്. ഇന്ത്യയെ കൂടാതെ, സിംഗപ്പൂർ, പാകിസ്ഥാൻ, ഗയാന, ഘാന, മലേഷ്യ എന്നീ രാജ്യങ്ങളെല്ലാം 2018-ന് ശേഷം ആത്മഹത്യാശ്രമം കുറ്റകരമല്ലാതാക്കി. നിർഭാഗ്യവശാൽ, നൈജീരിയ, ബംഗ്ലാദേശ്, ടാൻസാനിയ, മ്യാൻമാർ എന്നിവയുൾപ്പെടെ 19 രാജ്യങ്ങളിൽ ആത്മഹത്യാശ്രമം നിയമവിരുദ്ധമായി തന്നെ ഇപ്പോഴും തുടരുന്നു.

**ഉപസംഹാരം**

ആത്മഹത്യാശ്രമത്തെ കുറ്റകൃത്യമായി തന്നെ നിലനിർത്തണം. അതിൽ ഒരു സംശയമില്ല! സ്വന്തം ജീവനെടുക്കാൻ ശ്രമിച്ചതിന് ഒരാളെ ശിക്ഷിക്കുന്നത്

ക്രൂരമാണെന്ന് പറയേണ്ടതില്ലല്ലോ? ഇതുപോലുള്ള അഭിപ്രായങ്ങൾ ധാരാളമാണെങ്കിലും ഇതിന്റെ സത്യം രണ്ടിനും ഇടയിലാണ്. ആത്മഹത്യാ ശ്രമത്തെ ഇന്ത്യൻ ശിക്ഷാ നിയമത്തിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുന്നത് ഒരിക്കലും ഉചിതമല്ല. കാരണം മറ്റ് പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി, നമ്മുടെ സംസ്കാരത്തിൽ 'സന്താര' പോലുള്ള ആചാരങ്ങളുണ്ട്. ഭാവിയിൽ ഇത്തരം ആചാരങ്ങളെ നിയന്ത്രിക്കാൻ സർക്കാർ ആഗ്രഹിക്കുന്നുവെങ്കിൽ, സമഗ്രമായ ഒരു നിയമനിർമ്മാണം വരുന്നത് വരെ 309-ാം വകുപ്പ് ആവശ്യമായിരിക്കും. എന്നാൽ, ആത്മഹത്യയെ സംവേദനക്ഷമതയോടെ കൈകാര്യം ചെയ്യാതിരിക്കുന്നതും ഉചിതമല്ല. പലപ്പോഴും ആത്മഹത്യാശ്രമം സഹായത്തിനായുള്ള ഒരു അവസാന അഭ്യർത്ഥനയാണ്. അങ്ങനെയുള്ള ഒരാളെ ശിക്ഷിച്ചിട്ട് ഒരു പ്രയോജനവുമില്ല, അതിനുപകരം അവർക്ക് മാനസികാരോഗ്യ സേവനങ്ങളാണ് നൽകേണ്ടത്.

ഇവിടെയാണ് 115-ാം വകുപ്പിന് പിന്നിലെ നിയമനിർമ്മാണദീർഘവീക്ഷണത്തെ (legislative foresight) നമുക്ക് കാണാൻ കഴിയുന്നത്. ഒരു വശത്ത് ഈ വ്യവസ്ഥ ആത്മഹത്യയ്ക്ക് ശ്രമിക്കുന്നവർക്ക് കടുത്ത സമ്മർദത്തിന്റെ അനുമാനം നൽകുമ്പോൾ, മറുവശത്ത് ആത്മഹത്യാശ്രമം കുറ്റകരമായി തന്നെ തുടരുന്നു. ഈ രീതിയിൽ 115-ാം വകുപ്പിന് വ്യത്യസ്ത താൽപ്പര്യങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയുന്നു.

പക്ഷേ, 115-ാം വകുപ്പിന് ഭാവിയിൽ എന്തെങ്കിലും പ്രസക്തി ഉണ്ടാകുമോയെന്ന് കണ്ടറിയാം. കാരണം, ഇന്ത്യൻ ശിക്ഷാ നിയമസംഹിതക്ക് പകരമുള്ള 2023-ലെ ഭാരതീയ ന്യായ സംഹിത പ്രാബല്യത്തിൽ വന്നാൽ, കേവലം ആത്മഹത്യാ ശ്രമം ഒരു കുറ്റമാകില്ല. ഭാരതീയ ന്യായ സംഹിതയുടെ 226-ാം വകുപ്പ് പ്രകാരം നിയമാനുസൃതമായ അധികാരം വിനിയോഗിക്കാൻ നിർബ്ബന്ധിക്കുന്നതിനോ നിയന്ത്രിക്കുന്ന തിനോ വേണ്ടി ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്നത് കുറ്റകരമായിരിക്കും. അത്തരമൊരു സാഹചര്യത്തിൽ, ആത്മഹത്യയ്ക്ക് ശ്രമിച്ച വ്യക്തിക്ക് അനുകൂലമായ ഒരു അനുമാനം 115-ാം വകുപ്പ് നൽകാനുള്ള സാധ്യത വളരെ കുറവാണ്.

ആത്മഹത്യാശ്രമം നിലവിൽ ഒരു കുറ്റകൃത്യമാണോ? ചുരുക്കി പറഞ്ഞാൽ, 309-ാം വകുപ്പ് പ്രകാരം അത് കുറ്റകരമാണ്, എന്നാൽ തത്വത്തിൽ 2017-മുതൽ അത് ഒരു കുറ്റകൃത്യമല്ല.

[കുറിപ്പ്: ക്രിമിനൽ നിയമത്തിൽ ആത്മഹത്യാശ്രമത്തെക്കുറിച്ചുള്ള ചർച്ച എന്തുതന്നെയായാലും, ആത്മഹത്യ ഒരിക്കലും ഒന്നിനും ഒരു പരിഹാരമല്ല. നിങ്ങളോ നിങ്ങൾക്കു പരിചയമുള്ള ആരെങ്കിലുമോ മാനസികബുദ്ധിമുട്ട് നേരിടുന്നുണ്ടെങ്കിൽ, ഇന്നത്തെകാലത്തു മാനസികാരോഗ്യ സേവനങ്ങൾ ലഭ്യമാണെന്ന് അറിയുക.]

# വേറിട്ട വിധികൾ



**വേറിട്ട വിധികളിൽ** ഉൾപ്പെട്ടിരിക്കുന്ന വിധികൾ എല്ലാം അന്തിമവിധികളല്ല. **വ്യത്യസ്ഥവും കൗതുകകരവുമായ** ചില വിധികൾ വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

**I. വീട്ടുജോലിയുടെ ഭാരം ഭർത്താവും ഭാര്യയും വഹിക്കണം: ബോംബെ ഹൈക്കോടതി**

ആധുനിക സമൂഹത്തിൽ, കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഭാര്യാ ഭർത്താക്കന്മാർ തുല്യമായി പങ്കിടണമെന്ന് **അഭിഷേക് ആർ മഹാജൻ v. ദീപിക അഭിഷേക് മഹാജൻ** (2023:BHCAS:26074DB) എന്ന കേസിൽ, ബഹു. ബോംബെ ഹൈക്കോടതി വിധിച്ചു. വിവാഹമോചനത്തിനുള്ള അപേക്ഷ നിരസിച്ച കുടുംബ കോടതി വിധിക്കെതിരെ ഭർത്താവ് നൽകിയ അപ്പീൽ പരിഗണിക്കവെയാണ് കോടതി ഇത്തരത്തിൽ നിരീക്ഷിച്ചത്. വീട്ടുജോലിയുടെ ഉത്തരവാദിത്തം ഭാര്യക്ക് മാത്രമാണെന്ന പ്രാകൃത മനോഭാവം മാറേണ്ടതുണ്ടെന്ന് ജസ്റ്റിസ് നിതിൻ സാംബ്രെ, ജസ്റ്റിസ് ഷർമിള ദേശ്മുഖ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് അഭിപ്രായപ്പെട്ടു.

കേസിലെ കക്ഷികൾ 2010-ൽ വിവാഹിതരായവരാണ് എന്നാൽ 2013-മുതൽ ചിലകാരണങ്ങളാൽ വേറിട്ട് താമസിക്കുന്നു. വിവാഹബന്ധത്തിൽ ഒരു കുട്ടിയും ഉണ്ട്. ഭാര്യ എപ്പോഴും അവരുടെ അമ്മയുമായി ഫോണിൽ സംസാരിച്ചി രിക്കുകയാണെന്നും വീട്ടു ജോലികൾ ഒന്നും ചെയ്യുന്നില്ല എന്നും അതിനാൽ രാവിലെ ഭക്ഷണം കഴിക്കാതെയാണ് ജോലിക്ക് പോകേണ്ടിവരുന്നു എന്നും കാണിച്ചാണ് വിവാഹമോചനം ആവശ്യപ്പെട്ടത്. അത് കൂടാതെ ഭാര്യയുടെ പെരുമാറ്റം ശരിയായ രീതിയിലല്ലെന്നും അയാളുടെ രക്ഷിതാക്കളെ വഴക്കുപറയാറുണ്ടെന്നും ആരോപിച്ചിരുന്നു.



രണ്ട് കക്ഷികളും ജോലി ചെയ്യുന്നവരാണെന്നും വീട്ടുജോലികളെല്ലാം ഭാര്യ കൈകാര്യം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നത് യാഥാസ്ഥിതിക (regressive) മനോഭാവത്തിന്റെ ലക്ഷണമാണെന്നും കോടതി നിരീക്ഷിച്ചു.

വിവാഹത്തിനുശേഷം ഭാര്യ അവരുടെ മാതാപിതാക്കളുമായുള്ള സകല ബന്ധങ്ങളും അവസാനിപ്പിക്കണമെന്ന് കരുതുന്നത് ശരിയല്ല. മാതാപിതാക്കളുമായി ബന്ധപ്പെടുന്നത് മറ്റേയാളെ മാനസികമായി വേദനിപ്പിക്കുമെന്ന് ഒരിക്കലും കണക്കാക്കാനാവില്ലെന്ന് കോടതി പറഞ്ഞു. മാതാപിതാക്കളുമായുള്ള ഭാര്യയുടെ സമ്പർക്കം നിയന്ത്രിക്കുന്നത് മാനസികമായി അവരെ പീഡിപ്പിക്കലാണെന്ന് കോടതി അഭിപ്രായപ്പെട്ടു.

**II. ജീവനാംശസംഖ്യ തീരുമാനിക്കുമ്പോൾ ഭാര്യയെ ആശ്രയിച്ചു കഴിയുന്ന**

## വളർത്തുനായ്ക്കൾക്ക് വരുന്ന ചെലവ് കൂടി പരിഗണിക്കാമെന്ന് മുംബൈ മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതി

2021-ലാണ് ഭർത്താവിൽ നിന്നും ജീവനാംശം വേണമെന്നാവശ്യപ്പെട്ട് 55 കാരിയായ ഭാര്യ മുംബൈ മെട്രോപൊളിറ്റൻ കോടതിയെ സമീപിക്കുന്നത്. 07/09/1986-നായിരുന്നു വിവാഹം. വിവാഹബന്ധത്തിൽ രണ്ടുപെൺകുട്ടികളുണ്ട്. അവർ ഇപ്പോൾ വിവാഹം കഴിഞ്ഞ് വിദേശത്താണ്. കുറെകാലം ഭാര്യാഭർത്തൃ ബന്ധം സുഗമമായി മുന്നോട്ടു പോയി. പിന്നീട് അതിൽ വിള്ളലുകൾ ഉണ്ടായതിനെത്തുടർന്ന് തന്നെ സംരക്ഷിച്ചു കൊള്ളാം എന്ന് വാക്ക് നൽകി ഭർത്താവ് മുംബൈയിലേക്ക് അയയ്ക്കുകയാണ് ഉണ്ടായതെന്നും എന്നാൽ ഭർത്താവ് പിന്നീട് വാക്കുപാലിക്കുക യുണ്ടായില്ല എന്നും മറ്റുമാണ് ഹർജിയിലെ പ്രതിപാദ്യം. 2005-ലെ ഗാർഹികപീഢന നിരോധന നിയമത്തിന്റെ 12-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത പ്രധാന ഹർജിയിൽ ഒരു ഇടക്കാല ഹർജി വഴിയാണ് ജീവനാംശം ആവശ്യപ്പെട്ടിരിക്കുന്നത്.

തനിക്ക് മറ്റു വരുമാനമാർഗ്ഗങ്ങളൊ ന്നുമില്ല എന്നും തനിക്ക് ദേഹസുഖ



മില്ലാത്തതാണെന്നും മൂന്ന് റോട്ട് വൈലർ നായ്ക്കൾ തന്നെ ആശ്രയിച്ചാണ് കഴിയുന്നതെന്നും ഭർത്താവ് ബാംഗ്ലൂരുവിൽ ബിസിനസ്സ് നടത്തുകയാണെന്നും അതല്ലാതെ തന്നെ അയാൾക്ക് മറ്റുവരുമാനമാർഗ്ഗങ്ങളുണ്ടെന്നും മേൽ കാരണങ്ങളാൽ 70,000 രൂപ ജീവനാംശമായി അനുവദിക്കണമെന്നുമാണ് ഇടക്കാല ഹർജിയിലെ അപേക്ഷ.

ഹർജിയിൽ പറയുന്ന കാര്യങ്ങൾ നിഷേധിച്ചുകൊണ്ട് തന്റെ ബിസിനസ്സ് നഷ്ടത്തിലാണെന്നും ഭാര്യ സ്വമേധയാ വീട് വിട്ടു പോയതാണെന്നും വളർത്തു നായ്ക്കൾക്ക് ജീവനാംശം നൽകുന്ന കാര്യം പരിഗണനാർഹമല്ല എന്നും ഭർത്താവ് വാദിച്ചു.

ഹർജിക്കാരിയും ഭർത്താവും വേറിട്ടു താമസിക്കുകയാണെന്നും ഭാര്യയുടെ സാമ്പത്തികസുരക്ഷ ഉറപ്പാക്കുന്നതിന് ഭർത്താവ് മറ്റൊന്നും ചെയ്തിട്ടില്ല എന്നതും സമ്മതിക്കപ്പെട്ട വസ്തുതകളാണ് എന്ന് കോടതി കണ്ടു. അതുപോലെ തന്നെ ഹർജിക്കാരിക്ക് സ്വന്തമായി വരുമാനമാർഗ്ഗങ്ങളില്ല എന്നും പൂർണ്ണമായും ഭർത്താവിനെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത് എന്നും സമ്മതിക്കപ്പെട്ട കാര്യമാണ്.

ഭാര്യയുടെ പ്രായം പരിഗണിച്ചും, ദേഹാസ്വാസ്ഥ്യങ്ങളും വളർത്തുനായ്ക്കളും അവരുടെ ദൈനംദിന ചിലവുകൾക്ക് ആക്കം കൂട്ടുന്നതാണെന്ന സംഗതി പരിഗണിച്ചും, ഭർത്താവ് മുന്നോട്ടുവെച്ച വാദഗതികൾ ജീവനാംശം നൽകേണ്ട ഉത്തരവാദിത്വത്തിൽ നിന്നും അയാളെ ഒഴിവാക്കുവാൻ പര്യാപ്തമല്ല എന്ന് കോടതി നിരീക്ഷിച്ചു.

ഭർത്താവിന് ബിസിനസ്സിൽ നഷ്ടമുണ്ടായി എന്നു കാണിക്കാൻ ഒരു തെളിവും ഹാജരാക്കിയിട്ടില്ല. ഇനി നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെ ഭാര്യയെ സംരക്ഷിക്കുന്നതിനുള്ള ബാധ്യതയിൽ നിന്നും ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. സാമ്പത്തികമായി ഉയർന്ന ശ്രേണിയിലുള്ളവരായതിനാൽ അതിനനുസൃതമായ സംഖ്യതന്നെ ജീവനാംശമായി അനുവദിക്കേണ്ടതുണ്ട് എന്ന് മജിസ്ട്രേറ്റ് കോമൾസിംഗ് രജപുത് കൂട്ടിച്ചേർത്തു.

വളർത്തുനായ്ക്കൾക്ക് ചെലവിനു നൽകുന്ന കാര്യം പരിഗണിക്കാൻ പാടുള്ളതല്ല എന്ന വാദം നിരാകരിച്ചുകൊണ്ട് ഒരു തകർന്ന വിവാഹബന്ധത്തിലെ വൈകാരിക വിടവുകൾ നികത്തുന്നതിനും അതുവഴി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിനും വളർത്തുമൃഗങ്ങൾ അത്യാവശ്യമാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഇടക്കാല ജീവനാംശമായി പ്രതിമാസം 50,000 രൂപ നൽകുവാൻ ഉത്തരവിട്ടുകൊണ്ട് ഹർജി തീർപ്പാക്കുകയാണ് ഉണ്ടായത്.

### III. മൃഗങ്ങൾക്ക് മൗലികാവകാശങ്ങളില്ല

മൗലികാവകാശങ്ങൾ മൃഗങ്ങൾക്ക് ലഭിക്കുമോ എന്ന വിഷയം ***ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയും മറ്റുള്ളവരും V. യൂണിയൻ ഓഫ് ഇന്ത്യയും മറ്റൊരാളും*** (AIR 2023 SC 2612) എന്ന കേസിൽ ചർച്ച ചെയ്യപ്പെട്ടു. 1960-ലെ മൃഗങ്ങളോടുള്ള ക്രൂരതനിരോധന ആക്റ്റുമായി ബന്ധപ്പെട്ട് തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര സംസ്ഥാനങ്ങൾ കൊണ്ടുവന്ന ഭേദഗതികൾ ക്കെതിരെ ഫയൽ ചെയ്ത കേസിൽ തമിഴ്നാട്ടിൽ നടത്തിപോരുന്ന ജെല്ലിക്കെട്ട്, മഹാരാഷ്ട്രയിൽ നടത്തി വരുന്ന കാളവണ്ടി പന്തയഓട്ടം, കർണ്ണാടകയിലെ കമ്പാല എന്നിവ ഭരണഘടന യുടെ 14-ാം അനുച്ഛേദവുമായി ബന്ധിപ്പിച്ച് പരിശോധിക്കവെ ആണ് ഇത് ആലോച നാവിഷയമായത്.



മനുഷ്യർ ആവശ്യപ്പെടുന്നതുപോലെ ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ആവശ്യപ്പെടുവാൻ മൃഗങ്ങൾക്കാവില്ല. എന്നാൽ സാമൂഹിക സാംസ്ക്കാരിക നയങ്ങളുടെ ഭാഗമായി മനുഷ്യരും മൃഗങ്ങളുമായുള്ള ഇട പെടലുകളിൽ ആവശ്യമായ നിയന്ത്രണ ങ്ങൾ കൊണ്ടുവരുന്നത് വഴി മൃഗങ്ങളുടെ അവകാശങ്ങളെ നിയമ നിർമ്മാതാക്കൾ അംഗീകരിച്ചിട്ടുമുണ്ട്. മൗലികകടമകൾ എന്ന അദ്ധ്യായത്തിൽ ഒരു പൗരൻ, വനങ്ങൾ, തടാകങ്ങൾ, പുഴകൾ, വന്യജീവികൾ എന്നിവ ഉൾപ്പെടുന്ന പരിസ്ഥിതി സംരക്ഷിക്കേണ്ടതും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുമാണ് എന്നു പറയുന്നു. കൂടാതെ മറ്റുള്ള ജീവികളോട് കരുണ ഉള്ളവനാകുകയും വേണം.

മൃഗങ്ങൾക്ക് മൗലികാവകാശങ്ങൾ നൽകണമോ എന്ന ചോദ്യത്തിന് മുൻ ദൃഷ്ടാന്തങ്ങളൊന്നുമില്ല.

***ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ V. എ. നാഗരാജയും മറ്റുള്ളവരും*** [(2014) 7 SCC 547] എന്ന കേസിലും മൃഗങ്ങൾക്ക് മൗലികാവകാശങ്ങളുണ്ടെന്ന് ഡിവിഷൻ ബെഞ്ച് വിധിച്ചിട്ടില്ല. ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ പരിരക്ഷ ഒരു വ്യക്തിക്ക് ലഭിക്കുമ്പോൾ 19-ാം അനുച്ഛേദത്തിന്റെ പരിരക്ഷ ഒരു പൗരനിൽ ഒതുങ്ങുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ കാളകളെ മേൽപറഞ്ഞ പരിരക്ഷിത പ്രക്രിയയിൽ കൊണ്ടുവരുക എന്ന ജുഡീഷ്യൽ സാഹസികതയ്ക്കൊരുങ്ങുന്നത് അവിവേകമായിരിക്കും. തെരുവിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന ഒരു കാളയെ അതിന്റെ ഇഷ്ടത്തിന് വിപരീതമായി തടഞ്ഞു വെച്ചാൽ ഭരണഘടനാപ്രകാരമുള്ള റിട്ട് ആയ ഹേബിയസ് കോർപ്പസ് ഹർജി ഫയൽ ചെയ്യാനുള്ള അവകാശം സിദ്ധിക്കുമോ ഇല്ലയോ എന്ന കാര്യത്തിലും സംശയമുണ്ടായിരുന്നു. മൃഗങ്ങൾക്കുള്ള നിയമപരമായ അവകാശങ്ങൾ മൗലികാവകാശത്തിന്റെ തട്ടിലേക്ക് ഉയർത്തണമോ എന്ന ചോദ്യം നാഗരാജ കേസിൽ പറഞ്ഞിരിക്കുന്നതിന്റെ ഘടന ഒരു ജുഡീഷ്യൽ നിർദ്ദേശം പോലെയാണ് എന്നും ജസ്റ്റിസ് ശ്രീ. കെ. എം. ജോസഫ്, ജസ്റ്റിസ് ശ്രീ. അജയ് രസ്തോഗി, ജസ്റ്റിസ് ശ്രീ. അനിരുദ്ധ ബോസ്, ജസ്റ്റിസ് ശ്രീ. ഹ്രിഷികേശ് റോയ്, ജസ്റ്റിസ് ശ്രീ. സി.റ്റി. രവികുമാർ എന്നിവരടങ്ങിയ സുപ്രീം കോടതി ബെഞ്ച് വിലയിരുത്തി.




# നിയമപരിചയം

## ഹിന്ദു പിൻതുടർച്ച ആക്റ്റ്, 1956

### ആമുഖം

ആറ് അദ്ധ്യായങ്ങളിലായി 31-വകുപ്പുകളാണ് ഈ ആക്റ്റിലുള്ളത്. ഭാരതം മുഴുവൻ ഈ ആക്റ്റിന് വ്യാപ്തിയുണ്ട്. ഈ ആക്റ്റ് വരുന്നതിന് തൊട്ടുമുമ്പ് വരെ നിലനിന്നിരുന്ന ഹിന്ദുനിയമത്തിന്റെ ഏതെങ്കിലും ഗ്രന്ഥത്തിനോ ചട്ടത്തിനോ വ്യാഖ്യാനത്തിനോ അല്ലെങ്കിൽ ആ നിയമത്തിന്റെ ഭാഗമായ ഏതെങ്കിലും ആചാരത്തിനോ വഴക്കത്തിനോ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്യുന്ന വിഷയങ്ങളിൽ പ്രഭാവമില്ലാതാകുന്നതാണ്. അതുപോലെതന്നെ ഈ ആക്റ്റിൽ പറയുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉണ്ടായിരുന്ന നിയമങ്ങളും ഹിന്ദുക്കൾക്ക് ബാധകമല്ലാതാവുകയും ചെയ്തു.




### ആക്റ്റ് ബാധകമല്ലാത്ത വസ്തുക്കൾ

1) 1954-ലെ പ്രത്യേക വിവാഹ ആക്റ്റിന്റെ 21-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ കാരണമായി 1925-ലെ ഇന്ത്യൻ പിൻതുടർച്ച ആക്റ്റ് പ്രകാരം പിൻ തുടർച്ച ക്രമപ്പെടുത്തിയിട്ടുള്ള വസ്തു.


2) ഭാരതത്തിലെ ഏതെങ്കിലും സംസ്ഥാനത്തിന്റെ ഭരണാധികാരി ഭാരത സർക്കാരുമായി ഏർപ്പെട്ട ഉടമ്പടിയോ കരാർ പ്രകാരമോ അല്ലെങ്കിൽ ഈ ആക്റ്റിനു മുമ്പ് പാസ്സാക്കപ്പെട്ട ഏതെങ്കിലും നിയമം നിഷ്ക്കർഷിക്കുന്നത് പോലെയോ ഒരു ഏക അനന്തരാവകാശിക്ക് കിട്ടുന്ന എസ്റ്റേറ്റ്.

3) കൊച്ചി മഹാരാജാവിന്റെ 29/06/1949-ലെ വിളംബരത്താൽ നൽകപ്പെട്ട അധികാരങ്ങളാൽ പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡ് ഭരിക്കുന്ന വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേറ്റും പാലസ് ഫണ്ടും.

## 2005 – ലെ പ്രധാന ഭേദഗതികൾ

മിതാക്ഷര നിയമത്താൽ അനുശാസിക്കപ്പെടുന്ന ഹിന്ദു കൂട്ടുകുടുംബത്തിൽ ജന്മനാതന്നെ കൂട്ടുദായ (coparcenary) വസ്തുവിൽ പുത്രനു തുല്യമായ അവകാശം പുത്രിക്കും നൽകപ്പെട്ടു. മേൽപ്രകാരം ലഭിക്കുന്ന ഒരു വസ്തു മരണപത്രം വഴി വ്യയനം ചെയ്യാൻ സാധിക്കും. 2005–ലെ ഈ ഭേദഗതിക്കുശേഷം ഒരു ഹിന്ദു മരണപ്പെട്ടാൽ കൂട്ടുദായ വസ്തു ഒരു ഭാഗം നടന്നതുപോലെ വീതിച്ചു കൊടുത്തതായി കണക്കാക്കപ്പെടുകയും പുത്രനു തുല്യമായ ഓഹരി തന്നെ പുത്രിക്കും ലഭിക്കുകയും ചെയ്യും.

മുൻപ് മരിച്ചുപോയ പുത്രന്മാരുടെ ഓഹരി അവരുടെ ജീവിച്ചിരിക്കുന്ന കുട്ടിക്ക് ലഭിക്കുന്നതുപോലെതന്നെ മരിച്ചുപോയ പുത്രിമാരുടെ ഓഹരി അവരുടെ ജീവിച്ചിരിക്കുന്ന കുട്ടിക്ക് ലഭിക്കുന്നതായിരിക്കും. അതുപോലെതന്നെ മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച കുട്ടിക്ക് ഭാഗം നടക്കുന്ന സമയത്ത് അവർ ജീവിച്ചിരുന്നെങ്കിൽ അവർക്ക് ലഭിക്കുമായിരുന്ന ഓഹരി അവരുടെ കുട്ടിക്ക് ലഭിക്കുന്നതുപോലെതന്നെ മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച കുട്ടിയുടെ കുട്ടിക്കും ഓഹരി ലഭിക്കുന്നതാണ്.



ഈ ഭേദഗതി നിലവിൽ വന്നതിനുശേഷം ഒരു പുത്രനോ, പൗത്രനോ, പൗത്രന്റെ പുത്രനോ ധാർമ്മികമായ കടമയുടെ മാത്രം പേരിൽ അയാളുടെ അച്ഛന്റെയോ മുത്തച്ഛന്റെയോ മുതുമുത്തച്ഛന്റെയോ കടങ്ങൾ വീട്ടുവാൻ ബാദ്ധ്യസ്ഥരല്ല. എന്നാൽ ഈ ഭേദഗതി ആക്ട് നിലവിൽ വരുന്നതിനു മുമ്പ് ഉടലെടുത്ത കടബാദ്ധ്യതയാണെങ്കിൽ അവർക്കെതിരെ നടപടി എടുക്കാവുന്നതാണ്.

മറ്റൊരു പ്രധാന ഭേദഗതി, ആണുങ്ങളായുള്ള അവകാശികൾ കൂട്ടുകുടുംബം താമസിക്കുന്ന വാസഗൃഹത്തിൽ ഉള്ള അവരുടെ അവകാശം വീതിക്കുവാൻ തീരുമാനിക്കുന്നതുവരെ ഒരു പെൺ അനന്തരാവകാശിക്ക് ആയതിലെ ഭാഗം ചോദിക്കുവാൻ അവകാശമില്ല എന്ന വ്യവസ്ഥ എടുത്തുകളഞ്ഞതാണ്.

അതുപോലെതന്നെ മരണപ്പെട്ടയാളുടെ മുൻപ് മരിച്ച മകന്റെ വിധവ, മുൻപ് മരിച്ച മകന്റെ മുൻപ് മരിച്ച മകന്റെ വിധവ, സഹോദരന്റെ വിധവ എന്നിവർക്ക് പിൻതുടർച്ച തുടങ്ങുന്ന സമയം പുനർവിവാഹിതരാണെങ്കിൽ മരിച്ചയാളുടെ സ്വത്തിൽ വിധവ എന്ന നിലക്ക് അവകാശം ലഭിക്കില്ല എന്ന വ്യവസ്ഥയും ഈ ഭേദഗതിയിലൂടെ എടുത്തു കളഞ്ഞു.

## മരണശാസനം ഇല്ലാതെ മരിക്കുന്ന പുരുഷന്മാരുടെ പിൻതുടർച്ച – സാമാന്യ വ്യവസ്ഥകൾ

ഒന്നാമത് പട്ടികയിലെ ക്ലാസ്സ് I– ൽ നിർദ്ദേശിച്ചിട്ടുള്ളവർക്കും അതിൽ പറയുന്ന ആരും ഇല്ലാത്തപക്ഷം മാത്രം രണ്ടാമതായി പട്ടികയിലെ ക്ലാസ്സ് II–ൽ പറയുന്ന വർക്കും ഇതിൽ പറയുന്നവരും ഇല്ലെങ്കിൽ മൂന്നാമതായി അച്ഛൻ വഴിയുള്ള ബന്ധുക്കൾക്കും അതും ഇല്ലെങ്കിൽ അമ്മ വഴിയുള്ള ബന്ധുക്കൾക്കും ലഭിക്കും.

### ക്ലാസ്സ് I

പുത്രൻ; പുത്രി; വിധവ; മാതാവ്; മുൻപ് മരിച്ച പുത്രന്റെ പുത്രൻ; മുൻപ് മരിച്ച പുത്രന്റെ പുത്രി; മുൻപ് മരിച്ച പുത്രിയുടെ പുത്രൻ; മുൻപ് മരിച്ച പുത്രിയുടെ പുത്രി; മുൻപ് മരിച്ച പുത്രന്റെ വിധവ; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രന്റെ പുത്രൻ; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രന്റെ പുത്രി; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രന്റെ വിധവ; മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച പുത്രിയുടെ പുത്രൻ; മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച പുത്രിയുടെ പുത്രി; മുൻപ് മരിച്ച പുത്രിയുടെ മുൻപ് മരിച്ച പുത്രന്റെ പുത്രി; മുൻപ് മരിച്ച പുത്രന്റെ മുൻപ് മരിച്ച പുത്രിയുടെ പുത്രി.

### ക്ലാസ്സ് II

I. പിതാവ്

II. (1)പുത്രന്റെ പുത്രിയുടെ പുത്രൻ
(2) പുത്രന്റെ പുത്രിയുടെ പുത്രി
(3) സഹോദരൻ
(4)സഹോദരി

III. (1) പുത്രിയുടെ പുത്രന്റെ പുത്രൻ
(2) പുത്രിയുടെ പുത്രന്റെ പുത്രി
(3) പുത്രിയുടെ പുത്രിയുടെ പുത്രൻ
(4) പുത്രിയുടെ പുത്രിയുടെ പുത്രി

IV. (1) സഹോദരന്റെ പുത്രൻ
(2) സഹോദരിയുടെ പുത്രൻ
(3) സഹോദരന്റെ പുത്രി
(4) സഹോദരിയുടെ പുത്രി

V. പിതാവിന്റെ പിതാവ്; പിതാവിന്റെ മാതാവ്

VI. പിതാവിന്റെ വിധവ; സഹോദരന്റെ വിധവ

VII. പിതാവിന്റെ സഹോദരൻ; പിതാവിന്റെ സഹോദരി

VIII. മാതാവിന്റെ പിതാവ്; മാതാവിന്റെ മാതാവ്

XI. മാതാവിന്റെ സഹോദരൻ; മാതാവിന്റെ സഹോദരി

വിശദീകരണം- ഈ പട്ടികയിൽ, ഒരു സഹോദരനെയോ സഹോദരിയെയോ കുറിച്ചുള്ള പരാമർശങ്ങളിൽ ഏകോദരരക്തത്താലുള്ള ഒരു സഹോദരനെയോ സഹോദരിയെയോ കുറിച്ചുള്ള പരാമർശങ്ങൾ ഉൾപ്പെടുന്നതല്ല.

**<u>മരണശാസനം ഇല്ലാതെ മരിക്കുന്ന സ്ത്രീകളുടെ പിൻതുടർച്ച – സാമാന്യ വ്യവസ്ഥകൾ</u>**

ഒന്നാമതായി പുത്രന്മാർക്കും പുത്രിമാർക്കും (മുൻപ് മരിച്ച മക്കളുടെ മക്കൾ ഉൾപ്പെടെ) ഭർത്താവിനും, രണ്ടാമതായി ഭർത്താവിന്റെ അനന്തരാവകാശികൾക്കും, മൂന്നാമതായി അമ്മക്കും അച്ഛനും, നാലാമതായി അച്ഛന്റെ അനന്തരാവകാശികൾക്കും അവസാനമായി അമ്മയുടെ അവകാശികൾക്കും ലഭിക്കുന്നു.

എന്നാൽ അച്ഛനിൽ നിന്നോ അമ്മയിൽ നിന്നോ അനന്തരാവകാശമായി ലഭിച്ച വസ്തു, മരണപ്പെട്ടയാൾക്ക് മക്കൾ (മുൻപ് മരിച്ച മക്കളുടെ മക്കൾ ഉൾപ്പെടെ) ഇല്ലാത്ത പക്ഷം മരണപ്പെട്ടയാളുടെ അച്ഛന്റെ അവകാശികൾക്ക് ലഭിക്കുന്നതായിരിക്കും. അതുപോലെതന്നെ ഭർത്താവിൽ നിന്നോ ഭർത്താവിന്റെ അച്ഛനിൽ നിന്നോ അനന്തരാവകാശമായി ലഭിച്ച വസ്തു മരണപ്പെട്ടയാൾക്ക് മക്കൾ (മുൻപ് മരിച്ച മക്കളുടെ മക്കൾ ഉൾപ്പെടെ)ഇല്ലാത്ത പക്ഷം ഭർത്താവിന്റെ അനന്തരാവകാശികൾക്ക് ലഭിക്കുന്നതായിരിക്കും. മുൻപ് മരിച്ച മകനിൽ നിന്നും അനന്തരാവകാശമായി കിട്ടിയ വസ്തു ആ മകന്റെ അവകാശികൾക്ക് തന്നെ ലഭിക്കും.

**<u>പിൻതുടർച്ച പ്രത്യേക വ്യവസ്ഥകൾ</u>**

ഈ ആക്റ്റ് വന്നില്ലായിരുന്നുവെങ്കിൽ മരുമക്കത്തായ അളിയസന്താന നിയമങ്ങൾ പാലിക്കുമായിരുന്നവർക്ക് പ്രത്യേക പിൻതുടർച്ചാരീതികൾ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു.

പുരുഷന്മാരുടെ വസ്തുക്കളുടെ പിൻതുടർച്ചാവകാശം ക്ലാസ്സ് ഒന്നിലെയും രണ്ടിലെയും അനന്തരാവകാശികൾ ഇല്ലെങ്കിൽ സാമാന്യവ്യവസ്ഥിതിക്ക് വ്യത്യസ്തമായി അച്ഛൻ വഴിയുള്ള ബന്ധുക്കൾക്കും അമ്മ വഴിയുള്ള ബന്ധുക്കൾക്കും ഒരുപോലെ ലഭിക്കും.

സ്ത്രീകളുടെ പിൻതുടർച്ചയെ സംബന്ധിച്ചാണെങ്കിൽ ഭർത്താവിനു പകരം മക്കളോടൊപ്പം ഒന്നാമതായി ഓഹരി വിഹിതം ലഭിക്കുവാനുള്ള അവകാശം അമ്മയ്ക്കായിരിക്കും. രണ്ടാമതായി ഭർത്താവിനും, അച്ഛനും, മൂന്നാമതായി അമ്മയുടെ ബന്ധുക്കൾക്കും, നാലാമതായി അച്ഛന്റെ ബന്ധുക്കൾക്കും, അവസാനമായി

ഭർത്താവിന്റെ ബന്ധുക്കൾക്കും ലഭിക്കുന്നു. അച്ഛനിൽ നിന്നോ അമ്മയിൽ നിന്നോ അനന്തരാവകാശമായി ലഭിച്ച വസ്തു തിരിച്ച് അച്ഛന്റെ അവകാശികൾക്ക് കിട്ടുമെന്ന സാമാന്യ വ്യവസ്ഥ ഇവർക്ക് ബാധകമല്ല.

## ഗർഭസ്ഥ ശിശുവിനുള്ള അവകാശം

മരണശാസനം കൂടാതെ മരിക്കുന്ന ആളുടെ മരണസമയത്ത് ഗർഭത്തിലായിരിക്കുകയും പിന്നീട് ജീവനോടെ ജനിക്കുകയും ചെയ്യുന്ന കുട്ടിക്ക് മരിച്ച ആളുടെ മരണതീയ്യതി മുതൽ സ്വത്തുക്കളിൽ അവകാശം സിദ്ധിക്കുന്നതായിരിക്കും.

## ഒരേ സമയം മരണപ്പെടുന്ന സന്ദർഭങ്ങൾ

ആരാണ് ആദ്യം മരിച്ചതെന്ന് ശരിയായി തിട്ടപ്പെടുത്താൻ പറ്റാത്ത വിധം ഒരേ സമയത്താണ് മരണം സംഭവിക്കുന്നതെങ്കിൽ പിൻതുടർച്ച തീരുമാനിക്കുന്ന വിഷയത്തിൽ മൂത്തയാൾ ആദ്യം മരിച്ചതായി അനുമാനിക്കപ്പെടും.

## അയോഗ്യതകൾ

കൊലപാതകം നടത്തുകയോ അതിന് പ്രേരണ നൽകുകയോ ചെയ്യുന്ന വ്യക്തിക്ക് കൊല്ലപ്പെട്ട ആളുടെ സ്വത്ത് ലഭിക്കുകയില്ല. ഏതു സ്വത്ത് ലഭിക്കുവാനാണോ കൊല ചെയ്തത് അല്ലെങ്കിൽ കൊല്ലുവാൻ പ്രേരണ നൽകിയത് ആ സ്വത്തിന്മേലും അവകാശം ലഭിക്കുകയില്ല.

ഹിന്ദു മതത്തിൽ നിന്നും പരിവർത്തനത്താൽ ഹിന്ദുവല്ലാതായി തീർന്നതിനുശേഷം ജനിക്കുന്ന മക്കൾക്കും അവരുടെ പിൻഗാമികൾക്കും അവരുടെ ഹിന്ദുക്കളായ ബന്ധുക്കളുടെ സ്വത്തിൽ അവകാശം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ പിൻതുടർച്ച അനാവൃതമാകുന്ന സമയത്ത് അവരോ അവരുടെ പിൻഗാമികളോ ഹിന്ദുക്കളാണെങ്കിൽ അവർക്ക് അവകാശം സിദ്ധിക്കുന്നതാണ്. ഏതെങ്കിലും രോഗമോ ന്യൂനതകളോ അംഗവൈകല്യമോ മൂലം ഒരാളെയും അയോഗ്യരായി കണക്കാക്കുന്നതല്ല.

## അന്യം നിൽക്കൽ

ഈ ആക്റ്റിൽ പറയുന്ന ഒരവകാശികളും ഇല്ലാത്ത സാഹചര്യത്തിൽ വസ്തു സർക്കാരിൽ നിക്ഷിപ്തമാകും. അത്തരം സാഹചര്യത്തിൽ ഒരനന്തരാവകാശിക്കുള്ള എല്ലാ കടപ്പാടുകളും ബാദ്ധ്യതകളും സർക്കാരിന് ഉണ്ടായിരിക്കും.



# നിയമപ്രകാരമുള്ള
# അധികാരസ്ഥാപനങ്ങൾ




# മനുഷ്യാവകാശ കമ്മീഷൻ

## ആമുഖം

ഐക്യരാഷ്ട്രസഭയുടെ പൊതുസഭ 1948 ഡിസംബർ 10-ാം തീയതിലെ 217 A(iii)-ാം പ്രമേയപ്രകാരം സാർവ്വലൗകിക മനുഷ്യാവകാശ പ്രഖ്യാപനം സ്വീകരിക്കുകയും വിളംബരപ്പെടുത്തുകയും ചെയ്തു. ഇന്ത്യൻ ഭരണഘടനയും മൗലികാവകാശങ്ങൾ നൽകി മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചു. ക്രിമിനൽ നടപടി നിയമത്തിലും അറസ്റ്റ് ചെയ്യപ്പെടുന്ന ഒരു വ്യക്തിയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി വ്യവസ്ഥകൾ ഉണ്ടെന്ന് കാണാം. മനുഷ്യാവകാശം വളരെയധികം ചർച്ച ചെയ്യപ്പെടുന്ന ഈ ഒരു അവസരത്തിൽ മനുഷ്യാവകാശ കമ്മീഷനുകൾക്ക് പ്രസക്തിയേറുന്നു. മനുഷ്യാവകാശ സംരക്ഷണ ആക്റ്റ് 1993-പ്രകാരം രൂപീകൃതമായ മനുഷ്യാവകാശകമ്മീഷനുകളെ കുറിച്ചുള്ള ലഘുവിവരണം താഴെ ചേർക്കുന്നു.

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ

കമ്മീഷൻ രൂപീകൃതമായത് 12.10.1993-നാണ്. ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് ആയിരുന്നതോ അല്ലെങ്കിൽ സുപ്രീംകോടതി ജഡ്ജിയോ ആയിരുന്ന ഒരാളായിരിക്കണം ഇതിന്റെ ചെയർപേഴ്സൺ എന്ന് ആക്റ്റ് നിഷ്കർഷിക്കുന്നു. ചെയർപേഴ്സണെ കൂടാതെ അഞ്ചംഗങ്ങളുണ്ടായിരിക്കും. അതിലൊരാൾ നിലവിൽ സുപ്രീംകോടതി ജഡ്ജിയോ അല്ലെങ്കിൽ ആ സ്ഥാനം വഹിച്ചിരുന്ന ആളോ ആയിരിക്കണം. മറ്റൊരാൾ നിലവിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസോ അല്ലെങ്കിൽ ആ സ്ഥാനം വഹിച്ചിരുന്ന ഒരാളോ ആയിരിക്കണം. മറ്റു 3 അംഗങ്ങൾ മനുഷ്യാവകാശവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരിജ്ഞാനമുള്ളവരോ പ്രവർത്തി പരിചയമുള്ളവരോ ആയിരിക്കണം. അതിൽ ഒരാൾ വനിതയായിരിക്കുകയും വേണം.

കമ്മീഷന്റെ ആസ്ഥാനം ഡൽഹിയാണ്. മുൻ സുപ്രീംകോടതി ജഡ്ജിയായ ജസ്റ്റിസ് ശ്രീ. അരുൺകുമാർ മിശ്രയാണ് ഇപ്പോഴത്തെ ചെയർമാൻ. ഏറ്റവും ആദ്യത്തെ ചെയർമാൻ ജസ്റ്റിസ് ശ്രീ. രംഗനാഥമിശ്രയായിരുന്നു.

## ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും നിയമനം.

ചെയർപേഴ്സണെയും മറ്റംഗങ്ങളെയും ഒരു കമ്മിറ്റിയുടെ ശിപാർശയിന്മേൽ നിയമിക്കുന്നത് പ്രസിഡന്റാണ്. പ്രധാനമന്ത്രി അധ്യക്ഷനായ പ്രസ്തുത കമ്മിറ്റിയിൽ ലോകസഭാസ്പീക്കർ, ആഭ്യന്തര വകുപ്പ് മന്ത്രി, ലോകസഭയിലെ പ്രതിപക്ഷനേതാവ്, രാജ്യസഭയിലെ പ്രതിപക്ഷനേതാവ്, രാജ്യസഭയിലെ ഉപാധ്യക്ഷൻ എന്നിവർ അംഗങ്ങളായിരിക്കും. കൂടാതെ സുപ്രീംകോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിക്കാതെ സുപ്രീംകോടതി ജഡ്ജിയായോ ഹൈക്കോടതി ചീഫ് ജസ്റ്റിസായോ സേവനമനുഷ്ഠിച്ചുവരുന്നവരെ കമ്മീഷനിൽ നിയമിക്കാൻ പാടില്ലാത്തതാണ്.

## ചെയർപേഴ്സന്റെയും മറ്റ് അംഗങ്ങളുടെയും ഉദ്യോഗകാലാവധി

ചെയർപേഴ്സന്റെ കാലാവധി സ്ഥാനമേൽക്കുന്ന തീയതി മുതൽ 3 വർഷത്തേക്കോ 70 വയസ്സാകുന്നതുവരെക്കോ (ഏതാണോ ആദ്യം) ആയിരിക്കും. പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്. അംഗങ്ങളുടെയും കാലാവധി സ്ഥാനമേൽക്കുന്ന തീയതി മുതൽക്ക് 3 വർഷത്തേക്കായിരിക്കും. 70 വയസ്സാകുന്ന മുറക്ക് സ്ഥാനം ഒഴിയേണ്ടതായി വരും. അംഗങ്ങൾക്കും പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കും. ചെയർപേഴ്സനും മെമ്പർമാരും സ്ഥാനമൊഴിഞ്ഞതിനുശേഷം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ ജോലി ഏറ്റെടുക്കാൻ പാടുള്ളതല്ല.

## കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

മനുഷ്യാവകാശങ്ങളുടെ ലംഘനമോ, അതിനുള്ള പ്രേരണയോ നടന്നതായോ അഥവാ അത്തരം ലംഘനം തടയുന്നതിൽ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഉപേക്ഷ കാണിച്ചതായോ ഉള്ള പരാതികളിന്മേലും, കോടതികളുടെ നിർദ്ദേശത്തിന്മേലും ഉത്തരവിന്മേലും അന്വേഷണ വിചാരണ നടത്തുന്നതിന് കമ്മീഷനെ ചുമതല പ്പെടുത്തിയിരിക്കുന്നു. ഒരു കോടതി മുമ്പാകെ തീർപ്പാക്കാതെയിരിക്കുന്ന മനുഷ്യാവകാശലംഘനത്തിന്റെ ആരോപണം ഉൾക്കൊള്ളുന്ന നടപടിയിൽ കോടതിയുടെ അനുമതിയോടെ ഇടപെടുന്നതിന് കമ്മീഷന് അധികാരമുണ്ടായിരിക്കും.

ജയിലോ, അതുപോലെതന്നെ ചികിത്സ, ദുർഗുണപരിവർത്തനം, സംരക്ഷണം എന്നീ ആവശ്യങ്ങൾക്കായി വ്യക്തികളെ തടഞ്ഞുവച്ചിട്ടുള്ളതോ പാർപ്പിച്ചിട്ടുള്ളതോ ആയ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ അവിടെയുള്ള അന്തേവാസികളുടെ ജീവിതാവസ്ഥകൾ പഠിക്കുന്നതിനുവേണ്ടി സന്ദർശനം നടത്തി, അതിന്മേൽ സർക്കാരിന് ശിപാർശ സമർപ്പിക്കേണ്ട ഒരു കടമ കൂടി കമ്മീഷനുണ്ട്.

മനുഷ്യാവകാശസംരക്ഷണത്തിനായുള്ള നിയമത്തിൽ പറയുന്ന സുരക്ഷാ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനും അവ ഫലപ്രദമായി നടപ്പാക്കാ നുതകുന്ന നടപടികൾ ശിപാർശ ചെയ്യുന്നതിനും കമ്മീഷൻ ബാധ്യസ്ഥമാണ്. മനുഷ്യാവകാശങ്ങൾക്ക് തടസ്സമായി നിൽക്കുന്ന ഭീകരപ്രവർത്തനം ഉൾപ്പെടെയുള്ള ഘടകങ്ങൾ പുനരവലോകനം ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുക, മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര പ്രമാണങ്ങളും പഠിച്ച് ഫലപ്രദമായ നടത്തിപ്പിന് വേണ്ടി ശിപാർശ ചെയ്യുക, മനുഷ്യാവകാശ മേഖല യിൽ ഗവേഷണം നടത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, പ്രസിദ്ധീ കരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ തുടങ്ങിയവ വഴി മനുഷ്യാവകാശ സാക്ഷരത വ്യാപിപ്പിക്കുക, ഇതിൻ കീഴിൽ ലഭ്യമായിട്ടുള്ള സുരക്ഷാ വ്യവസ്ഥ കളെക്കുറിച്ച് സാമൂഹിക അവബോധം ഉണ്ടാക്കുക എന്നീ ചുമതലകളും ആക്റ്റിൽ നിഷ്കർഷിക്കുന്നു.

മനുഷ്യാവകാശ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടന കളുടെയും സ്ഥാപനങ്ങളുടെയും പ്രയത്നങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതും മനുഷ്യാവകാശങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ആവശ്യമായ മറ്റു ചുമതലകളും കൂടി കമ്മീഷൻ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

## അന്വേഷണ വിചാരണകൾ സംബന്ധിച്ച അധികാരങ്ങൾ

ഈ ആക്റ്റിൻ കീഴിലുള്ള പരാതികളിന്മേൽ അന്വേഷണവിചാരണ നടത്തുമ്പോൾ 1908–ലെ സിവിൽ നടപടി നിയമത്തിന്റെ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽക്കോടതിക്കുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. അതുപോലെ തന്നെ അന്വേഷണ വിചാരണയുടെ ഭാഗമായുള്ള അന്വേഷണം (investigation) നടത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട സർക്കാരുകളുടെ സമ്മതത്തോടു കൂടി ഒരു സർക്കാർ ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനം ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

## നടപടിക്രമം

അന്വേഷണ വിചാരണ നടത്തുമ്പോൾ കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നോ അവയുടെ കീഴിലുള്ള അധികാരസ്ഥാപനങ്ങളിൽ നിന്നോ സംഘടനയിൽ നിന്നോ നിശ്ചിത സമയത്തിനുള്ളിൽ റിപ്പോർട്ടോ വിവരമോ ആവശ്യപ്പെടാവുന്നതാണ്.

മനുഷ്യാവകാശലംഘനം നടന്നതായോ അല്ലെങ്കിൽ അത് തടയുന്നതിൽ ഒരു സർക്കാർ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതായോ അല്ലെങ്കിൽ സർക്കാർ ഉദ്യോഗസ്ഥൻ അതിന് പ്രേരണ നൽകിയതായോ വെളിവാകുന്നപക്ഷം ബന്ധപ്പെട്ട സർക്കാരിനോടോ അധികാരസ്ഥാപനത്തിനോടോ പരാതിക്കാരനോ, പീഡിതനോ, അയാളുടെ കുടുംബത്തിനോ, നഷ്ടപരിഹാരത്തുകയോ, നഷ്ടപരിഹാരമോ നൽകുന്നതിന് കമ്മീഷന് ശിപാർശ ചെയ്യാവുന്നതാണ്. അന്വേഷണ വിചാരണയുടെ ഏതുഘട്ടത്തിലും സത്വര ഇടക്കാലാശ്വാസം നൽകുന്നതിന് ബന്ധപ്പെട്ട സർക്കാരി നോടോ അധികാരസ്ഥാപനത്തോടോ ശിപാർശ ചെയ്യാവുന്നതാണ്. ഇതുകൂടാതെ ബന്ധപ്പെട്ട ആളുകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികളോ മറ്റ് ഉചിതമായ നടപടികളോ ആരംഭിക്കുന്നതിനുവേണ്ടിയും ശിപാർശ നൽകാവുന്നതാണ്. നിർദ്ദേശ ങ്ങൾക്കോ ഉത്തരവുകൾക്കോ, റിട്ടുകൾക്കോ സുപ്രീംകോടതിയെയോ, ഹൈക്കോടതിയെയോ സമീപിക്കുവാനും അധികാരമുള്ളതായി ആക്റ്റിൽ പറ ഞ്ഞിരിക്കുന്നു.

അന്വേഷണവിചാരണാറിപ്പോർട്ടിന്റെ പകർപ്പ് ശിപാർശകൾ സഹിതം സർക്കാരിനോ അധികാരസ്ഥാപനത്തിനോ നൽകേണ്ടതും ഒരു മാസത്തിനുള്ളിലോ അനുവദിച്ച അധിക സമയത്തിനുള്ളിലോ റിപ്പോർട്ടിന്മേലുള്ള അവരുടെ അഭിപ്രായങ്ങളും എടുത്തിട്ടുള്ളതോ എടുക്കുവാനുദ്ദേശിക്കുന്നതുമായോ ഉള്ള നടപടികളും അവർ കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇതിനുവിധേയമായി പരാതിക്കാരനോ അയാളുടെ പ്രതിനിധിക്കോ അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് നൽകാവുന്നതാണ്. എല്ലാ നടപടിക്രമങ്ങൾക്കും ശേഷം അന്വേഷണ റിപ്പോർട്ടും

അതോടൊപ്പം കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ/അധികാര സ്ഥാപനം രേഖപ്പെടുത്തിയ അഭിപ്രായവും അതിന്മേൽ എടുത്തതോ എടുക്കാനുദ്ധേശിക്കുന്നതോ ആയ നടപടികളും കമ്മീഷൻ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

**സായുധസേനാംഗങ്ങളെ സംബന്ധിച്ച നടപടിക്രമം.**

സായുധസേനാംഗങ്ങൾ മനുഷ്യാവകാശലംഘനം നടത്തി എന്ന പരാതികൾക്ക് പ്രത്യേക നടപടിക്രമം ആക്റ്റ് അനുശാസിക്കുന്നു. പരാതിയിന്മേൽ കേന്ദ്രസർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ്. റിപ്പോർട്ട് ലഭിച്ചതിനുശേഷം നടപടി തുടരാതിരിക്കുകയോ സർക്കാരിന് ശിപാർശകൾ നൽകുകയോ ചെയ്യാവുന്നതാണ്. മൂന്നുമാസത്തിനുള്ളിലോ കമ്മീഷൻ അനുവദിക്കുന്ന അധികസമയത്തിനുള്ളിലോ ശിപാർശകളിന്മേൽ എടുത്തനടപടി കേന്ദ്രസർക്കാർ കമ്മീഷനെ അറിയിക്കേണ്ടതാണ് ഇതെല്ലാം കൂട്ടിച്ചേർത്ത് കമ്മീഷൻ അതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും അതിന്റെ പകർപ്പ് പരാതിക്കാരന് നൽകേണ്ടതുമാണ്.

**സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

ആക്റ്റിലെ 21-ാം വകുപ്പിലാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ രൂപീകരിക്കുന്നതിനെകുറിച്ച് പറയുന്നത്. കേരളത്തിൽ 1998 ഡിസംബർ 11-നാണ് മനുഷ്യാവകാശ കമ്മീഷൻ രൂപീകരിക്കപ്പെട്ടത്. അതിൽ മുൻഹൈക്കോടതി ചീഫ് ജസ്റ്റിസായ ജസ്റ്റിസ് എം. എം. പരീത്പിള്ള ചെയർപേഴ്സണും ഡോ. എസ്. ബലരാമൻ, ശ്രീ.ടി.കെ. വിൽസൺ എന്നിവർ മെമ്പർമാരും ആയിരുന്നു.

തിരുവനന്തപുരമാണ് കമ്മീഷന്റെ ആസ്ഥാനം. കമ്മീഷന്റെ ചെയർപേഴ്സൺ ഒരു റിട്ടയേർഡ് ഹൈക്കോടതി ചീഫ് ജസ്റ്റിസ്സോ ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയോ ആയിരിക്കണം. ഒരു മെമ്പർ സർവ്വീസിലിരിക്കുന്നതോ റിട്ടയർ ചെയ്തതോ ആയ ഹൈക്കോടതി ജഡ്ജിയോ അല്ലെങ്കിൽ 7-വർഷം ജില്ലാ ജഡ്ജിയായി സേവനമനുഷ്ഠിച്ചവരോ ആയിരിക്കണം. ഒരു മെമ്പർ മനുഷ്യാവകാശമേഖലയിൽ അറിവോ പ്രവർത്തിപരിചയമോ ഉള്ള ഒരാളായിരിക്കണം. ഹൈക്കോടതി ജഡ്ജിയായോ ജില്ലാ ജഡ്ജിയായോ സേവനമനുഷ്ഠിച്ചുവരുന്നവരെ നിയമിക്കുന്നതിനുമുമ്പ് ഹൈക്കോടതി ചീഫ് ജസ്റ്റിസ്സുമായി കൂടിയാലോചിക്കണം. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിൽ II, III, ലിസ്റ്റുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുമായി ബന്ധമുള്ള വിഷയങ്ങളിൽ നടക്കുന്ന മനുഷ്യാവകാശലംഘനങ്ങളിൽ അന്വേഷണം നടത്തുകയാണ് കമ്മീഷന്റെ ചുമതല. ദേശീയ മനുഷ്യാവകാശ കമ്മീഷനോ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി കമ്മീഷനോ അന്വേഷണം നടത്തിയ സംഗതികളിൽ സംസ്ഥാന കമ്മീഷൻ ഒരു പുനരന്വേഷണം നടത്താൻ പാടില്ല.

## ഉദ്യോഗകാലാവധി

70-വയസ്സ് തികയുന്നതുവരെയോ അല്ലെങ്കിൽ സ്ഥാനമേൽക്കുന്ന തീയതി മുതൽ 3 വർഷമോ (ഏതാണോ ആദ്യം) ആണ് ചെയർപേഴ്സന്റെ കാലാവധി. സ്ഥാനമേൽക്കുന്ന തീയതി മുതൽക്ക് 3 വർഷമാണ് അംഗങ്ങളുടെ കാലാവധി. എന്നാൽ 70 വയസ്സ് തികയുന്ന മുറക്ക് സ്ഥാനം ഒഴിയേണ്ടതാണ്. ചെയർപേഴ്സണും അംഗങ്ങൾക്കും പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ സ്ഥാനമൊഴിഞ്ഞതിനുശേഷം കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് കീഴിൽ എന്തെങ്കിലും ജോലി ഏറ്റെടുക്കുവാൻ പാടുള്ളതല്ല. മുഖ്യമന്ത്രി, സ്പീക്കർ, ആഭ്യന്തര കാര്യമന്ത്രി, നിയമസഭയിലെ പ്രതിപക്ഷനേതാവ്, എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗവർണ്ണറാണ് ഇവരെ നിയമിക്കുന്നത്.

## കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ (നടപടിക്രമം) റെഗുലേഷനുകൾ 2001

സംസ്ഥാന മനുഷ്യാവകാശകമ്മീഷന്റെ നടപടിക്രമങ്ങളെകുറിച്ച് ഈ റെഗുലേഷനുകളിൽ വിശദമായി പറഞ്ഞിരിക്കുന്നു. അതിൽ ചിലത് ഇവിടെ പരാമർശിക്കുന്നു. സാധാരണയായി ഒരോ മാസത്തെയും ആദ്യത്തെയും അവസാന ത്തേയും ആഴ്ച കമ്മീഷൻ യോഗങ്ങളും സിറ്റിംഗുകളും അതിന്റെ ആസ്ഥാനത്ത് വച്ച് നടത്തേണ്ടതാണ്. സംസ്ഥാനത്തിന്റെ മറ്റേതെങ്കിലും സ്ഥലത്തു വച്ചും നടത്തുന്നതിന് തടസ്സമില്ല. സാധാരണ ഒരു മണിക്കൂറിൽ കവിയാത്ത ഇടവേള യോടുകൂടി 11 മണി മുതൽ വൈകുന്നേരം 5 മണിവരെയാണ് സിറ്റിംഗ്. ഇതുകൂടാതെ ക്യാമ്പ് സിറ്റിംഗുകളും സംഘടിപ്പാക്കാവുന്നതാണ്. ആവശ്യമെങ്കിൽ അസാധാരണ യോഗങ്ങളും കൂടാവുന്നതാണ്.

പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി വടക്കൻ മേഖല, മധ്യമേഖല, തെക്കൻമേഖല എന്നിങ്ങനെ തിരിച്ചിരിക്കുന്നു. ഓരോ മേഖലയുടെയും ചുമതല ഒരംഗത്തിന് ആയിരിക്കും.

മലയാളത്തിലോ ഇംഗ്ലീഷിലോ അല്ലെങ്കിൽ ഭരണഘടനയുടെ 8-ാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ഭാഷയിലോ കമ്മീഷന് പരാതി നൽകാവുന്നതാണ്. എന്നാൽ ഇംഗ്ലീഷിലോ മലയാളത്തിലോ അല്ലാത്ത പരാതികളുടെ ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള പരിഭാഷ കൂടി നൽകണം. പരാതിയിൽ പരാതിപ്പെടുന്ന വിഷയം വ്യക്തമായി പറഞ്ഞിരിക്കണം. ആർക്കെതിരെയാണോ പരാതി പറയുന്നത് അയാളുടെ പേരും മേൽവിലാസവും പരാതിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. പരാതിയെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാനും പരാതിക്കാരനോട് സത്യവാങ്മൂലം ഫയൽ ചെയ്യാൻ നിർദ്ദേശിക്കാനും, സത്യപ്രസ്താവനകൾ

വാങ്ങാനും, പരാതിക്കാരന്റെ മൊഴി രേഖപ്പെടുത്താനും കമ്മീഷന് അധികാരമുണ്ട്. പരാതികളിലോ/ഇടക്കാല അപേക്ഷകളിലോ യാതൊരു ഫീസും ചുമത്തുവാൻ പാടുള്ളതല്ല.

വായിക്കാൻ പ്രയാസമായവ, അവ്യക്തമായവ, പേരുവയ്ക്കാത്തവ, ബാലിശമായവ, നിരർത്ഥകമായവ, ആക്റ്റ് പ്രകാരം തടയപ്പെട്ടിട്ടുള്ളവ, സർക്കാർ ഉദ്യോഗസ്ഥന്റെ പങ്ക് വെളിപ്പെടുത്താത്തവ, സിവിൽ തർക്കങ്ങളായവ, സർവ്വീസ് കാര്യങ്ങളായവ, തൊഴിൽ തർക്കങ്ങളായവ, മനുഷ്യാവകാശ ലംഘനങ്ങൾ ഉന്നയിക്കാത്തവ, വിഷയം കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മുമ്പാകെ വിചാരണയിലിരിക്കുന്നവ, കോടതിവിധിയിൽ കമ്മീഷന്റെ തീരുമാനത്തിൽ ഉൾപ്പെട്ട വിഷയമായവ, മറ്റ് അധികാരസ്ഥാനങ്ങളെ അഭിസംബോധന ചെയ്തതിന്റെ പകർപ്പ് മാത്രമായവ, ഒപ്പിടാത്തവ, അധികാരപരിധിക്ക് പുറത്തുള്ളവ എന്നിങ്ങനെയുള്ള പരാതികൾ തുടക്കത്തിൽത്തന്നെ കമ്മീഷന് തള്ളിക്കളയാവുന്നതാണ്. ആയത് പരാതിക്കാരനെ അറിയിക്കേണ്ടതാണ്. മനുഷ്യാവകാശലംഘനം നടന്ന് ഒരു വർഷത്തിനുള്ളിൽ പരാതി ബോധിപ്പിക്കേണ്ടതാണ്. പരാതികൾ ലഭിച്ച തീയതി മുതൽ 15 ദിവസത്തിലധികം വൈകാതെ പ്രാഥമിക പരിഗണനയ്ക്ക് വയ്ക്കേണ്ടതാണ്. സത്വര പരിഗണന ആവശ്യമായവ 24 മണിക്കൂറിനകം കമ്മീഷൻ മുമ്പാകെ വയ്ക്കേണ്ടതാണ്.

സാധാരണ സിംഗിൾ ബഞ്ചാണ് പരാതികൾ കൈകാര്യം ചെയ്യുന്നത്. എന്നാൽ വിഷയം ഒരു ഫുൾബഞ്ച് പരിഗണിക്കേണ്ടതാണ് എന്ന് തോന്നുന്നപക്ഷം സിംഗിൾ ബഞ്ചിന് അത് ചെയർപേഴ്സണ് റഫർ ചെയ്യാവുന്നതും, ചെയർപേഴ്സണ് ഒരു ഡിവിഷൻ ബഞ്ച് അല്ലെങ്കിൽ ഫുൾബഞ്ച് രൂപീകരിക്കാവുന്നതും അതിന് റഫർ ചെയ്യാവുന്നതുമാണ്.

ശ്രീ. കെ. ബൈജുനാഥ് ആണ് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഇപ്പോഴത്തെ ആക്ടിങ് ചെയർമാനും ഒരു അംഗവും. സംസ്ഥാന കമ്മീഷന്റെ മറ്റൊരു അംഗം ശ്രീമതി. വി. കെ. ബീനാകുമാരി ആണ്.



# നിയമപദപരിചയം

# LEGAL TERMINOLOGY

## നിയമപദപരിചയം

| | | |
|---|---|---|
| Cede | - | കീഴടങ്ങുക |
| Censorious | - | കുറ്റം കണ്ടുപിടിക്കാൻ ബാധ്യസ്ഥനായ |
| Conjunctive denial | - | സമ്പൂർണ്ണമായ നിഷേധം |
| Connivance | - | രഹസ്യധാരണ; കണ്ടില്ലെന്ന് നടിക്കൽ |
| Contingent rights | - | ചില കാര്യങ്ങൾ സംഭവിച്ചാൽ മാത്രം പ്രാബല്യത്തിൽ വരുന്ന അവകാശം. |
| Corpus delicti | - | കുറ്റകൃത്യത്തിന് കാരണമായ പ്രവൃത്തികൾ |
| Cross appeal | - | വാദിയുടെ അപ്പീലിൽ പ്രതി ഫയൽ ചെയ്യുന്ന അപ്പീൽ |
| Decedent's estate | - | മരണപ്പെട്ട ആളിന്റെ വസ്തു |
| Declaratory Statute | - | നേരത്തെയുണ്ടായിട്ടുള്ള നിയമങ്ങളുടെ പ്രയോഗം സംബന്ധിച്ച സംശയനിവാരണത്തിനായി ഉണ്ടാക്കിയ നിയമം |
| Deference | - | മറ്റൊരാളുടെ അഭിപ്രായത്തിനു വഴങ്ങൽ |
| Emoluments | - | പ്രതിഫലം,വേതനം |
| Fiduciary | - | വിശ്വസിച്ച് ഏൽപ്പിച്ച |
| Infructuous | - | നിഷ്ഫലമായ |
| Misfeasance | - | നിയമാനുസൃതമായ കാര്യം അന്യായമായ രീതിയിൽ നിർവ്വഹിക്കൽ |
| Misnomer | - | കോടതിനടപടികളിലോ രേഖകളിലോ ആളുകളുടെ പേര് തെറ്റായി ചേർക്കൽ |
| Nexus | - | സംഭവങ്ങളെയോ വ്യക്തികളെയോ ബന്ധിപ്പിക്കുന്ന കണ്ണി |




# നിയമ സൂക്തങ്ങൾ
# (ലീഗൽ മാക്സിമുകൾ)



# നിയമസൂക്തങ്ങൾ
# (Legal Maxims)

**1. Possessio contra omnes valet praeter eur cui ius sit possessionnis:**

He that hath possession hath right against all but him that hath the very right

കൈവശമുള്ളവന് അവകാശമുള്ളവനൊഴികെ എല്ലാവർക്കും എതിരെ അവകാശമുണ്ടായിരിക്കും

**2. Crimen trahit personam:**

The crime brings with it the person - Commission of a crime gives the courts of the place where it is committed jurisdiction over the person of the offender

കുറ്റകൃത്യം ഒരു വ്യക്തിയെ കൊണ്ടുവരും - കുറ്റകൃത്യം ചെയ്യുന്ന സ്ഥലത്തെ കോടതികൾക്ക് കുറ്റവാളിയുടെ മേൽ അധികാരപരിധി നൽകും

**3. Nec vi, nec clam, nec precario:**

without force, without secrecy, without permission

ബലപ്രയോഗമില്ലാതെ, ഒളിക്കാതെ, അനുവാദമില്ലാതെ
കുറിപ്പ് - ഈ നിയമ സൂക്തം കൂടുതലും എതിർകൈവശാവകാശം വാദിക്കുന്ന പശ്ചാത്തലത്തിലാണ് ഉപയോഗിച്ച് കാണുന്നത്.

**4. Stabit praesumptio donec probetur in contrarium:**

A presumption will stand until proof is given to the contrary

മറിച്ചുള്ള തെളിവ് നൽകുന്നതുവരെ ഒരു അനുമാനം നിലനിൽക്കും

**5. Vox emissa volat; litera scripta manet:**

The uttered voice flies; the written letter remains

ഉച്ചരിച്ച ശബ്ദം നിലനിൽക്കില്ല; എഴുതിയ കത്ത് നിലനിൽക്കും
കുറിപ്പ് - ഈ നിയമ സൂക്തം അപകീർത്തിപ്പെടുത്തലുമായും കരാറുമായും ബന്ധപ്പെട്ടാണ് ഉപയോഗിച്ച് കാണുന്നത്.

**6. Jus tertii:**

Right of a third party

മൂന്നാം കക്ഷിയുടെ അവകാശം

**7. Necessitas publica major est quam private**

Public necessity is greater than private necessity

പൊതു ആവശ്യം സ്വകാര്യആവശ്യത്തേക്കാൾ വലുതാണ്

**8. Malitia supplet aetatem**

Malice makes up for want of age

കുബുദ്ധി പ്രായക്കുറവിനെ നികത്തും

കുറിപ്പ് - ഈ നിയമ സൂക്തം കുട്ടികൾക്ക് അനുകൂലമായ നിരപരാധിത്വത്തിന്റെ അനുമാനത്തെ നിരാകരിക്കുന്നതിനാണ് ഉപയോഗിച്ച് കാണുന്നത്.

**9. Recurrendum est ad extraordinarium quando non valet ordinarium**

We must have recourse to what is extraordinary when what is ordinary fails

സാധാരണമായത് പരാജയപ്പെടുമ്പോൾ അസാധാരണമായതിനെ ആശ്രയിക്കാൻ നമുക്ക് പറ്റണം

**10. Qui sentit commodum sentire debet et onus**

A person who enjoys the benefit ought also to bear the burden

ഗുണഫലങ്ങൾ ആസ്വദിക്കുന്ന വ്യക്തി ബാധ്യതയും വഹിക്കണം

**11. Potior est conditio defendentis**

Stronger is the condition of the opposite party (than that of the plaintiff)

പ്രതിഭാഗത്തിന്റെ അവസ്ഥ (വാദിയുടേതിനേക്കാൾ) ശക്തമാണ്




(ഉദ്യോഗസ്ഥഭരണപരിഷ്ക്കാര (ഔദ്യോഗികഭാഷ)വകുപ്പ്
പ്രസിദ്ധീകരിച്ച കൈപ്പുസ്തകത്തിൽ നിന്നും)

അറസ്റ്റ്
അറ്റൻഡന്റ്
അറ്റൻഡർ
അറ്റാഷേ
അറ്റോർണി
ആകെത്തുക
ആക്റ്റിംങ് ചീഫ് ജസ്റ്റിസ്
ആക്റ്റ്
ആഗോളീകരണം
ആഞ്ജനേയൻ
ആഡംബരം
ആഢ്യത്വം
ആണത്തം
ആത്മാർഥത

ഊർജം
ഊർജിതം
ഊർധശ്വാസം
എക്സാമിനർ
എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്
എക്സൈസ്
എങ്ങനെ
എഞ്ചിനീയർ
എഡിറ്റർ
എൺപത്
എനിക്ക്
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
എയർ കൺട്രോളർ
എയർ കോഓർഡിനേറ്റർ

ആത്മാവ്
ആദരാഞ്ജലി
ആദ്യക്ഷരം
ആദ്യന്തം
ആദ്യവസാനം
ആധാർ
ആധുനികീകരണം
ആധ്യാത്മികം
ആനുകാലികം
ആൻഡ് (and)
ആന്ത്രാക്സ്
ആന്റി പൈറസി സെൽ
ആന്റി വൈറസ് സോഫ്റ്റുവെയർ
ആപച്ഛങ്ക
ആപൽക്കരം
ആഭാസത്തം
ആമീൻ
ആയുർവേദം
ആയുസ്സ്
ആർജവം
ആർജിക്കുക
ആർട്ട് ഗാലറി
ആർഥികം
ആർബിട്രേഷൻ
ആർബിട്രേറ്റർ
ആവർത്തിക്കുക
ആവൃത്തി
ആശീർവദിക്കുക
ആശ്ചര്യം
ആസ്ത്മ
ആസ്വാദ്യം
ഇ-മെയിൽ
ഇക്കണോമിക്സ്
ഇങ്ങനെ
ഇച്ഛാശക്തി
ഇതഃപര്യന്തം
ഇതില്പരം

എയർ ചീഫ്മാർഷൽ
എയർ ഡിഫൻസ് കമാൻഡർ
എയർക്കണ്ടീഷനിങ് മെക്കാനിക്
എയർക്കണ്ടീഷൻ
എയർഗണ്ണർ
എയർമാർഷൽ
എസ്റ്റേറ്റ്
ഏകകണ്ഠമായി
ഏജൻസി
ഏരിയാ കമാൻഡർ
ഏരിയാ ലിസ്റ്റ്
ഏരിയാ കൺവീനർ
ഏരിയാ മാനേജർ
ഏല്പിക്കുക
ഐകകണ്ഠ്യേന
ഐകമത്യം
ഐകരൂപ്യം
ഐച്ഛികം
ഒക്ടോബർ
ഒൻപത്
ഒഫിഷ്യേറ്റിങ് അലവൻസ്
ഒളിമ്പിക്സ്
ഓച്ഛാനിക്കുക
ഓട്ടോമൊബൈൽ
ഓഡിറ്റ്
ഓണററി മജിസ്ട്രേറ്റ്
ഓണററി ഡയറക്ടർ
ഓൺലൈൻ
ഓഫീസർ
ഓഫീസ്
ഓഫീസ് മെമ്മോ
ഓഫീസ് മെമ്മോറാണ്ടം
ഓംബുഡ്സ്മാൻ
ഓവർസിയർ
ഓഷ്ഠ്യം
ഔത്സുക്യം
ഔദ്യോഗികഭാഷ

ഇൻക്രിമെന്റ്
ഇൻജക്ഷൻ
ഇൻജങ്ഷൻ
ഇന്ത്യ
ഇൻഷ്വറൻസ്
ഇൻസ്പെക്ടർ ജനറൽ
ഇൻസ്റ്റിറ്റ്യൂട്ട്
ഇന്റർനെറ്റ്
ഇന്റർപോൾ
ഇന്റലിജൻസ് വകുപ്പ്
ഇലക്ട്രീഷ്യൻ
ഇസ്ലാംമതം
ഈരണ്ട്
ഈഷദ്ഭേദം
ഉച്ചാടനം
ഉച്ഛിഷ്ടം
ഉച്ഛ്വാസം
ഉത്തരവാദിത്വം
ഉത്സവം
ഉത്സാഹം
ഉദ്ഘാടക
ഉദ്ഘാടകൻ
ഉദ്ഘാടനം
ഉദ്ദേശം (ഏകദേശം)
ഉദ്ദേശ്യം (ലക്ഷ്യം)
ഉദ്ദേശ്യശുദ്ധി
ഉദ്ഭവം
ഉദ്യോഗാർഥി
ഉപസർഗം
ഉപോൽബലകം
ഉൽക്കണ്ഠ
ഉൽക്കർഷം
ഉൽക്കൃഷ്ടം
ഉൽഗ്രഥനം
ഉൽപത്തി
ഉൽപാദനം
ഉഷഃസന്ധ്യ/ഉഷസ്സന്ധ്യ

ഔപചാരികം
കടലാസ്
കണ്ടക്ടർ
കണ്ടിജൻസി ഫണ്ട്
കണ്ടുപിടിത്തം
കൺട്രോളർ (Controller)
കൺട്രോൾ കീ
കൺട്രോൾ പാനൽ
കൺട്രോൾ റൂം
കന്നഡ
കന്യകാത്വം
കന്റോൺമെന്റ്
കംപ്ട്രോളർ & ഓഡിറ്റർ ജനറൽ
കംപ്ട്രോളർ (Comptroller)
കമാൻഡന്റ്
കമാൻഡർ
കമ്പനി
കമ്പ്യൂട്ടർ
കമ്മിഷണർ
കമ്മിറ്റി
കമ്മ്യൂട്ടേഷൻ
കരസ്ഥം
കർത്തവ്യം
കർദിനാൾ
കർമ്മം
കലണ്ടർ
കലാകൗമുദി
കലാഗ്രാമം
കലാമണ്ഡലം
കൽക്കം
കല്പം
കല്പകം
കല്പകവാടി
കല്പന
കല്പിക്കുക
കവയിത്രി

# നിയമലോകം




**വിധിന്യായങ്ങളിലും വാദപ്രതിവാദങ്ങളിലും സ്ഥിരാക്ഷരപ്പതിപ്പുകളായ ലിംഗ പദങ്ങൾ ഉപയോഗിക്കുന്നത് നിർത്തലാക്കുവാനായി സുപ്രീം കോടതി കൈപ്പുസ്തകം ഇറക്കി**

വിധിന്യായങ്ങളിലും കോടതി ഭാഷകളിലും സ്ഥിരരൂപത്തിലുള്ള (stereotypes) ലിംഗ പദപ്രയോഗങ്ങൾ അടങ്ങിയ വാക്കുകളും ശൈലികളും തിരിച്ചറിഞ്ഞ് ആയതിന്റെ ഉപയോഗം ഒഴിവാക്കുന്നതിന് വേണ്ടിയാണ് 'Handbook on combating Gender Stereotypes' എന്ന പുസ്തകം സുപ്രീംകോടതി തയ്യാറാക്കിയിട്ടുള്ളത്. നിയമസംവാദങ്ങളിൽ സ്ത്രീകളെ കുറിച്ചുള്ള സ്ഥിരരൂപത്തിലുള്ള പദപ്രയോഗങ്ങൾ അറിയുന്നതിനും മനസ്സിലാക്കുന്നതിനും അന്യായമായ ലിംഗപദങ്ങളുടെ ഒരു ഗ്ലോസറിയും അതിനു പകരമായി ഉപയോഗിക്കാവുന്ന വാക്കുകളും ശൈലികളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ആയത് വാദപ്രതിവാദങ്ങൾ, ഉത്തരവുകൾ, വിധിന്യായങ്ങൾ തുടങ്ങിയവ എഴുതുമ്പോൾ ഉപകാരപ്പെടുമെന്നും, ഇത് അഭിഭാഷകർക്കും അതുപോലെ തന്നെ ജഡ്ജിമാർക്കും കൂടി ഉള്ളതാണെന്നും കൈപ്പുസ്തകം പ്രകാശനം ചെയ്തുകൊണ്ട് ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് പറഞ്ഞു.



സ്ത്രീകളെ പറ്റി മുൻകാലങ്ങളിൽ പ്രയോഗത്തിലിരുന്ന സ്ഥിരരൂപത്തിലുള്ള പൊതുവായ പദപ്രയോഗങ്ങൾ തിരിച്ചറിഞ്ഞ് അവ എന്തുകൊണ്ടാണ് ശരിയല്ലാത്തതെന്നും അവ എങ്ങനെ നിയമത്തെ വളച്ചൊടിച്ചേക്കാമെന്നും കൈപ്പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്. വിധിന്യായങ്ങളെ വിമർശിക്കാനോ

അവയിൽ സംശയത്തിന്റെ നിഴൽ പരത്താനോ അല്ല ഉദ്ദേശമെന്നും സ്ഥിരാക്ഷര പതിപ്പുകളായ വാക്കുകളെ എങ്ങനെ ഉപയോഗിക്കുന്നുവെന്ന് കാണിക്കുക മാത്രമാണ് ചെയ്യുന്നത്. ഹാനികരമായ സ്ഥിരരൂപത്തിലുള്ള പദപ്രയോഗങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനും, പ്രത്യേകിച്ച് സ്ത്രീകൾക്കെതിരെയുള്ളവ, സ്ഥിരരൂപത്തിലുള്ള വാക്കുകൾ ഏതൊക്കെയാണെന്ന് വിവരിക്കുകയാണ് കൈപ്പുസ്തകത്തിന്റെ ലക്ഷ്യമെന്നും ചീഫ് ജസ്റ്റിസ് കൂട്ടിച്ചേർത്തു.

ആദ്യമായി സ്ഥിരരൂപത്തിലുള്ള ലിംഗപദപ്രയോഗങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഭാഷ തിരിച്ചറിഞ്ഞ് അതിന് പകരമുള്ള വാക്കുകളെ നിർദ്ദേശിക്കുന്നതു വഴിയും രണ്ടാമതായി, സ്ഥിരരൂപത്തിലുള്ള ലിംഗപദപ്രയോഗങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രത്യേകിച്ചും സ്ത്രീകളെ കുറിച്ചുള്ളവ, പൊതുവായ വിചിന്തന മാതൃക തിരിച്ചറിയാനും, മൂന്നാമതായി ഇത്തരം സ്ഥിരരൂപത്തിലുള്ള പദങ്ങളെ നിരാകരിച്ച, ബാധകമായ സുപ്രീം കോടതി വിധികളെ പ്രമുഖമാക്കി കാട്ടി ഇത്തരം വാക്കുകളെ തിരിച്ചറിയാനും ഒഴിവാക്കുവാനും ഇത് ജഡ്ജിമാരെ സഹായിക്കുന്നു എന്നും ചീഫ് ജസ്റ്റിസ് വിശദീകരിച്ചു.

മറ്റു പല കാര്യങ്ങളുടെ കൂട്ടത്തിൽ കോടതിയുടെ ചിന്തയായി ഊറിവന്ന സ്ത്രീകളുടെ സ്വഭാവത്തെ സംബന്ധിച്ച സ്ഥിരരൂപത്തിലുള്ള പദപ്രയോഗങ്ങൾ ഈ കൈപ്പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. അവൾ തിരഞ്ഞെടുത്ത വസ്ത്രത്തെയോ, ഭൂതകാല ലൈംഗികതയെയോ അതുപോലെ തന്നെ വിചാരണയിൽ ഒരു സ്ഥാനവുമില്ലാത്ത മറ്റു ഘടകങ്ങളേയോ അടിസ്ഥാനപ്പെടുത്തിയതാവാം ഈ സ്ഥിരരൂപത്തിലുള്ള പദപ്രയോഗങ്ങൾ. ഇത്തരം ധാരണകളുടെ ശരിയായ പ്രഭാവം എന്തെന്നാൽ, ഇത് വിചാരണയിൽ അവളുടെ പ്രവർത്തികളെയും മൊഴികളെയും എങ്ങനെ വിലയിരുത്തപ്പെടും എന്നതിനെ ബാധിക്കാമെന്നതാണ്. ഒരു സ്ത്രീയുടെ സ്വഭാവത്തേയോ ധരിച്ച വസ്ത്രങ്ങളേയോ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ധാരണകൾ ലൈംഗികബന്ധങ്ങളിൽ 'സമ്മത'ത്തിനുള്ളതും (consent) അതുപോലെ തന്നെ സ്ത്രീകളുടെ വ്യക്തിത്വത്തിന്റെയും പ്രാധാന്യം കുറക്കുമെന്നും എന്നും പുസ്തകത്തിൽ പ്രതിപാദിക്കുന്നു. ഉടനെ തന്നെ സുപ്രീംകോടതി വെബ് സൈറ്റിൽ ഇത് അപ്‌ലോഡ് ചെയ്യും. കൊൽക്കത്ത ഹൈക്കോടതി ജഡ്ജി മൗഷുമി ഭട്ടാചാര്യയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.




**ജസ്റ്റിസ് ശ്രീ.ആശിഷ് ജെ. ദേശായി**
**കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്**

കേരള ഹൈക്കോടതിയുടെ 38-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് ശ്രീ. ആശിഷ് ജിതേന്ദ്ര ദേശായി ചുമതലയേറ്റു. സുപ്രീം കോടതി ജഡ്ജിയായി ഉയർത്തപ്പെട്ട ജസ്റ്റിസ് ശ്രീ. എസ്. വി. ഭാട്ടിയുടെ പിൻഗാമിയായാണ് ജസ്റ്റിസ് ആശിഷ്. ജെ. ദേശായി കേരള ഹൈക്കോടതിയുടെ അമരക്കാരനാകുന്നത്. ഗുജറാത്ത് ഹൈക്കോടതിയുടെ ആക്ടിംഗ് ചീഫ് ജസ്റ്റിസ് എന്ന പദവിയിൽ നിന്നാണ് അദ്ദേഹം ചീഫ് ജസ്റ്റിസായി കേരള ഹൈക്കോടതിയിലെത്തുന്നത്. 2023 ജൂലൈ 22-ന് രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ്ഖാൻ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, നിയമ മന്ത്രി ശ്രീ. പി. രാജീവ്, പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, ചീഫ് സെക്രട്ടറി ഡോ. വി. വേണു, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

1962 ജൂലൈ 5-ന് ഗുജറാത്തിലെ വഡോദരയിൽ ജനിച്ച അദ്ദേഹം അഹമ്മദാബാദിലെ സെന്റ് സേവിയേഴ്സ് കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും സർ എൽ. എ. ഷാ, ലാ കോളേജിൽ നിന്ന് നിയമബിരുദവും നേടി. അഹമ്മദാബാദ് ജില്ലാക്കോടതിയിലും പിന്നീട് ഗുജറാത്ത് ഹൈക്കോടതി

യിലുമായി അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ട അദ്ദേഹം 2011-ൽ ഗുജറാത്ത് ഹൈക്കോടതിയിൽ അഡീഷണൽ ജഡ്ജിയായി നിയമിക്കപ്പെട്ടു. പിന്നീട് 2013-ൽ സ്ഥിരം ജഡ്ജിയാവുകയും 2023 ഫെബ്രുവരി 26 മുതൽ ആക്ടിംഗ് ചീഫ് ജസ്റ്റിസിന്റെ ചുമതലയേറ്റെടുക്കുകയും ചെയ്തു. അതിനെ തുടർന്നാണ് കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്ന പദവി അദ്ദേഹത്തെ തേടിയെത്തിയത്.




**കേരള ഹൈക്കോടതിയുടെ സ്ഥിരം ജഡ്ജിയായി**
**ബഹു. ജസ്റ്റിസ് സി. എസ്. സുധയെ നിയമിച്ചു**

കേരള ഹൈക്കോടതിയുടെ സ്ഥിരം ജഡ്ജിയായി ജസ്റ്റിസ് **സി. എസ്. സുധയെ** നിയമിച്ചുകൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം ഇറക്കി. 2023 ആഗസ്റ്റ് 18-ന് അവരെ സ്ഥിരപ്പെടുത്തുന്നതിനായി ചീഫ് ജസ്റ്റിസ് തലവനായ സുപ്രീംകോടതി കൊളീജിയം ശിപാർശ ചെയ്തിരുന്നു. കേരള ഹൈക്കോടതിയുടെ പ്രവർത്തനങ്ങളെകുറിച്ച് അറിയുന്ന സുപ്രീംകോടതി ജഡ്ജിമാരുമായി കൂടിയാലോചന നടത്തിയതിനു ശേഷമാണ് ശിപാർശ നൽകിയത്. 1995-ൽ ജുഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ച ജസ്റ്റിസ് സുധ 2021 ആഗസ്റ്റ് 10-ന് കേരള ഹൈക്കോടതി അഡീഷണൽ ജഡ്ജിയായി സ്ഥാനമേറ്റു. 2023 ജൂൺ 21-നു തന്നെ അവരെ സ്ഥിരം ജഡ്ജിയായി നിയമിക്കുന്നതിന് കേരള ഹൈക്കോടതി കൊളീജിയം ശിപാർശ നൽകിയിരുന്നു. കേരള മുഖ്യമന്ത്രിയും, ഗവർണ്ണറും അതിനെ അനുകൂലിക്കുകയും ചെയ്തിരുന്നു.

## 2023–ലെ മധ്യസ്ഥബിൽ രാഷ്ട്രപതി അംഗീകരിച്ചു

15–9–2023–ന്, കേന്ദ്ര നിയമ മന്ത്രാലയം 2023–ലെ മധ്യസ്ഥ ആക്റ്റ് വിജ്ഞാപനം ചെയ്തു. തർക്കങ്ങൾ പരിഹരിക്കുന്നതിന് അധികാരയുക്തമായ മധ്യസ്ഥതയെ (institutional mediation) പ്രോത്സാഹിപ്പിക്കാനാണ് പുതിയ നിയമം ലക്ഷ്യമിടുന്നത്. മധ്യസ്ഥതയിൽ ഒത്തുതീരുന്ന കരാറുകളെ നടപ്പിലാക്കാനും സമൂഹ മധ്യസ്ഥതയെ (community mediation) പ്രോത്സാഹിപ്പിക്കാനും പുതിയ നിയമം ഉദ്ദേശിക്കുന്നു. മധ്യസ്ഥത വഹിക്കുന്നവർക്കു (mediators) വേണ്ടി ഒരു സംഘടന രൂപീകരിക്കാനും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. അത് കൂടാതെ, ഓൺലൈൻ മധ്യസ്ഥത സ്വീകാര്യവും ചെലവ് കുറഞ്ഞതുമായ പ്രക്രിയയാക്കാനും ഈ നിയമം ലക്ഷ്യമിടുന്നു.

ഇതിന് മുമ്പ് മധ്യസ്ഥതയെ സംബന്ധിച്ച് സമഗ്രമായ ഒരു നിയമം ഉണ്ടായിരുന്നില്ല. 1908–ലെ സിവിൽ നടപടി നിയമസംഹിതയുടെ 89–ാം വകുപ്പ് പ്രകാരമാണ് മധ്യസ്ഥത നടത്തിയിരുന്നത്. കേരളത്തിൽ, 2008–ലെ സിവിൽ നടപടിക്രമം (ബദൽ തർക്കപരിഹാരം) ചട്ടങ്ങളും മധ്യസ്ഥത നടത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു.

## കോടതി മുമ്പാകെ സർക്കാർ ഉദ്യോഗസ്ഥന്മാർ ഹാജരാകുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്ന് സുപ്രീം കോടതി

സർക്കാർ ഉൾപ്പെടുന്ന കേസുകളിൽ കോടതി മുമ്പാകെ സർക്കാർ ഉദ്യോഗസ്ഥന്മാർ ഹാജരാകുന്നത് സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്ന് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ്, ജസ്റ്റിസ് ജെ. ബി. പർദിവാല, ജസ്റ്റിസ് മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് ഇത്തരത്തിൽ ഒരു വാക്കാൽ പരാമർശം നടത്തിയത്. വിരമിച്ച ജഡ്ജിമാർക്ക് ആയമാരെയും മറ്റു സൗകര്യങ്ങളും നൽകണമെന്ന നിർദ്ദേശം പാലിക്കാത്തതിനാൽ ഉത്തർപ്രദേശ് ധനകാര്യ സ്പെഷ്യൽ സെക്രട്ടറിയെയും ധനകാര്യ സെക്രട്ടറിയെയും കസ്റ്റഡിയിൽ എടുത്ത അലഹബാദ് ഹൈക്കോടതി ഉത്തരവിനെതിരെയുള്ള വാദം കേൾക്കുന്ന അവസരത്തിലാണ് പരാമർശം ഉണ്ടായത്. സുപ്രീംകോടതി നേരത്തെ ഈ ഉത്തരവ് സ്റ്റേ ചെയ്ത് ഉദ്യോഗസ്ഥന്മാരെ ഉടനടി മോചിപ്പിക്കാൻ ഉത്തരവിട്ടിരുന്നു. സർക്കാർ ഉൾപ്പെടുന്ന കേസുകളിൽ കോടതി മുമ്പാകെ സർക്കാർ ഉദ്യോഗസ്ഥർ ഹാജരാകേണ്ട സംഗതിയിൽ ഒരു മാർഗ്ഗരേഖ ഉണ്ടാക്കുന്നതിനായി സോളിസിറ്റർ ജനറൽ തുഷാർ മെഹ്ത്ത കോടതിയോട് അഭ്യർത്ഥിച്ചു. ഇതിനായി കേന്ദ്രം ഒരു കരട് SOP (Standard Operating Procedure) തയ്യാറാക്കിയിട്ടുണ്ട് എന്നും അദ്ദേഹം പറഞ്ഞു.




- നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്റ്റ് പ്രകാരം ഒഴിവു പ്രഖ്യാപിച്ചു എന്നതിന്റെ അർത്ഥം
  - ആ നിയമപ്രകാരം ബാങ്കിന് അവധി പ്രഖ്യാപിച്ചു.
- A Judge's Miscellany എന്ന പുസ്തകത്തിന്റെ രചയിതാവ്
  - ജസ്റ്റിസ്. എം ഹിദായത്തുള്ള
- ഗണപതി ഭഗവാനെ സംബന്ധിക്കുന്ന ഏതു കേസാണ്  സുപ്രീംകോടതി വരെ എത്തിയത്
  - എസ്. വീരഭദ്രൻ ചെട്ടിയാർ v. ഇ. വി. രാമസ്വാമി നായ്ക്കർ [AIR 1958 SC 1032]
- Sarda Actന്റെ മറ്റൊരു പേരെന്ത്
  - ശൈശവവിവാഹ നിരോധന നിയമം
- സുപ്രീംകോടതി ഉദ്ഘാടനം ചെയ്യപ്പെട്ട ദിവസം
  - 28/01/1950
- ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് എത്രവർഷം വരെ തടവ് നൽകാവുന്ന കേസുകൾ വിചാരണ ചെയ്യാൻ സാധിക്കും
  - 7 വർഷം
- ഏറ്റവും കൂടുതൽ ജില്ലാ കോടതികളുള്ള ഇന്ത്യൻ സംസ്ഥാനം
  - ഉത്തർപ്രദേശ്

| | |
|---|---|
| ● പാപ്പരായ ഒരാൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ സാധിക്കുമോ | ▸ ഇല്ല |
| ● കോടതികൾക്ക് നിയമം ഭേദഗതി ചെയ്യുവാൻ അധികാരമുണ്ടോ | ▸ ഇല്ല |
| ● ഹൈക്കോടതിയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന ആൾ | ▸ രജിസ്ട്രാർ |
| ● സുപ്രീംകോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം | ▸ 65 വയസ്സ് |
| ● സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ചീഫ് ജസ്റ്റിസ് | ▸ ജസ്റ്റിസ് ഹരിലാൽ ജഗിസുൻദാസ് കാനിയ |
| ● ഇന്ത്യൻ പ്രസിഡന്റിനെതിരെ മാൻഡാമസ് റിട്ട് പുറപ്പെടുവിക്കാൻ സാധിക്കുമോ | ▸ ഇല്ല |
| ● എഴുതപ്പെടാത്ത ഭരണഘടനയുള്ള ഒരു രാജ്യം | ▸ ഇംഗ്ലണ്ട് |
| ● ഇന്ത്യയിലെ ആദ്യത്തെ വനിത അഭിഭാഷക | ▸ കൊണേലിയ സൊറോബ്ജി |
| ● സംശയത്തിന്റെ അടിസ്ഥാനത്തിൽ ഒരാളെ പോലീസ് സ്റ്റേഷനിൽ എത്ര മണിക്കൂർ വരെ കസ്റ്റഡിയിൽ വെക്കാം | ▸ 24 മണിക്കൂർ |
| ● "Law versus Justice' എന്ന പുസ്തകത്തിന്റെ രചയിതാവ് | ▸ ജസ്റ്റിസ്. വി. ആർ. കൃഷ്ണയ്യർ |
| ● സംസ്ഥാന സർക്കാരിന് നിയമോപദേശം നൽകുന്നത് | ▸ അഡ്വക്കേറ്റ് ജനറൽ |
| ● ആൻഡമാൻ നിക്കോബാർ ദ്വീപുകൾ ഏതു ഹൈക്കോടതിയുടെ അധികാര പരിധിയിലാണ് | ▸ കൊൽക്കത്ത ഹൈക്കോടതി |

- ഇന്ത്യൻ തെളിവു നിയമത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്ന ആൾ
  - ജയിംസ് സ്റ്റീഫൻ
- ദയാവധം ഇംഗ്ലീഷിൽ അറിയപ്പെടുന്നത്
  - Euthanasia
- സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ നിയമമന്ത്രി
  - ഡോ. ബി. ആർ. അംബേദ്കർ
- ഭരണഘടനാബഞ്ചിലെ ജഡ്ജിമാരുടെ എണ്ണം
  - 5
- ഇതുവരെ രൂപീകൃതമായതിൽ എറ്റവും വലിയ സുപ്രീംകോടതി ബെഞ്ച്
  - 13 അംഗ ബഞ്ച് (കേശവാനന്ദ ഭാരതി v. കേരള സംസ്ഥാനം) [AIR 1973 SC 1461]
- കൈവിലങ്ങിടുന്നതിനെതിരെയുള്ള സംരക്ഷണവുമായി ബന്ധപ്പെട്ട കേസ്
  - പ്രേംശങ്കർ v. ഡൽഹി ഭരണകൂടം (AIR 1980 SC 1535)
- അനുച്ഛേദം 19(1)ന്റെ കീഴിൽ വരുന്ന 'ഹിക്ക്ലിൻ ടെസ്റ്റ്' എന്തുമായി ബന്ധപ്പെട്ടതാണ്
  - സഭ്യതയും സദാചാരവും (റജീന v. ഹിക്ക്ലിൻ) [3 Q.B. 360 (1868)]
- ജുഡിഷ്യൽ റിവ്യൂ എന്ന ആശയം അവതരിപ്പിച്ച ആദ്യത്തെ കേസ്
  - മാർബറി v. മാഡിസൺ (5 U.S. 1 Cranch 137)
- Amicus curiae എന്നതിന്റെ അർത്ഥം
  - കോടതിയുടെ സുഹൃത്ത്



## പതിനഞ്ചാം കേരളനിയമസഭയുടെ 8-ഉം 9-ഉം സമ്മേളനങ്ങളിൽ അവതരിപ്പിച്ച ബില്ലുകളും അവയിൽ ആക്റ്റ് ആയവയും

### പതിനഞ്ചാം കേരളനിയമസഭയുടെ 8-ാം സമ്മേളനത്തിൽ അവതരിപ്പിച്ച ബില്ലുകൾ

1. 2023-ലെ കേരള ധനകാര്യ ബിൽ
2. 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ
3. 2023-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ
4. 2023-ലെ കേരള ധനവിനിയോഗ ബിൽ
5. 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി)ബിൽ
6. 2022-ലെ കേരള മുൻസിപ്പാലിറ്റി (ഭേദഗതി)ബിൽ
7. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ
8. 2023-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

### പതിനഞ്ചാം കേരളനിയമസഭയുടെ 8-ാം സമ്മേളനത്തിൽ അവതരിപ്പിച്ച ബില്ലുകളിൽ ആക്റ്റ് ആയവ

1. 2023-ലെ കേരള ധനവിനിയോഗ ആക്റ്റ് (2023-ലെ 13-ാം ആക്റ്റ്)
2. 2023-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ് (2023-ലെ 16-ാം ആക്റ്റ്)
3. 2023-ലെ കേരള ധനകാര്യ ആക്റ്റ് (2023-ലെ 17-ാം ആക്റ്റ്)
4. 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ ) ആക്റ്റ് (2023-ലെ 18-ാം ആക്റ്റ്)
5. 2023-ലെ കേരള മുൻസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023-ലെ 19-ാം ആക്റ്റ്)

6. 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (2023-ലെ 20-ാം ആക്റ്റ്)
7 2023-ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ആക്റ്റ് (2023-ലെ 21-ാം ആക്റ്റ്)

**പതിനഞ്ചാം കേരളനിയമസഭയുടെ 9-ാംസമ്മേളനത്തിൽ അവതരിപ്പിച്ച ബില്ലുകൾ**

1. 2022 ലെ ശ്രീ. പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ
2. 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ
3. 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ
4. 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ
5. 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും(അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ
6. 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ ) രണ്ടാം ഭേദഗതി ബിൽ
7. 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ
8. 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യമെഡിക്കൽ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ
9. 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ
10. 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ഭേദഗതി ബിൽ
11. 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ
12. 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി)ബിൽ
13. 2023-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായവേതനം നൽകൽ (ഭേദഗതി)ബിൽ

**പതിനഞ്ചാം കേരളനിയമസഭയുടെ 9-ാംസമ്മേളനത്തിൽ അവതരിപ്പിച്ച ബില്ലുകളിൽ ആക്റ്റ് ആയവ**

1. 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ആക്റ്റ് (2023-ലെ 22-ാം ആക്റ്റ്)
2. 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ആക്റ്റ് (2023-ലെ 23-ാം ആക്റ്റ്)
3. 2023-ലെ ശ്രീപണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ആക്റ്റ് (2023 ലെ 24-ാം ആക്റ്റ്)



# നിയമവകുപ്പ് വാർത്തകൾ

### ഇൻഹൗസ് ട്രെയിനിംഗ് ആന്റ് അദർ ട്രെയിനിംഗ്

നിയമവകുപ്പിലെ ഇൻഹൗസ് ട്രെയിനിംഗ് ആന്റ് അദർ ട്രെയിനിംഗിന്റെ 2023-24 വർഷത്തെ പരിശീലനങ്ങളുടെ ഉദ്ഘാടനചടങ്ങ് 26.07.2023-ാം തീയതി കെ. ടി. ഡി. സി ഗ്രാന്റ് ചൈത്രത്തിൽ വച്ച് നടന്നു. ബഹു. നിയമസെക്രട്ടറി ശ്രീ. വി. ഹരിനായർ അധ്യക്ഷനായ ചടങ്ങ് ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. മുൻ നിയമസഭാ സെക്രട്ടറിയും നുവാൾസ് മുൻ വൈസ് ചാൻസലറുമായ ഡോ. എൻ. കെ. ജയകുമാർ '**നിയമവാഴ്ചയും സദ്ഭരണവും**' എന്ന വിഷയത്തിൽ സംസാരിച്ചു.

നിയമവകുപ്പിലെ ഇൻഹൗസ് ട്രെയിനിംഗ് ആന്റ് അദർ ട്രെയിനിംഗിന്റെ ഭാഗമായി ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്കും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർക്കും 19.08.2023-ാം തീയതിയിൽ കെ.ടി.ഡി.സി. ഗ്രാന്റ് ചൈത്രത്തിൽ വച്ച് പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. ബഹു. ജില്ലാ ജഡ്ജി ശ്രീ. ശ്രീരാജ് എസ്. '**ഇന്ത്യൻ തെളിവ് നിയമം**' എന്ന വിഷയത്തിലും ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവ. പ്ലീഡർ അഡ്വ. നാഗരാജ് നാരായണൻ "1978-ലെ സർക്കാർ അഭിഭാഷകരുടെ (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും" ചട്ടത്തിനെ അധികരിച്ചും ക്ലാസ്സുകൾ എടുത്തു.



## സ്ഥാനമൊഴിഞ്ഞ നിയമസെക്രട്ടറി ശ്രീ. വി. ഹരി നായർക്ക് ഗംഭീരയാത്രയയപ്പ്

രണ്ട് വർഷത്തെ മികച്ച സേവനത്തിന് ശേഷം ശ്രീ. വി. ഹരിനായർ നിയമ സെക്രട്ടറി സ്ഥാനത്തുനിന്നും 2023 ജൂലൈ 31-ന് വിരമിച്ചു. സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽ നടന്ന യാത്രയയപ്പ് സമ്മേളനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ജുഡീഷ്യൽ സർവ്വീസിൽ നിന്നും വന്ന ഹരിനായർക്കു സംസ്ഥാന ഭരണക്രമവുമായി വളരെ പെട്ടെന്ന് തന്നെ ഇഴുകിച്ചേരാൻ കഴിഞ്ഞെന്നു ബഹു. മുഖ്യമന്ത്രി പറഞ്ഞു.




മന്ത്രിയെന്ന നിലയിൽ നിയമസെക്രട്ടറിയുമായി ഒരേ മനസ്സോടെ മുന്നോട്ടു പോകാൻ കഴിഞ്ഞെന്നു ചടങ്ങിൽ അധ്യക്ഷനായ ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ.കെ. രാജൻ, ചീഫ് സെക്രട്ടറി ഡോ. വി. വേണു. ഐ.എ എസ് എന്നിവർ ആശംസകൾ നേർന്നു. അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. എൻ ജീവൻ ചടങ്ങിന് സ്വാഗതം

പറഞ്ഞു. പുതുതായി ചുമതലയേറ്റ നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽകുമാറും യോഗത്തിൽ പങ്കെടുത്തു. ശ്രീ. വി. ഹരിനായർ മറുപടി പ്രസംഗം നടത്തി. ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ശ്രീജ. ഡി.കെ കൃതജ്ഞത അറിയിച്ചു. ശ്രീ. വി. ഹരിനായർക്ക് യാത്രയയപ്പ് നൽകാനും സൗഹൃദം പങ്കിടാനും ജുഡീഷ്യൽ സർവ്വീസിൽ നിന്നും സെക്രട്ടേറിയറ്റിൽ നിന്നും ഉന്നത ഉദ്യോഗസ്ഥരടക്കം സന്നിഹിതരായിരുന്നു.

ശ്രീ. വി. ഹരിനായർ 1995 -ൽ പത്തനംതിട്ട മുൻസിഫായി ജുഡീഷ്യൽ സർവ്വീസിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. കൊല്ലം എറണാകുളം ജില്ലകളിൽ ജില്ലാ ജഡ്ജി യായിരുന്നു. സി ബി ഐ കോടതിയിലും കുടുംബ കോടതിയിലും ജഡ്ജിയായിരുന്ന അദ്ദേഹം ആലപ്പുഴ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ ജഡ്ജിയായി സേവനമനു ഷ്ഠിക്കുമ്പോഴാണ് നിയമ സെക്രട്ടറിയായി നിയമിക്കപ്പെടുന്നതും തുടർന്ന് 2021 ജൂൺ 16-ന് അദ്ദേഹം നിയമ സെക്രട്ടറിയായി ചുമതലയേറ്റതും.

**പാർലമെന്റിനേക്കാൾ ഇന്ത്യൻ ഭരണഘടനയെ സംരക്ഷിച്ച് നിലനിർത്തിയത് ജുഡീഷ്യറി : മന്ത്രി ശ്രീ. പി.രാജീവ്**

പാർലമെന്റിനേക്കാൾ ഇന്ത്യൻ ഭരണഘടനയെ സംരക്ഷിച്ച് നിലനിർത്തിയത് ജുഡീഷ്യറിയാണെന്ന് നിയമമന്ത്രി ശ്രീ. പി. രാജീവ് അഭിപ്രായപ്പെട്ടു. വിഖ്യാതമായ കേശവാനന്ദഭാരതി കേസിലെ സുപ്രീംകോടതി വിധി 50 വർഷം പിന്നിടുന്ന വേളയിൽ വിധിയുടെ കാലികപ്രസക്തിയെക്കുറിച്ച് സംസ്ഥാന നിയമ(ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ)വകുപ്പ് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുക യായിരുന്നു അദ്ദേഹം. കേശവാനന്ദഭാരതി കേസിലെ സുപ്രീംകോടതി വിധി ഇന്ത്യൻ നീതിന്യായചരിത്രത്തിലെ നാഴികകല്ലാണെന്നും മതനിരപേക്ഷത, പാർലമെന്ററി ജനാധിപത്യം, നിയമവാഴ്ച തുടങ്ങിയ മൂല്യങ്ങളെ ഇന്ത്യൻഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളായി നിലനിർത്താനും സംരക്ഷിക്കാനും കഴിഞ്ഞത് കേശവാനന്ദഭാരതി കേസിലെ സുപ്രീം കോടതി യുടെ മഹത്തായ വിധിയിലൂടെയാണെന്നും മന്ത്രി പറഞ്ഞു.



2023 ഒക്ടോബർ 11-ന് സെക്രട്ടേറിയറ്റ് അനക്സിലെ ശ്രുതിഹാളിൽ നടന്ന പരിപാടിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചെയർമാൻ




'കേശവാനന്ദഭാരതി കേസ് വിധി- 50 വർഷം പിന്നിടുമ്പോൾ' എന്ന വിഷയത്തിൽ സംസ്ഥാന നിയമവകുപ്പ് സംഘടിപ്പിച്ച സെമിനാർ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു

ജസ്റ്റിസ് ശ്രീ. സി. കെ. അബ്ദുൾ റഹീം വിഷയം അവതരിപ്പിച്ച് മുഖ്യപ്രഭാഷണം നടത്തി. കേശവാനന്ദഭാരതി കേസിലെ സുപ്രീം കോടതി വിധിയും വിധിയിലേക്ക് നയിച്ച് സാഹചര്യങ്ങളും പിൽക്കാല ഇന്ത്യൻ ജുഡീഷ്യൽ ചരിത്രത്തിൽ അതിന്റെ പ്രഭാവവും പ്രതിഫലനങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടി. നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. എൻ. ജീവൻ സ്വാഗതവും നിയമ (ഔദ്യോഗികഭാഷ–പ്രസിദ്ധീകരണ സെൽ) വകുപ്പ് അഡീഷണൽ നിയമസെക്രട്ടറി ശ്രീമതി എൻ. ജ്യോതി കൃതജ്ഞതയും അറിയിച്ചു.

## ശ്രീ. കെ. ജി. സനൽ കുമാർ നിയമസെക്രട്ടറിയായി ചുമതലയേറ്റു.



സംസ്ഥാനത്തെ പുതിയ നിയമസെക്രട്ടറിയായി ശ്രീ. കെ. ജി. സനൽ കുമാർ 2023 ഓഗസ്റ്റ് 1-ന് ചുമതലയേറ്റു. ബഹു. കേരള ഹൈക്കോടതി നിർദ്ദേശിച്ച അഞ്ച് ജഡ്ജിമാരുടെ പാനലിൽ നിന്നാണ് സംസ്ഥാന സർക്കാർ അദ്ദേഹത്തെ തെരഞ്ഞെടുത്തത്.

1989 ഡിസംബറിൽ അഭിഭാഷകനായി എൻറോൾ ചെയ്ത അദ്ദേഹം തിരുവനന്തപുരം ജില്ലാ കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തുവരവെ 1998-ൽ വൈക്കം മുൻസിഫായാണ് ജുഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ചത്. 2011-ൽ സബ് ജഡ്ജഡിയായും 2015-ൽ ജില്ലാ ജഡ്ജിയായും

സ്ഥാനക്കയറ്റം ലഭിച്ചു. ചവറ കുടുംബ കോടതി ജഡ്ജിയായിരിക്കുമ്പോഴാണ് അദ്ദേഹത്തിന് നിയമ സെക്രട്ടറിയായുള്ള പുതിയ നിയമനം ലഭിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ പേട്ട സ്വദേശിയാണ്. നിയമസെക്രട്ടറിയായിരുന്ന ശ്രീ. വി. ഹരി നായർ ജൂലൈ 31-ന് വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവാലാണ് ശ്രീ. കെ. ജി. സനൽ കുമാറിന്റെ നിയമനം.

## ഭൂരിപക്ഷത്തിനും മനസിലാകുന്ന ഭാഷാ പ്രയോഗങ്ങൾ നിയമഭാഷയിലും വേണം: മന്ത്രി പി. രാജീവ്

ഭൂരിപക്ഷം ജനങ്ങൾക്കും മനസിലാകുന്ന ഭാഷാ പ്രയോഗങ്ങൾ നിയമ ഭാഷയിലും വേണമെന്നു ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്. നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷ ത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

നിയമഭാഷ സാധാരണക്കാരൻ മനസിലാകേണ്ടതില്ലെന്ന കാഴ്ചപ്പാടായിരുന്നു കൊളോണിയൽ കാലത്തുണ്ടായിരുന്നതെന്നു മന്ത്രി ചൂണ്ടിക്കാട്ടി. നിയമം നടപ്പാക്കു ന്നവർ മാത്രം അവ മനസിലാക്കിയാൽ മതിയെന്നായിരുന്നു അന്നത്തെ രീതി. ജനാധിപത്യത്തിൽ അതിനു ചേരുന്ന നിയമഭാഷയാണുണ്ടാകേണ്ടത്. ഇതിനുള്ള ശ്രമങ്ങൾ നിയമനിർമാണതലങ്ങളിലുണ്ടാകണം. നിയമ ഉദ്യോഗസ്ഥർക്ക് ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകണമെന്നും മന്ത്രി പറഞ്ഞു.



2023 നവംബർ 6 തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് സെക്രട്ടേറിയറ്റ് അനക്സിലെ ശ്രുതി ഹാളിൽ നടന്ന ചടങ്ങിൽ നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ അധ്യക്ഷത വഹിച്ചു. മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും ഭാഗമായി നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പ് സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി സംഘടിപ്പിച്ച സർക്കാർ ഉത്തരവ് തയ്യാറാക്കൽ, വിധിന്യായത്തിന്റെ പരിഭാഷ തയ്യാറാക്കൽ, ഉപന്യാസ രചന എന്നീ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങളും മന്ത്രി വിതരണം ചെയ്തു. കേരള സർവകലാശാല മലയാള വിഭാഗം പ്രൊഫസർ ഡോ. എം. എ. സിദ്ദീഖ് മുഖ്യപ്രഭാഷണം നടത്തി. അഡിഷണൽ നിയമസെക്രട്ടറി ശ്രീമതി. എൻ. ജ്യോതി, ജോയിന്റ് സെക്രട്ടറി ശ്രീ. കെ. പ്രസാദ് എന്നിവരും പങ്കെടുത്തു.

disclaimer നിരാകരണം

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ ഔദ്യോഗിക അഭിപ്രായങ്ങളല്ല. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്, അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

പത്രാധിപസമിതി




നിയമ (ഔദ്യോഗികഭാഷ – പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച **മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും** ഉദ്ഘാടനം **ബഹു. നിയമം വ്യവസായം കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്** നിർവഹിച്ചു.















സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി സംഘടിപ്പിച്ച സർക്കാർ ഉത്തരവ് തയ്യാറാക്കൽ, വിധിന്യായത്തിന്റെ പരിഭാഷ തയ്യാറാക്കൽ, ഉപന്യാസ രചന എന്നീ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ ബഹു. നിയമം വ്യവസായം കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് വിതരണം ചെയ്തു.

**RNI REG. No. KERMAL/2017/74542**

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 07
ഇഷ്യൂ 02

DATE OF PUBLICATION
28/11/2023



Printed by Veeran. T the Superintendent of Government Presses, Thiruvananthapuram
Published by K. G. Sanal Kumar, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Central Press, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: K. G. Sanal Kumar